സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്യൂണിസ്റ്റ്)
SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജനുവരി 2021 വാല്യം 47 ലക്കം 10
പേജ് 16 വില 5.00 രൂപ
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

# യൂണിറ്റി



## എല്ലാ വീഥികളും ഡൽഹിയിലേയ്ക്ക്...

### കാർഷിക കരിനിയമങ്ങൾക്കും വൈദ്യുതി(ഭേദഗതി) ബിൽ 2020നും എതിരെ

# ഇതിഹാസം രചിച്ച് കർഷക പ്രക്ഷോഭം

**തലസ്ഥാന നഗരമായ ഡൽഹിക്ക് ചുറ്റുമുള്ള വീഥികളാകെ അതിശക്തമായ കർഷകപ്രക്ഷോഭത്തിന്റെ പ്രവാഹത്താൽ നിറഞ്ഞുകവിയുകയാണ്. അഭൂതപൂർവ്വമായൊരു മാനം കൈവരിച്ച ഈ പ്രക്ഷോഭം അടങ്ങാത്ത ആവേശവും ഒടുങ്ങാത്ത പോരാട്ടവീര്യവും പ്രദർശിപ്പിച്ചുകൊണ്ട് മുന്നേറുകയാണ്.**

**ഫാ**മേഴ്സ് പ്രൊഡ്യൂസ് ട്രേഡ് ആൻഡ് കൊമേഴ്സ് (പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ), ഫാർമേഴ്സ് (എംപവർമെന്റ് ആന്റ് പ്രൊട്ടക്ഷൻ)എഗ്രിമെൻറ്ഓൺപ്രൈസ് അഷ്വറൻസ് ആന്റ് ഫാം സർവീസസ്, എസെൻഷ്യൽ കമ്മോഡിറ്റീസ്(അമെന്റ്മെന്റ്) ആക്ട് എന്നീ കാർഷിക കരിനിയമങ്ങളും വൈദ്യുതി ബിൽ(ഭേദഗതി) 2020ഉം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കർഷകർ ഐതിഹാസികമായ പ്രക്ഷോഭം നയിക്കുന്നത്.

'ഞങ്ങൾ ആത്മഹത്യ ചെയ്യേണ്ടിവരുമെന്നുറപ്പാണ്! പിന്നെ കൊറോണയെ പേടിക്കുന്നതെന്തിന്! ഞങ്ങൾ സമരം തുടരുക തന്നെ ചെയ്യും' – സമരം ചെയ്യുന്ന കർഷകരുടെ ഈ വാക്കുകളിൽ നിശ്ചയദാർഢ്യം പ്രകടമായിരുന്നു. ഡൽഹിക്കുചുറ്റുമുള്ള തെരുവുകളിലാകെ തടിച്ചുകൂടിയിരിക്കുന്ന ലക്ഷക്കണക്കിന് കർഷകർ ഡിമാന്റുകൾ നേടാതെ പിൻവാങ്ങില്ല എന്ന ഉറച്ച തീരുമാനത്തിലാണ്. ഉല്പന്നങ്ങൾക്ക് പ്രതിഫലദായകമായ വിലകിട്ടാതെ തകർച്ചയെ നേരിടുകയാണ് കർഷകർ. കൃഷിച്ചെലവാകട്ടെ അനുദിനം കുതിച്ചുയരുകയും ചെയ്യുന്നു. ഈ യാതനകൾക്കിടയിലാണ് കാർഷിക മേഖലയിൽ മൂന്ന് കരിനിയമങ്ങളും വൈദ്യുതി ഭേദഗതിബില്ലും കേന്ദ്രഗവണ്മെന്റ് കൊണ്ടുവരുന്നത്. ഇതോടെ രോഷാകുലരായ കർഷകർ സംഘടിത മുന്നേറ്റത്തിന്റെ കരുത്ത് ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്താൻ തുനിഞ്ഞിറങ്ങുകയായിരുന്നു. പകർച്ചവ്യാധി പടർന്നുപിടിച്ച സാഹചര്യം ഉപയോഗപ്പെടുത്തിയാണ് ബിജെപി നയിക്കുന്ന സ്വേച്ഛാധിപത്യ ഗവണ്മെന്റ് ഈ കരിനിയമങ്ങൾ പാർലമെന്റിനെ മറികടന്ന് ഓർഡിനൻസ് ആയി ഇറക്കിയത്. കർഷകരുമായി ഈ വിഷയം ചർച്ച ചെയ്യണമെന്നോ സാധാരണക്കാരുടെ അഭിപ്രായം ആരായണമെന്നോ ഗവണ്മെന്റിന് തോന്നിയതേയില്ല. ബഹുരാഷ്ട്ര കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും കാർഷികമേഖല തുറന്നുകൊടുക്കാൻ വേണ്ടിയാണ് കാർഷികരംഗത്ത്




പൊരുതുന്ന കർഷകർക്ക് ഐക്യദാർഢ്യവുമായി എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 11ന് നടന്ന രാജ്ഭവൻ മാർച്ച്

കാതലായ മാറ്റം വരുത്തുന്ന ഈ നിയമങ്ങൾ ഏകപക്ഷീയമായും തന്നിഷ്ടപ്രകാരവും അടിച്ചേൽപിക്കാൻ ഗവണ്മെന്റ് തുനിഞ്ഞത്. ഈ നിയമം നടപ്പാക്കുന്നതോടെ കുത്തക ഭീമന്മാരുടെ കൊള്ളയ്ക്കിരയായി കർഷകരും കർഷകതൊഴിലാളികളും കൂടുതൽ യാതനാപൂർണമായ സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടിവരും. മുതലാളിത്ത ചൂഷണം നടമാടുന്ന ഗ്രാമീണ സമ്പദ്ഘടനയിൽ ഈ വമ്പന്മാർ പിടിമുറുക്കുന്നതോടെ കർഷകരുടെ ജീവിതമാർഗംതന്നെ അടഞ്ഞുപോകുന്ന സ്ഥിതിയുണ്ടാകും. എന്നാൽ ഈ നിയമങ്ങൾ കർഷകർക്ക് കൂടുതൽ 'ആനുകൂല്യങ്ങളും സന്തോഷവും' പ്രദാനം ചെയ്യുമെന്ന പ്രചാരണം കൊണ്ടുപിടിച്ചുനടത്തുകയാണ് ഗവണ്മെന്റ്. കർഷകരുടെ എതിർപ്പുകളെ അവഗണിച്ച് ഈ കരിനിയമങ്ങൾ അടിച്ചേൽപിക്കാൻ തന്നെയാണ് ഗവണ്മെന്റിന്റെ തീരുമാനം. മറുവശത്ത്, കർഷകരാകട്ടെ, ഈ മൂന്ന് കാർഷികനിയമങ്ങളും വൈദ്യുതി(ഭേദഗതി) നിയമവും നിരുപാധികം പിൻവലിക്കണമെന്ന ഉറച്ച നിലപാടിലുമാണ്. വൈദ്യുതി സബ്സിഡി വെട്ടിക്കുറയ്ക്കാനും കൂടുതൽ സ്വകാര്യവൽക്കരണം നടപ്പാക്കാനുമുദ്ദേശിച്ചുള്ളതാണ് വൈദ്യുതി(ഭേദഗതി) നിയമം 2020.

## സമരം രൂപപ്പെട്ടുവന്നതെങ്ങനെ

കർഷകപ്രക്ഷോഭം ആരംഭിക്കുന്നത് പഞ്ചാബിലാണ്. ധർണയും മറ്റുമായാണ് സമരം തുടങ്ങുന്നത്. കേന്ദ്രഗവണ്മെന്റ് ഇത് ഗൗനിച്ചതേയില്ല. ഇതിൽ രോഷം കൊണ്ട കർഷകർ ഉത്തരേന്ത്യ

(ശേഷം 2–ാം പേജിൽ)

പേജ് 3
പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലം വിലയിരുത്തൽ

പേജ് 11
സോവിയറ്റ് യൂണിയൻ മഹാമാരികളെ നേരിട്ടതെങ്ങനെ?

പേജ് 14
പെട്രോളിയം മേഖല കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുന്നു

ചലോ ഡൽഹി

# കരിനിയമങ്ങൾ ലക്ഷ്യംവയ്ക്കുന്നത് കാർഷിക മേഖലയുടെ സമ്പൂർണ സ്വകാര്യവത്കരണം

(1–ാം പേജിൽ നിന്ന്)

യിലാകെ സമരത്തിന് ഐക്യദാർഢ്യവുമായി മുന്നോട്ടുവന്നു. തുടർന്ന് രാജ്യമാകെ ഈ സമരം പടർന്നുപിടിച്ചു. സമരത്തെ നയിക്കാനായി 250 കർഷകസംഘടനകളുടെ ഒരു യോജിച്ച സമരസമിതി രൂപീകരിക്കപ്പെട്ടു. സർക്കാരിന് ഇളക്കമില്ലെന്ന് കണ്ടതോടെ സെപ്തംബർ 25ന് അഖിലേന്ത്യാതലത്തിൽ ഗ്രാമീണമേഖലയിൽ പൊതുപണിമുടക്ക് ആഹ്വാനം ചെയ്യപ്പെട്ടു. തൊഴിലാളികളും മറ്റ് അദ്ധ്വാനിച്ചുജീവിക്കുന്ന വിഭാഗങ്ങളും ഇതിന് ഉറച്ച പിന്തുണ നൽകി. പണിമുടക്ക് വൻവിജയമായി. ഗവണ്മെന്റ് മൗനം തുടർന്നപ്പോൾ നവംബർ 26–27ന് പാർലമെന്റ് മാർച്ച് നടത്താൻ സംയുക്ത സമര സമിതി ആഹ്വാനം ചെയ്തു. അമ്പതിനായിരത്തോളം വരുന്ന സ്ത്രീകളടക്കം പ്രായമായവരുൾപ്പെടെ ലക്ഷക്കണക്കിന് കർഷകർ വീടും വയലുമെല്ലാം ഇട്ടെറിഞ്ഞ് ഡൽഹിയിലേയ്ക്ക് മാർച്ച് ചെയ്തു. മാസങ്ങൾ തങ്ങാനുള്ള തയ്യാറെടുപ്പോടെയാണ് അവർ യാത്ര തിരിച്ചത്. വൃദ്ധരും സ്ത്രീകളും കുട്ടികളുമൊക്കെ നൂറുകണക്കിന് ട്രക്കുകളിലും ട്രാക്ടറുകളിലും, ആരോഗ്യമുള്ളവരെല്ലാം കാൽനടയായും ഡൽഹി ലക്ഷ്യമാക്കി നീങ്ങി. കിരാത നിയമങ്ങൾ പിൻവലിക്കാതെ മടങ്ങില്ല എന്നവർ പ്രഖ്യാപിച്ചു. പഞ്ചാബ്, ഹരിയാന എന്നിവയോടൊപ്പം മദ്ധ്യപ്രദേശ്,ഉത്തർപ്രദേശ്,രാജസ്ഥാൻ, ബീഹാർ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽനിന്നും കർഷകരുടെ പ്രവാഹമുണ്ടായി.

അനേകായിരം വരുന്ന ഈ പോരാളികൾ ഡൽഹിയിലേയ്ക്കുള്ള എല്ലാ റോഡുകളും ഉപരോധിച്ചു. സമരത്തിൽ പങ്കെടുക്കാൻ എല്ലാ ദിവസവും കൂടുതൽ കർഷകർ എത്തിക്കൊണ്ടിരുന്നു. ഭൂരഹിത കർഷകരും കർഷകത്തൊഴിലാളികളുമൊക്കെ ആയിരങ്ങളായി അണിചേർന്നുകൊണ്ടിരുന്നു. ഡിസംബർ 15ന് സമരം 18 ദിവസം പിന്നിട്ടു. വിദ്യാർത്ഥികളും യുവാക്കളും സ്ത്രീകളും തൊഴിലാളികളുമെല്ലാം വലിയ പിന്തുണയാണ് സമരത്തിന് നൽകിയത്. വ്യവസായ ഭീമന്മാരെയും കോർപ്പറേറ്റുകളെയും സേവിക്കാനും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്താൻ അവസരമൊരുക്കാനുമായി കൊണ്ടുവന്ന കരിനിയമങ്ങളുടെ ഗൂഢലക്ഷ്യം തുറന്നുകാണിച്ച കർഷകർ ഒരു പുതിയ മുദ്രാവാക്യം മുന്നോട്ടുവച്ചു. അദാനി–അംബാനിമാരെയും പൂഴ്ത്തിവയ്പുകാരെയും സേവിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം എന്നവർ ഉദ്ഘോഷിച്ചു.

## സമരം അനുദിനം കരുത്താർജിക്കുന്നു

കർഷകർ ഡൽഹിയിലേയ്ക്ക് കടക്കാതിരിക്കാനായി അയൽസംസ്ഥാനങ്ങളിൽനിന്നുള്ള അതിർത്തികളിലൊക്കെ സാദ്ധ്യമായ മുൻകരുതൽ നടപടികൾ ബിജെപി ഗവണ്മെന്റ് കൈക്കൊണ്ടിരുന്നു. കഠിനമായ തണുപ്പിലും കർഷകർക്കുനേരെ ജലപീരങ്കികൾ പ്രയോഗിച്ചു. ടിയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിച്ചു, അനേകം പേരെ മാരകമായി മുറിവേൽപ്പിക്കുംവിധം ലാത്തിച്ചാർജ് നടത്തി. ബാരിക്കേഡ്, കമ്പിവേലി, മണ്ണുനിറച്ച കണ്ടെയ്നറുകൾ, ട്രക്കുകൾ, കിടങ്ങുകൾ, വലിയ പാറകൾ തുടങ്ങിയവയൊക്കെ വഴിതടസ്സപ്പെടുത്താനായി ഉപയോഗിച്ചു. സമാധാനപരമായി മാർച്ചുചെയ്തുവരുന്ന കർഷകരെ തടയാനായി അതിർത്തികൾ അടയ്ക്കുകയും നിരോധനാജ്ഞയും നിശാനിയമവുമൊക്കെ പ്രഖ്യാപിക്കുകയും ചെയ്തു. കർഷകർക്ക് ഭക്ഷണമോ മറ്റോ വിതരണംചെയ്യുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. യുപിയിൽനിന്ന് ഭക്ഷ്യവസ്തുക്കളുമായി ഡൽഹിയിലേയ്ക്ക് തിരിച്ച രണ്ട് ട്രാക്ടർ–ട്രോളികൾ യുപി ഗവണ്മെന്റ് പിൽഭിത്തിൽ തടഞ്ഞു. കൊറോണ വ്യാപന ഭീഷണിയും മാർച്ച് തടയാനായി ഉയർത്തിക്കാണിച്ചു. തികച്ചും ന്യായമായ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടുള്ള ഉജ്ജ്വലമായ ഈ പ്രക്ഷോഭത്തെ നേരിടാനായി ബിജെപിയും അവരുടെ വഴികാട്ടിയായ ആർഎസ്സ്എസ്സും ആവനാഴിയിലുള്ള മുഴുവൻ അസ്ത്രങ്ങളും പ്രയോഗിച്ചു. എല്ലാ അടിച്ചമർത്തൽ നടപടികളും കൈക്കൊള്ളുന്നതോടൊപ്പം വ്യാജ വാർത്തകളും പ്രചരിപ്പിച്ചു, ദുഷ് പ്രചാരണങ്ങൾ നടത്തി, കൂലി യെഴുത്തുകാരെക്കൊണ്ട് ഈ നിയമങ്ങൾ കർഷകർക്ക് ഏറെ ഗുണകരമാണെന്നും അവരുടെ വരുമാനം ഇരട്ടിയാകുമെന്നും പ്രചരിപ്പിച്ചു. ബിജെപിയോട് ഏറെ വിധേയത്വം പുലർത്തുന്ന മാദ്ധ്യമങ്ങൾ ജുഗുപ്സാവഹമാംവിധം സർക്കാരിനെ പ്രകീർത്തിക്കുകയും ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും ചെയ്തു. ഇത്രയൊക്കെ ചെയ്തിട്ടും കർഷകരുടെ സമരവീര്യം കെടുത്താൻ ഗവണ്മെന്റിനായില്ല.

അതിശക്തമായ പ്രക്ഷോഭത്തിന്റെ സമ്മർദ്ദത്താൽ ഒറ്റപ്പെട്ടുപോയ ബിജെപി ഗവണ്മെന്റ് നിയമത്തിൽ ചില നിസ്സാര ഇളവുകൾ വരുത്താമെന്ന് വാക്കാൽ പറഞ്ഞുകൊണ്ട് സമരത്തെ വഴിതെറ്റിക്കാൻ ശ്രമിച്ചു. മന്ത്രിസഭയിലെ രണ്ടാമനായ ആഭ്യന്തര മന്ത്രി അടക്കമുള്ളവരെ കർഷകരുമായി ചർച്ചയ്ക്കായി നിയോഗിക്കുകയായിരുന്നു അടുത്ത നടപടി. തൊലിപ്പുറമേയുള്ള ചില മിനുക്കുപണികൾ നിർദ്ദേശിച്ചുകൊണ്ട് സമരം ഇല്ലാതാക്കാനാണ് അവർ ശ്രമിച്ചത്. എന്നാൽ നിയമങ്ങൾ പിൻവലിക്കുകയെന്നതല്ലാതെ മറ്റൊന്നും തങ്ങൾക്ക് സ്വീകാര്യമല്ലെന്ന നിലപാടിൽ കർഷകർ ഉറച്ചുനിന്നു. കഴമ്പില്ലാത്ത ഭേദഗതി നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞ കർഷകർ ഡിസംബർ 8ന് അഖിലേന്ത്യാ പൊതുപണിമുടക്ക് പ്രഖ്യാപിച്ചുകൊണ്ട് സമരം കൂടുതൽ ശക്തമാക്കി. കഷ്ടിച്ച് 48 മണിക്കൂർ മുമ്പ് പ്രഖ്യാപിച്ച ഈ പണിമുടക്ക് വൻ വിജയമായതിലൂടെ സമരത്തിനുള്ള വമ്പിച്ച ജനപിന്തുണ തെളിയിക്കപ്പെടുകയും ചെയ്തു.




കർഷക പ്രക്ഷോഭത്തിന്റെ പ്രചരണാർത്ഥം സംഘടിപ്പിച്ച ബൈക്ക് റാലി തെക്കൻ ജില്ലകളിലെ പര്യടനത്തിനുശേഷം തിരുവനന്തപുരം നഗരത്തിലൂടെ രാജ്ഭവനിലേക്ക് നീങ്ങുന്നു

നാൾ ചെല്ലുംതോറും സമരത്തിന്റെ തീവ്രതയും അതിലെ പങ്കാളിത്തവും വർദ്ധിച്ചുവന്നു. ഡിസംബർ 16നുപോലും പതിനായിരത്തിലേറെ കർഷകരാണ് പുതുതായി സമര ഭൂമിയിലെത്തിയത്. സിംഘു, തിക്രി, ഗാസിപ്പൂർ, പൽവാൽ തുടങ്ങി ഡൽഹിയിലേയ്ക്കുള്ള പ്രവേശന കവാടങ്ങളിലെല്ലാം ദേശീയ പാതകളിൽ കർഷകർ വൻതോതിൽ തമ്പടിച്ചു. എക്സ്പ്രസ് ഹൈവേയും ഇതിൽ ഉൾപ്പെടും. രാജസ്ഥാനിൽനിന്നുള്ള കർഷകർ 1000 പശുക്കളുമായാണ് യാത്ര തിരിച്ചത്. സമരക്കാർ തലസ്ഥാനം പിടിച്ചെടുത്തു എന്നുതന്നെ പറയാം. ഡിസംബർ 14ന് കളക്ടർമാരുടെ വസതികൾക്കും ബിജെപി നേതാക്കളുടെ ഭവനങ്ങൾക്കും അംബാനി–അദാനിമാരുടെ ടോൾ പ്ലാസകൾക്കും മുന്നിൽ ധർണനടത്തി. രാവിലെ 8 മുതൽ വൈകിട്ട് 5വരെ സമര നേതാക്കൾ ഉപവസിച്ചു. പ്രമുഖ ബുദ്ധിജീവികൾ, മനുഷ്യാവകാശ പ്രവർത്തകർ, വിവിധ സംഘടനാ നേതാക്കൾ എന്നിവരൊക്കെ സമരത്തിന് ഹൃദയംഗമമായ പിന്തുണ പ്രഖ്യാപിച്ചു. കവികൾ, കായികതാരങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവരൊക്കെ ഈ കരിനിയമങ്ങളിലും സമരത്തെ അമർച്ച ചെയ്യുന്നതിലും പ്രതിഷേധിച്ചുകൊണ്ട് അവർക്ക് ലഭിച്ച ബഹുമതികൾ ഗവണ്മെന്റിന് തിരിച്ചുനൽകി. കൃഷിക്കാരായ മുൻ സൈനികർ ധീരതയ്ക്ക് ലഭിച്ച 5000 മെഡലുകളാണ് തിരിച്ചുനൽകാനായി സിംഘു അതിർത്തിയിൽ ശേഖരിച്ചത്. അത് തുടരുകയാണ്. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള പ്രമുഖ വ്യക്തിത്വങ്ങൾ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾ വാഹനങ്ങളിൽ ഭക്ഷണവും മറ്റും കൊണ്ടുവന്ന് സമരക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. ചില സന്നദ്ധ സംഘടന

(ശേഷം 6–ാം പേജിൽ)




കർഷകദ്രോഹ നയങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന രാജ്ഭവൻ മാർച്ച് എഐകെകെഎംഎസ് മധ്യപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് മനീഷ് ശ്രീവാസ്തവ ഉദ്ഘാടനം ചെയ്യുന്നു

## കർഷകദ്രോഹ നയങ്ങൾ പിൻവലിക്കുക: രാജ്ഭവനിലേക്ക് ബഹുജന മാർച്ച്

**ക**ർഷകദ്രോഹ നയങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡിസംബർ 11ന് രാജ്ഭവനിലേയ്ക്ക് മാർച്ച് നടന്നു. എഐകെകെഎംഎസ് മധ്യപ്രദേശ് സംസ്ഥാനസെക്രട്ടറിയും ഡൽഹിയിലെ സമരനേതാക്കളിലൊരാളുമായ സഖാവ് മനീഷ് ശ്രീവാസ്തവ മാർച്ച് ഉദ്ഘാടനം ചെയ്തു.

കർഷകപ്രക്ഷോഭത്തെ അടിച്ചമർത്താമെന്നത് കേന്ദ്രസർക്കാരിന്റെ വ്യാമോഹം മാത്രമാണെന്നും കർഷകസമരം ചരിത്രവിജയം നേടുമെന്നും മനീഷ് ശ്രീവാസ്തവ പറഞ്ഞു. കർഷകരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് പകരം സമരം ചെയ്യാനെത്തിയവരെ ഡൽഹിയിൽ നിന്ന് 200 കിലോമീറ്റർ അകലെവച്ച് തടയുകയാണ് യു.പിയിലെ ബി.ജെ.പി സർക്കാർ ചെയ്തത്. രാജ്യത്തെ ലക്ഷക്കണക്കിന് കർഷകർ സമരം ചെയ്യുമ്പോൾ അവരെ ഖാലിസ്ഥാനികൾ എന്ന് വിളിച്ച് അധിക്ഷേപിക്കാനും പോലീസിനെ ഉപയോഗിച്ച് തകർക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സമരം രാജ്യത്തിന് അന്നം നൽകുന്ന കർഷകരെ രക്ഷിക്കാനുള്ള സമരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

രാജ്ഭവന് വളരെ അകലെ വച്ചുതന്നെ മാർച്ച് തടഞ്ഞ പോലീസ് നടപടിയെ പാർട്ടി നേതാക്കൾ അപലപിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം ആർ.കുമാർ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടേറിയറ്റംഗങ്ങളായ ജയ്സൺ ജോസഫ്, ടി.കെ സുധീർകുമാർ, എസ്.രാജീവൻ എന്നിവർ സംസാരിച്ചു. വിവിധ ജില്ലകളിൽ നിന്നുള്ള പാർട്ടി പ്രവർത്തകരും കർഷക സംഘടനാ നേതാക്കളും രാജ്ഭവൻ മാർച്ചിൽ പങ്കെടുത്തു.

രാജ്ഭവൻ മാർച്ചിന് മുന്നോടിയായി നടന്ന ബൈക്ക് റാലികൾ ആലപ്പുഴ ജില്ലയിൽ അരൂരിൽനിന്നും പത്തനംതിട്ടജില്ലയിൽ തിരുവല്ലയിൽനിന്നും ആരംഭിച്ചു. റാലികൾ യഥാക്രമം സഖാക്കൾ ടി.കെ.സുധീർകുമാർ, എസ്.രാജീവൻ എന്നിവർ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണയോഗങ്ങൾ നടന്നു. ■

# പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലം: എൽഡിഎഫിന്റേത് ഇടത് രാഷ്ട്രീയത്തിന്റെ വിജയമല്ല

**കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020 ഡിസംബർ 8,10,14 തീയതികളിലായി നടന്ന തെരഞ്ഞെടുപ്പിൽ എൽഡിഎഫ് മേൽക്കൈ നേടുകയുണ്ടായി. കോവിഡ് മഹാമാരി സൃഷ്ടിച്ച വിവരണാതീതമായ സാമ്പത്തിക ക്ലേശങ്ങളിൽ ജനങ്ങൾ നിസ്സഹായമായി വലയുമ്പോഴാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇതിനുമുമ്പ് ഒരിക്കലും ദർശിച്ചിട്ടില്ലാത്തവിധം പണം കുത്തിയൊഴുക്കിയുള്ള തെരഞ്ഞെടുപ്പ് പ്രചാരണം നടന്നത്. ദുരിതം നിറഞ്ഞ ഈ സാമൂഹ്യസാഹചര്യം ഒരു രാഷ്ട്രീയകക്ഷിക്കും പരിഗണനാവിഷയമായില്ല.**

**വോ**ട്ടെണ്ണലിനുശേഷവും അദ്ധ്യക്ഷന്മാരുടെ തെരഞ്ഞെടുപ്പിലും രാഷ്ട്രീയ സദാചാരത്തിന് തരിമ്പും നിരക്കാത്ത മാർഗ്ഗങ്ങളിലൂടെ എൽഡിഎഫ് നേട്ടം കൊയ്തു. തെരഞ്ഞെടുപ്പിന്റെ ഫലം സംസ്ഥാനത്തു ഭരണം നടത്തുന്ന ഇടതുമുന്നണിയുടെ നയങ്ങൾക്കുള്ള ജനങ്ങളുടെ അംഗീകാരമാണെന്നും സർക്കാരിനെതിരെയുള്ള വിമർശനങ്ങൾ അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കപ്പെട്ടതായും സിപിഐ(എം), സിപിഐ നേതാക്കൾ തലങ്ങും വിലങ്ങും അവകാശപ്പെട്ടു. മുഖ്യമന്ത്രി പിണറായി വിജയനാകട്ടെ തന്റെ സർക്കാർ നടത്തുന്ന കെ-റെയിൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ തുടരാനുള്ള ജനങ്ങളുടെ അനുമതിയാണ് തെരഞ്ഞെടുപ്പ് വിജയമെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഈ അവകാശവാദങ്ങളുടെ യഥാർത്ഥ്യമെന്താണ്? ഈ തെരഞ്ഞെടുപ്പ് ഫലം യാഥാർത്ഥത്തിൽ എന്ത് വ്യക്തമാക്കുന്നു?

## പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ ഘടകങ്ങൾക്ക് പരിമിതമായ സ്വാധീനം മാത്രം

സംസ്ഥാനത്ത് പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഇടതു കക്ഷികൾ നയിക്കുന്ന മുന്നണി ജയിക്കുന്നത് പതിവ് കാഴ്ചയാണ്. 2010ലെ തെരഞ്ഞെടുപ്പിലൊഴികെ ഏതാണ്ട് എല്ലാ തദ്ദേശ തെരഞ്ഞെടുപ്പിലും ഇടതുമുന്നണിയാണ് ജയിച്ചിട്ടുള്ളത്. 2015ലെ തെരഞ്ഞെടുപ്പിലും ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ 7 വീതം ജില്ലാ പഞ്ചായത്തുകൾ ഇരുമുന്നണിയും നേടിയപ്പോൾ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും എൽഡിഎഫിന് വ്യക്തമായ മുന്നേറ്റമുണ്ടായി. അന്ന് 549 ഗ്രാമ പഞ്ചായത്തുകളും 90 ബ്ലോക്ക് പഞ്ചായത്തുകളും എൽഡിഎഫ് നേടിയപ്പോൾ യുഡിഎഫ് നേടിയത് യഥാക്രമം 365ഉം 61ഉം മാത്രമായിരുന്നു. ഒരു തവണ മാത്രം നടന്ന ജില്ലാ കൗൺസിൽ പരീക്ഷണത്തിൽ ഏതാണ്ട് എല്ലാ ജില്ലകളും എൽഡിഎഫ് നേടുകയുണ്ടായി. പ്രാദേശിക തലത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ഇടതു കക്ഷികൾക്ക്, പ്രത്യേകിച്ചും സിപിഐ(എം)ന് പതിവായി ജയിക്കാനിട നൽകുന്ന അനുകൂല ഘടകങ്ങളിൽ ഒന്ന് പ്രാദേശിക സംഘടനാ സംവിധാനമാണ്. പ്രധാന എതിരാളിയായിട്ടുള്ള കോൺഗ്രസ്സിനാകട്ടെ പ്രാദേശിക ഘടകങ്ങൾ പേരിനുപോലും പ്രവർത്തിക്കുന്നില്ല. ഒരു വോട്ടറെ ബൂത്തിലെത്തിക്കാനുള്ള സംഘടനാ ക്രമീകരണം പോലും ഇന്ന് കോൺഗ്രസ്സിനില്ല. ആർഎസ്എസിന്റെ പിൻബലത്തിൽ ബിജെപിയുടെ പ്രാദേശിക സംഘടനാ സംവിധാനം കാര്യക്ഷമമാണെന്നതിനാലാണ് രാഷ്ട്രീയ പിന്തുണ ഇല്ലെങ്കിലും ചിലവാർഡുകളിൽബിജെപി ജയിക്കുന്നത്. രാഷ്ട്രീയ പിന്തുണയുടെ ബലാബലത്തിനുമപ്പുറം സംഘടനാസംവിധാനത്തിന്റെ ബലമാണ് പരീക്ഷിക്കപ്പെടുന്നത് എന്നതിനാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലത്തെ രാഷ്ട്രീയ പിന്തുണയുടെ അളവുകോലായി കാണാനാവില്ല.

പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എൽഡിഎഫിന് വളരെ അനുകൂലമായി പ്രവർത്തിക്കുന്ന മറ്റൊരു പ്രധാന ഘടകം കുടുംബശ്രീ യൂണിറ്റുകളും അയൽക്കൂട്ടസംരഭങ്ങളുമാണ്. പെരുകുന്ന ജീവിത പ്രാരാബ്ധങ്ങൾ നിമിത്തം വായ്പ വാങ്ങിയേ നിലനിൽക്കാനാവൂ എന്ന സാഹചര്യം, അയൽക്കൂട്ടങ്ങളും സ്വയം സഹായ സംഘങ്ങളും താഴേത്തട്ടിലുള്ള ജീവിതങ്ങൾക്ക് ഒഴിവാക്കാനാവാത്ത ഒന്നാക്കി മാറ്റിയിരിക്കുന്നു. പഞ്ചായത്ത് ഭരണത്തിലെ മേധാവിത്വം ഉപയോഗപ്പെടുത്തി ഔദ്യോഗികമായി കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ താഴേത്തട്ടിൽ വലിയ സ്വാധീനം ചെലുത്താൻ സിപിഐ(എം)ന് കഴിയുന്നു. ജനങ്ങളുടെ-പ്രത്യേകിച്ചും നിർദ്ധന കുടുംബങ്ങളുടെ- സാമ്പത്തിക ജീവിതത്തിൽ മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ആയിരക്കണക്കിന് കുടുംബശ്രീ വോളന്റിയർമാരും എഡിഎസ് -സിഡിഎസ് സെക്രട്ടറിമാരും ഭാരവാഹികളും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇത്തവണ സ്ഥാനാർത്ഥികളായി. എറണാകുളം ജില്ലയിൽ മാത്രം 1900 കുടുംബശ്രീ പ്രവർത്തകരാണ് ഇത്തവണ മൽസരിച്ചത്. ബഹുഭൂരിപക്ഷവും എൽഡിഎഫ് സ്ഥാനാർത്ഥികളായിരുന്ന ഇവരിൽ നിരവധി പേർ വിജയിക്കുകയും ചെയ്തു. ഒരിക്കലും ഭേദിച്ച് പുറത്ത് വരാനാവാത്ത സാമ്പത്തികകുരുക്കുകളിൽ ജനങ്ങളെ അകപ്പെടുത്തിയതിനുശേഷം അവരുടെ നിസ്സഹായതയെ വോട്ടാക്കി മാറ്റുകയാണ് ഇവർ ചെയ്യുന്നത്. നിന്ദ്യവും അപമാനകരവുമായ ഈ മാർഗ്ഗങ്ങളിലൂടെ നേടിയ വിജയത്തെയാണ് തങ്ങളുടെ രാഷ്ട്രീയ നയങ്ങൾക്കുള്ള അംഗീകാരമായി ചിത്രീകരിക്കുന്നത്.

പാർലമെന്റ്, നിയമസഭ തെരഞ്ഞെടുപ്പുകളുമായി താരതമ്യപ്പെടുത്തിയാൽ തദ്ദേശ തെരഞ്ഞെടുപ്പുകളുടെ ഫലത്തെ നിർണ്ണയിക്കുന്നതിൽ രാഷ്ട്രീയത്തേക്കാൾ മുൻതൂക്കത്തിൽ വരാറുള്ളത് മറ്റനേകം ഘടകങ്ങളാണ്. സ്ഥാനാർത്ഥിയുടെ ജാതിയും മതവും കുടുംബബലവും പശ്ചാത്തലവും പൊതുരംഗത്തെ പ്രകടനവും മുതൽ വ്യക്തി സ്വാധീനംവരെ വാർഡ് തെരഞ്ഞെടുപ്പിന്റെ ഫലത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. അതിനാൽ സംസ്ഥാനഭരണത്തിന്റെ രാഷ്ട്രീയ വിലയിരുത്തലായി പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലത്തെ കാണാനാവില്ല.

ഒരു പരീക്ഷണമായി നടന്ന 1991ലെ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി വമ്പിച്ച നേട്ടം കൈവരിച്ചതിനേത്തുടർന്ന് വലിയ വിജയം പ്രതീക്ഷിച്ച്, അധികാരത്തിലുണ്ടായിരുന്ന ഇടതു സർക്കാർ കാലാവധി പൂർത്തിയാകുംമുമ്പേ നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്തി. എന്നാൽ വെറും 2 മാസത്തെ സമയവ്യത്യാസത്തിൽ നടത്തിയ നിയമസഭ തെരഞ്ഞെടുപ്പിൽ യുഡിഎഫ് വൻഭൂരിപക്ഷം നേടി അധികാരത്തിൽ വന്നത് നാം കണ്ടു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അനുകൂലമെന്ന് വിലയിരുത്തപ്പെട്ട രാഷ്ട്രീയഘടകങ്ങൾ യഥാർത്ഥത്തിൽ വിധിയെഴുത്തിന്റെ മാനദണ്ഡമായിരുന്നില്ല എന്ന് തുടർന്നുവന്ന നിയമസഭാ തെരഞ്ഞെടുപ്പ് തെളിയിച്ചു. സംസ്ഥാന ഭരണനയങ്ങൾക്ക് വമ്പിച്ച സ്വീകാര്യത ഉണ്ടെങ്കിൽ അത് നിയമസഭാ തെരഞ്ഞെടുപ്പിലാണല്ലോ കൂടുതൽ പ്രകടമാകേണ്ടത്. ഇതേ സാഹചര്യം 2000-ലും ആവർത്തിക്കുകയുണ്ടായി. തദ്ദേശ തെരഞ്ഞെടുപ്പിലെ വിജയം തൊട്ടുപിറകെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ആവർത്തിക്കപ്പെടാതെ പോകുന്നതിൽനിന്ന് വിധിയെഴുത്തിന്റെ മാനദണ്ഡം വ്യത്യസ്തമാണെന്ന് വ്യക്തമാകുന്നു. അതിനാൽ ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം സംസ്ഥാനഭരണത്തിന് നൽകിയ നല്ല സർട്ടിഫിക്കറ്റാണെന്ന അവകാശവാദത്തിൽ ഒരു കഴമ്പുമില്ല.

പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ ജയം, തങ്ങളുടെ ശരിയായ രാഷ്ട്രീയ നിലപാടുകളുടെ കരുത്തുകൊണ്ട് നേടി എന്ന മട്ടിലുള്ള അവതരണം ഇടതുമുന്നണിയുടെ ജനദ്രോഹഭരണത്തെ വെള്ളപൂശാനുള്ള വെപ്രാളത്തിൽനിന്ന് ജനിക്കുന്നതാണ്. തമ്മിൽത്തല്ലിയും ഗ്രൂപ്പ് തിരിഞ്ഞ് സ്ഥാനാർത്ഥികളെ നിശ്ചയിച്ചും നേതാക്കൾ തന്നെ വിമതരെ രംഗത്തിറക്കിയും മുന്നണിക്കുപുറത്ത് ബാന്ധവങ്ങൾ ഉണ്ടാക്കിയും നേതാക്കൾ അതിനെ തള്ളിപ്പറഞ്ഞും വിമതർക്ക് ഒദ്യോഗിക ചിഹ്നം നൽകിയും ഒരു രാഷ്ട്രീയ പോരാട്ടത്തിന് പേരിനുപോലും ത്രാണി ഇല്ലാതിരുന്ന യുഡിഎഫ് എന്ന ദുർബ്ബല ചേരിക്കുമേൽ മേൽക്കൈ നേടുക ദുഷ്കരമായ ദൗത്യമേ ആയിരുന്നില്ല. തിരുവനന്തപുരം കോർപ്പറേഷനിലെ യുഡിഎഫിന്റെ ദയനീയമായ പരാജയം ഈ വസ്തുകളെയാണ് വെളിവാക്കുന്നത്. മറുവശത്ത് എൽഡിഎഫാകട്ടെ, തെരഞ്ഞെടുപ്പ് ഗോദായിലെ എല്ലാ അടവുകളും പ്രയോഗിക്കുന്നതിൽ ഏവരെയും കടത്തിവെട്ടി. പതിവുപോലെ കണ്ണൂരിൽ നിരവധി വാർഡുകളിൽ 'എതിരാളികളില്ലാത്തതിനാൽ' നോമിനേഷൻ സമർപ്പണം കഴിഞ്ഞപ്പോൾ ഇടതുമുന്നണി സ്ഥാനാർത്ഥികൾ വിജയികളായി. രാഷ്ട്രീയ മുഷ്കും അക്രമവും കാട്ടി, എതിരാളികളെ നോമിനേഷൻ കൊടുക്കാൻപോലും അനുവദിക്കാതെയാണ് ഈ ഏകപക്ഷീയ വിജയങ്ങൾ ഉറപ്പാക്കിയത്. സീറ്റ് ലഭിക്കാതെപോയ നിരവധി കോൺഗ്രസ്സ് പ്രവർത്തകർ ഒറ്റ രാത്രി ഇരുണ്ട് വെളുത്തപ്പോൾ എൽഡിഎഫ് സ്ഥാനാർത്ഥികളായി. വാഗ്ദാനങ്ങളും പദവികളും നൽകിയും ചാക്കിട്ടുപിടിച്ചും കുറെ ഭാഗ്യാന്വേഷികളെ കൂടെ നിർത്തി ഭൂരിപക്ഷമില്ലാതിരുന്ന പഞ്ചായത്തുകളിലും പിന്നീട് ഇടതുമുന്നണി ഭരണം പിടിച്ചെടുത്തു. രാത്രിയിൽ ഉറങ്ങുമ്പോൾ കോൺഗ്രസ്സും പുലർച്ചെ ഇടതുപക്ഷവുമാകുന്ന മറിമായങ്ങളിലൂടെ നിരവധി പഞ്ചായത്തുകൾ എൽഡിഎഫ് പിടിച്ചെടുത്തു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് വിജയഗാഥ പൂർണ്ണമാക്കാൻ ഇടതുമുന്നണി സ്വീകരിച്ച മാർഗ്ഗങ്ങളിൽ ഇവയും ഉൾപ്പെടും. 'നാല് സീറ്റിനുവേണ്ടി എന്തു ചെറ്റത്തരവും കാണിക്കുന്ന പാർട്ടിയല്ല സിപിഐ(എം)' എന്ന സഖാവ് പിണറായി വിജയന്റെ വാക്കുകൾ അങ്ങനെ അക്ഷരാർത്ഥത്തിൽ നടപ്പാക്കി.

## തെരഞ്ഞെടുപ്പ് ഫലം രാഷ്ട്രീയനയങ്ങളുടെ ശരി-തെറ്റുകൾ നിർണ്ണയിക്കുന്നില്ല

തെരഞ്ഞെടുപ്പ് ഫലം അധികാരത്തിലിരിക്കുന്ന കക്ഷിയുടെ രാഷ്ട്രീയനയങ്ങളുടെ ശരി-തെറ്റുകൾ നിർണ്ണയിക്കുന്നു എന്ന വാദം യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. നരേന്ദ്ര മോദിയുടെ ആദ്യടേമിലെ ഭരണത്തിൻമേൽ നടന്ന വിധിയെഴുത്തായി ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനെ ഗണിക്കാനാവുമോ? മോദി സർക്കാരിനെ വീണ്ടും അധികാരത്തിലേറ്റിയതു വഴി സർവ്വസീമകളും ലംഘിച്ച അഞ്ച് വർഷത്തെ ദുർഭരണം ജനങ്ങളാൽ അംഗീകരിക്കപ്പെട്ടുവെന്ന് അർത്ഥമില്ല. നോട്ടുനിരോധനവും കർഷകദ്രോഹവും അന്തമില്ലാത്ത സ്വകാര്യവൽക്കരണവും ഇന്ധനവിലവർദ്ധനവുമെല്ലാം ജനങ്ങൾ പൂർണ്ണ സംതൃപ്തിയോടെ സ്വീകരിച്ചുവെന്ന് ഈ വിധിയെഴുത്തിലൂടെ നാം വിലയിരുത്തണമോ? തങ്ങളുടെ ഭരണത്തിന് ലഭിച്ച അംഗീകാരമായി തെരഞ്ഞെടുപ്പ് വിജയത്തെ ബിജെപി നേതൃത്വം വിലയിരുത്തിയപ്പോൾ വിവേകമതിയായ ഒരാളും അതിനെ അങ്ങിനെ കണ്ടില്ല. സിപിഐ, സിപിഐ(എം) ഉൾപ്പടെയുള്ള പ്രതിപക്ഷ കക്ഷികൾ ഏവരും ഈ അവകാശവാദത്തെ തള്ളിക്കളയുകയും ചെയ്തതാണല്ലോ.

കർഷക സമരം ആഞ്ഞടിക്കുന്ന വേളയിലാണല്ലോ ബീഹാറിൽ വീണ്ടും എൻഡിഎ അധികാരത്തിലെത്തുന്നത്. കാർഷിക നിയമങ്ങൾ ശരിയാണെന്ന് അതൊട്ടും തെളിയിക്കുന്നില്ല. ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിൽ 19 സീറ്റും കരസ്ഥമാക്കിയത് യുഡിഎഫിന്റെ രാഷ്ട്രീയ മഹത്വംകൊണ്ടാണെന്ന് സുബോധമുള്ള ഒരാളും കരുതുകയില്ലല്ലോ. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വിജയം തങ്ങളുടെ നയങ്ങൾക്കുള്ള അംഗീകാരമാണെന്ന ന്യായം അടിസ്ഥാനമാക്കിയാൽ പാർലമെന്റ് തെരഞ്ഞെടുപ്പിലെ ദയനീയമായ പരാജയം തങ്ങളുടെ നയങ്ങൾക്കുള്ള തിരിച്ചടിയാണെന്നും അർത്ഥമുണ്ടല്ലോ. ഈ ന്യായം അന്ന് അവതരിപ്പിക്കാതിരുന്ന എൽഡിഎഫ് നേതൃത്വം പഞ്ചായത്ത് തെരഞ്ഞെടുപ്പ് വിജയത്തിന്റേമേൽ ഇപ്പോൾ നടത്തുന്ന മേനി നടിക്കൽ ഒരു രാഷ്ട്രീയ തട്ടിപ്പ് മാത്രമാണ്. തങ്ങൾ പരാജയപ്പെടുമ്പോൾ അത് എതിരാളികളുടെ വർഗ്ഗീയ പ്രീണനവും സംഘപരിവാർ ബാന്ധവവും മൂലവും വിജയിക്കുമ്പോൾ അത്

(ശേഷം 4-ാം പേജിൽ)

പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലം

# തെരഞ്ഞെടുപ്പ് ഫലം രാഷ്ട്രീയനയങ്ങളുടെ ശരി–തെറ്റുകൾ നിർണ്ണയിക്കുന്നില്ല

(3–ാം പേജിൽ നിന്ന്)

തങ്ങളുടെ നയങ്ങളുടെ പത്തരമാറ്റ് തിളക്കം മൂലവുമെന്ന സിദ്ധാന്തം ശുദ്ധ കാപട്യമാണ്.

തെരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയ പോരാട്ടമായി മാറുമ്പോഴാണ് സർക്കാർ നയങ്ങളെ സംബന്ധിച്ചുള്ള ജനങ്ങളുടെ വിലയിരുത്തൽ തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കുന്നതിൽ ഏറ്റവും പ്രധാന ഘടകമായി പ്രവർത്തിക്കുന്നത്. അങ്ങിനെയൊരു സ്ഥിതി, അതായത് രാഷ്ട്രീയ നയങ്ങളെ ആധാരമാക്കി ഒരു വിധിയെഴുത്ത് ഒരു തെരഞ്ഞെടുപ്പിലും നടക്കുന്നില്ല. അധികാരത്തിലിരിക്കുന്ന കക്ഷികൾ മാത്രമല്ല പ്രതിപക്ഷത്തിരിക്കുന്നവരും അത്തരമൊരു വിധിയെഴുത്ത് ലക്ഷ്യം വയ്ക്കുന്നില്ല. അപ്രകാരമൊന്ന് നടക്കണമെങ്കിൽ നയങ്ങളെ ആധാരമാക്കിയുള്ള ജനാധിപത്യ ചർച്ചകളും വിശകലനങ്ങളുമായിരിക്കണം തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ നടക്കേണ്ടത്. നയങ്ങളെ സംബന്ധിച്ച് വൻതോതിൽ ജനങ്ങൾ ഒന്നാകെ പങ്കാളികളാകുന്ന വസ്തുനിഷ്ഠമായ പരിശോധനകൾ നടക്കണം. ജനങ്ങൾക്ക് അത്തരമൊരു രാഷ്ട്രീയ പരിശീലനം നൽകാൻ രാഷ്ട്രീയ കക്ഷികൾ ഭയപ്പെടുന്നുവെന്നതാണ് യാഥാർത്ഥ്യം. ഭരണവും നയങ്ങളും സന്ദേഹമില്ലാത്തവിധം ധനികവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾക്കിണങ്ങുന്നത് മാത്രമാവുകയും അതുകൊണ്ടുതന്നെ പൂർണ്ണമായും ജനങ്ങൾക്കെതിരാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നയങ്ങളെ സംബന്ധിച്ച ചർച്ചയും പരിശോധനയും തങ്ങൾക്ക് വിനയാകുമെന്ന് എല്ലാ വ്യവസ്ഥാപിത പ്രസ്ഥാനങ്ങളും തിരിച്ചറിഞ്ഞിരിക്കുന്നു. ഇക്കാരണങ്ങളാൽ തെരഞ്ഞെടുപ്പിന്റെ ജനാധിപത്യപരമായ അന്തസ്സത്ത പൂർണ്ണമായും ചോർത്തിക്കളയുന്ന ഒന്നായി തെരഞ്ഞെടുപ്പ് പ്രചാരണം മാറിയിരിക്കുന്നു. ജനജീവിതം അഭിമുഖീകരിക്കുന്ന ഗൗരവതരമായ രാഷ്ട്രീയ വിഷയങ്ങൾ ഒന്നും തന്നെ തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടുന്നില്ല. തെരഞ്ഞെടുപ്പ്, കഴമ്പുള്ള ഒരു രാഷ്ട്രീയ പോരാട്ടമല്ലാതായി മാറിക്കഴിഞ്ഞു. അതിനാൽ ഒരു തെരഞ്ഞെടുപ്പ് ഫലവും രാഷ്ട്രീയ വിജയ-പരാജയങ്ങളെ അടയാളപ്പെടുത്തുന്നില്ല.

തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കുന്നത് രാഷ്ട്രീയമൊഴികെയുള്ള മറ്റു ചില ഘടകങ്ങളാണ്. ജനങ്ങളുടെ വളരെ താഴ്ന്ന രാഷ്ട്രീയ ബോധനിലവാരം ഉപയോഗപ്പെടുത്തി വോട്ടുനേടുക എന്നതാണ് തെരഞ്ഞെടുപ്പ് വിജയ തന്ത്രങ്ങളുടെ ആകമാന ലക്ഷ്യം. മാധ്യമങ്ങളെ വിലയ്ക്കെടുത്തും പണക്കൊഴുപ്പിലൂടെയും നടത്തുന്ന പ്രചാരണപ്രളയം, ജാതി ഏകീകരണങ്ങൾ, മതത്തെ അടിസ്ഥാനപ്പെടുത്തിയ ധ്രുവീകരണങ്ങൾ, പണവും മദ്യവും ഒഴുക്കിയുള്ള വോട്ട് വാങ്ങൽ, സംഘടിത തെരഞ്ഞെടുപ്പ് കൃത്രിമങ്ങൾ, അധികാരത്തിന്റെ ദുരുപയോഗം, എതിരാളികൾക്കുമേലുള്ള കായിക അതിക്രമങ്ങൾ തുടങ്ങി നിരവധി ഘടകങ്ങളാണ് ഇന്ന് തെരഞ്ഞെടുപ്പ് വിജയം നിർണ്ണയിക്കുന്നത്. ഇപ്പോൾ നടന്ന പഞ്ചായത്ത് തെരഞ്ഞെപ്പിലും ഫലം നിർണ്ണയിച്ചത് മേൽപ്പറഞ്ഞ ഘടകങ്ങൾ തന്നെയായിരുന്നു.

> **കെ.എം. മാണിയുടെ രാജിയ്ക്കായി സ്വന്തം പ്രവർത്തകരെ ജില്ലാ കേന്ദ്രത്തിലേക്കും സെക്രട്ടേറിയറ്റിലേക്കും ആട്ടിത്തെളിച്ചവർ, അഴിമതി വീരൻ മാണിയെ ബജറ്റ് അവതരിപ്പിക്കാൻ അനുവ ദിക്കില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് നിയമസഭയിൽ കൊലവിളിച്ചവർ പറഞ്ഞതെല്ലാം വിഴുങ്ങി മാണിയെ ചുമക്കുന്ന നാണംകെട്ട ദൃശ്യമാണ് കേരളം പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വേളയിൽ കണ്ടത്.**

### വിജയം നിർണ്ണയിച്ചതിൽ വർഗ്ഗീയ കരുനീക്കങ്ങൾക്ക് ഗണനീയമായ പങ്ക്

തെരഞ്ഞെടുപ്പുകളിൽ ജാതി-മത-വർഗ്ഗീയ വികാരം ഉപയോഗപ്പെടുത്തുകയെന്നത് ജനാധിപത്യത്തിന് നിരക്കാത്ത ഒരു പാതകമായി ആരും കണക്കാക്കാത്തവിധം അത്രമേൽ അത് സ്വാഭാവികമായ ഒന്നായി മാറിക്കഴിഞ്ഞു. വർഗ്ഗീയതയുടെ വിഷം വമിപ്പിക്കുന്നതിൽ ബിജെപിയെ കടത്തിവെട്ടാൻ ആർക്കുമാവില്ല. തെരഞ്ഞെടുപ്പുകളിൽ അവർ സൃഷ്ടിക്കുന്ന വിജയം വലിയൊരു പങ്കും ജ്വലിപ്പിക്കപ്പെടുന്ന വർഗ്ഗീയവികാരത്തിന്റെ സംഭാവനയാണ്. അവരുടെ അസ്തിത്വംതന്നെ മതാന്ധതയെയും അന്യമതവിദ്വേഷത്തെയും ആധാരമാക്കി പണികഴിക്കപ്പെട്ട ഒന്നാണ്. അതിനാൽ അത് മറയില്ലാത്തതും സാധാരണക്കാർക്ക് വളരെ വേഗം തിരിച്ചറിയാൻ കഴിയുന്നതുമാണ്. കേരളത്തിൽ കോൺഗ്രസ്സ് നയിക്കുന്ന യുഡിഎഫാകട്ടെ ഈശ്വരവിശ്വാസത്തിന്റെ മറയിൽ സമർത്ഥമായി വർഗ്ഗീയ മനോഘടന ഉപയോഗപ്പെടുത്തി കാലങ്ങളായി തെരഞ്ഞെടുപ്പ് നേട്ടം ഉണ്ടാക്കുന്ന രാഷ്ട്രീയ ശക്തി തന്നെയാണ്. എന്നാൽ മതേതര-പുരോഗമന ആശയങ്ങൾക്കുവേണ്ടി നിലകൊള്ളുന്നുവെന്ന് നിരന്തരം സാക്ഷ്യപ്പെടുത്തുന്ന ഇടത് ലേബലിൽ പ്രവർത്തിക്കുന്നവർ നടത്തുന്ന വർഗ്ഗീയ നീക്കങ്ങൾ വളരെ ആപൽക്കരമായിട്ടുള്ളതാണ്. ജനാധിപത്യ മൂല്യങ്ങളുടെ പ്രതിരോധം ക്രമേണ ക്ഷയിക്കുന്നതുവഴി സൃഷ്ടിക്കപ്പെടുന്ന പ്രതിലോമകരമായ സാമൂഹ്യാന്തരീക്ഷത്തെ സർവ്വമാർഗ്ഗങ്ങളിലൂടെയും തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി കൗശലപൂർവ്വം പ്രയോജനപ്പെടുത്തുകയാണ് സിപിഐ(എം)ഉം കൂട്ടാളികളും ചെയ്യുന്നത്. ആർഎസ്എസിനും ബിജെപിക്കുമെതിരെ വാചാടോപം നിലനിർത്തി ന്യൂനപക്ഷ സമുദായത്തിന്റെ സംരക്ഷകരുടെ വേഷമണിയേണ്ടിടത്തു അങ്ങിനെയും മുസ്ലീം വിരോധം ജ്വലിപ്പിക്കേണ്ടിടത്തു അപ്രകാരവും ചെയ്തുകൊണ്ട് വർഗ്ഗീയ മനോഘടനയുടെ വേരുറപ്പിക്കുന്നതിൽ അവർക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉണ്ടായ കനത്ത നഷ്ടം നികത്താനുള്ള മാർഗ്ഗമെന്ന നിലയിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കൂടുതൽ ആപൽക്കരമായ വർഗ്ഗീയ കരുനീക്കങ്ങൾ നടത്താൻ ഇടതുമുന്നണി മുതിരുകയാണ് ചെയ്തത്. ബിജെപി ആസൂത്രിതമായി വളർത്തുന്ന മുസ്ലിം വിരോധം സമർത്ഥമായി ഉപയോഗപ്പെടുത്താൻ സിപിഐ(എം) ഈ തെരഞ്ഞെടുപ്പിനുമുമ്പും പിന്നീടും ബോധപൂർവ്വം ശ്രമിച്ചു. സംസ്ഥാനരാഷ്ട്രീയം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രമുഖവും ഗൗരവതരവുമായ വിപത്ത് മുസ്ലിം മതാടിസ്ഥാനത്തിലുള്ള സംഘടിതപ്രസ്ഥാനങ്ങളാണെന്ന പ്രതീതി സൃഷ്ടിക്കാൻ നിരന്തരം സിപിഐ(എം) ശ്രമിച്ചുകൊണ്ടേയിരുന്നു. തക്കതായ യാതൊരു കാരണവുമില്ലാതെ മുസ്ലീം ലീഗിനെയും ഇതര സംഘടനകളെയും അവസരത്തിലും അനവസരത്തിലും അവർ ആക്രമിച്ചുകൊണ്ടേയിരുന്നു. ഈ രാഷ്ട്രീയ സംഘടനകളുടെ തത്വങ്ങളും വീക്ഷണങ്ങളും പുരോഗമന - ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാനാവാത്തതാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. എന്നാൽ ഇവരെ ഭീകരവാദികളെന്നും വിഘടനവാദികളെന്നും ബിജെപിയും സംഘശക്തികളും നിരന്തരമായി മുദ്രകുത്തുന്ന അതേ ശൈലിയിലും സ്വരത്തിലും സിപിഐ(എം) ആവർത്തിക്കുന്നത് രാഷ്ട്രീയ ദുഷ്ടലക്ഷ്യങ്ങളോടെയാണ്. ഇതേ സംഘടനകളിൽ ഏതെങ്കിലുമൊക്കെയായി കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സിപിഐ(എം) ഉൾപ്പടെയുള്ള കക്ഷികൾക്ക് തെരഞ്ഞെടുപ്പ് സഖ്യമോ ധാരണയോ ഉണ്ടായിരുന്നതാണ്. തങ്ങളുടെ കൂടെ നിന്നാൽ പുരോഗമന കക്ഷിയും എതിർചേരിയിലായാൽ വർഗ്ഗീയ കക്ഷിയുമെന്ന സിദ്ധാന്തം നഗ്നമായ അവസരവാദമല്ലാതെ മറ്റെന്താണ്? മുസ്ലീം വർഗ്ഗീയതക്കെതിരായ പോരാട്ടമെന്ന പുരോഗമനവേഷം കെട്ടിയാടുന്നത് ഭൂരിപക്ഷ വർഗ്ഗീയതയുടെ സഹായം നേടുക എന്ന നീചമായ ലക്ഷ്യത്തോടെ മാത്രമാണ്. ഇക്കാര്യത്തിൽ ബിജെപിയോട് മൽസരിക്കുകയാണ് യഥാർത്ഥത്തിൽ സിപിഐ(എം) ചെയ്യുന്നത്.

ജനാധിപത്യ-പുരോഗമന വിശ്വാസികൾക്ക് ഞെട്ടലുണ്ടാക്കും വിധം അറുവഷളൻ പ്രതിലോമ നിലപാടുകൾ പരസ്യമായി പ്രഖ്യാപിക്കുന്ന കാന്തപുരം സുന്നി വിഭാഗവുമായി എത്രയോ ദശാബ്ദങ്ങളായി ചങ്ങാത്തത്തിലാണ് സിപിഐ(എം). ഇരുകൂട്ടരും സങ്കുചിത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു പരസ്പരസഹായ സംഘം രൂപീകരിച്ചിരിക്കുകയാണ്. വടക്കൻ കേരളത്തിൽ ഇടതു മുന്നണിക്ക് ലഭിക്കുന്ന വോട്ടിൽ ഒരു വിഹിതം ഈ സൗഹൃദത്തിന്റെ സംഭാവനയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് തൊഴിൽ മേഖലയിൽ സംവരണം തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് പ്രഖ്യാപിച്ചത് സവർണ്ണ വിഭാഗങ്ങളുടെ ധ്രുവീകരണം തങ്ങൾക്ക് അനുകൂലമാക്കുന്നതിന് വേണ്ടിയായിരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ജയത്തിൽ അതൊരു സ്വാധീന ഘടകമായി പ്രവർത്തിച്ചിട്ടുണ്ട്. ഓർത്തഡോക്സ് - യാക്കോബായ സഭാ തർക്കത്തിൽ ഒരു വിഭാഗത്തിന്റെ വക്താവായി നിലകൊണ്ടതും സാമുദായികമായ ചേരിതിരിവ് ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. മധ്യകേരളത്തിൽ പരമ്പരാഗത യുഡിഎഫ് വോട്ടിൽ വിള്ളൽ സൃഷ്ടിക്കാനും ഒരു വിഭാഗത്തിന്റെ വോട്ട് ഒന്നാകെ കരസ്ഥമാക്കാനും എൽഡിഎഫിന് ഇതിലൂടെ സാധ്യമായി. ഇപ്രകാരം അധമമായ നിരവധി മാർഗ്ഗങ്ങളിലൂടെ സൃഷ്ടിച്ചെടുത്ത വിജയത്തെയാണ് രാഷ്ട്രീയ വിജയമായും ഇടതുവിജയമായും അവതരിപ്പിച്ച് ഊറ്റംകൊള്ളുന്നത്.

തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിനുശേഷം യുഡിഎഫിനെ നയിക്കുന്നത് ലീഗാണെന്ന പിണറായി വിജയന്റെ പ്രസ്താവന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അനുവർത്തിച്ച ഏറ്റവും നിന്ദ്യമായ ലക്ഷ്യങ്ങളോടെയുള്ള വർഗ്ഗീയ തന്ത്രത്തിന്റെ തുടർച്ച മാത്രമാണ്. ഇത്തരമൊരു പ്രസ്താവനയുടെ സാംഗത്യമെന്താണ്? സംസ്ഥാനരാഷ്ട്രീയ രംഗത്തെ ഏതു പ്രശ്നത്തെയാണ് ഇതിലൂടെ അദ്ദേഹം അഭിസംബോധനം ചെയ്യാൻ ശ്രമിക്കുന്നത്? ഈ പ്രസ്താവനയ്ക്ക് ഒരു ലക്ഷ്യമേയുള്ളൂ. മുസ്ലീം വിഭാഗമാണ് യുഡിഎഫിനെ നയിക്കുന്നതെന്ന് സ്ഥാപിച്ചാൽ ഈ മുന്നണിയുടെ ശക്തമായ വോട്ടുബാങ്കായി ഇന്നും നിലകൊള്ളുന്ന ചില വിഭാഗങ്ങളിൽ വർത്തമാന കാലത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മുസ്ലീം വിരോധത്തെ ഉപയോഗപ്പെടുത്തി അവരെ യുഡിഎഫിൽ നിന്നും അകറ്റാം. ഏതാനും വോട്ടുകൾക്കുവേണ്ടി ഇക്കൂട്ടർ നടത്തുന്ന നീചമായ ഈ രാഷ്ട്രീയം ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ജനാധിപത്യഘടനയ്ക്ക് ഏൽപ്പിക്കുന്ന ആഘാതം അളക്കാനാവാത്തതാണ്. ഇത്തരം കുൽസിത നീക്കങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന സാമൂഹ്യ അന്തരീക്ഷം നാളെ ഫാസിസ്റ്റ് ശക്തികൾ കൂടുതൽ കൗശലപൂർവ്വം ഉപയോഗിക്കുകതന്നെ ചെയ്യും. വില നൽകേണ്ടി വരിക ഈ സംസ്ഥാനത്തിന്റെ ജനാധിപത്യ വ്യവസ്ഥയായിരിക്കും.

വർഗ്ഗീയവിരുദ്ധ പരിശുദ്ധ പുരോഗമന മുന്നണിയെന്ന് സ്വയം വിശേഷിപ്പിക്കുന്ന എൽഡിഎഫിൽ, തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ്, പരേതനായ കെ.എം.മാണിയുടെ പുത്രൻ ജോസ് കെ. മാണി നയിക്കുന്ന കേരളാ കോൺഗ്രസ്സ് ചേരുകയുണ്ടായല്ലോ. അതിനു സിപിഐ(എം) നേതാക്കൾ നൽകിയ വിശദീകരണങ്ങൾ ഏറെ പരിഹാസ്യമായിരുന്നു. കോഴ മാണിയുടെ രാജിയ്ക്കായി സ്വന്തം പ്രവർത്തകരെ ജില്ലാ കേന്ദ്രത്തിലേക്കും സെക്രട്ടേറിയറ്റിലേക്കും ആട്ടിത്തെളിച്ചവർ, അഴിമതി വീരൻ മാണിയെ ബജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് നിയമസഭയിൽ കൊലവിളിച്ചവർ പറഞ്ഞതെല്ലാം വിഴുങ്ങി കെ.എം.മാണിയെ ചുമക്കുന്ന നാണംകെട്ട ദൃശ്യമാണ് കേരളം പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വേളയിൽ കണ്ടത്. രാഷ്ട്രീയ പദവികൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി തരംതാണ നിലയിൽ യുഡിഎഎഫിനുള്ളിൽ തമ്മിലടിച്ച് പുറത്തുവന്നവരാണ് കേരളാ കോൺഗ്രസ്സുകാർ. അവരെന്തുതരം ജനാധിപത്യ രാഷ്ട്രീയത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്? എന്തെങ്കിലും ആദർശത്തിന്റെയോ തത്വത്തിന്റെയോ ഒരു വിധ അസ്കിതയും അവരെ അലട്ടുന്നില്ല. മധ്യകേരളത്തിലെ ധനിക ക്രൈസ്തവവിഭാഗത്തിന്റെ രാഷ്ട്രീയ അഭിലാഷങ്ങളുടെ പൂർത്തീകരണത്തിനായി നിലകൊള്ളുകയും ഭൂമി കൈയേറ്റം മുതലു

(ശേഷം 5–ാം പേജിൽ)

പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലം

# വിജയം നിർണ്ണയിച്ചതിൽ വർഗ്ഗീയ കരുനീക്കങ്ങൾക്ക് ഗണനീയമായ പങ്ക്

(4-ാം പേജിൽ നിന്ന്)

ള്ള വൻഅഴിമതികൾക്ക് നായകത്വം വഹിക്കുകയും ചെയ്യുന്ന കക്ഷിയാണ് കേരളാ കോൺഗ്രസ്സ്. പതിറ്റാണ്ടുകളായി യുഡിഎഫിന്റെ ഭാഗമായിരുന്ന ഇത്തരത്തിലൊരു കക്ഷിയെ ഒരു ഉളുപ്പുമില്ലാതെ കൂടെക്കൂട്ടിയതു വഴി കോട്ടയം, എറണാകുളം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നേടിയ മുൻതൂക്കമാണ് പഞ്ചായത്തു തെരഞ്ഞെടുപ്പിൽ നേടിയ 'വമ്പിച്ച രാഷ്ട്രീയ വിജയം'. ഇത്തരമൊരു വിജയത്തെ ഇടത് രാഷ്ട്രീയ വിജയമെന്നു വിശേഷിപ്പിക്കുന്ന നേതാക്കളുടെ തൊലിക്കട്ടി അപാരം തന്നെ.

### അരാഷ്ട്രീയത അരങ്ങുവാണ തെരഞ്ഞെടുപ്പ് പ്രചാരണം

സർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെയും ധനസഹായങ്ങളുടെയും ഔദാര്യം പറ്റുന്നവരെന്ന നിലയിൽ ഉപകാരസ്മരണയായി വോട്ടു നൽകണമെന്നതായിരുന്നു ഇടതുമുന്നണിയുടെയും ഒരളവുവരെ ബിജെപിയുടെയും തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ മുഖ്യമായ ഒരു വശം. സർക്കാരിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ ഔദാര്യമല്ലെന്നും ജനാധിപത്യക്രമത്തിൽ നികുതിദായകന്റെ അവകാശമാണെന്നുമുള്ള രാഷ്ട്രീയബോധത്തിന്റെ സ്ഥാനത്ത് ഔദാര്യം കൈപ്പറ്റുന്നവന്റെ വിധേയമനോഭാവം സൃഷ്ടിച്ച് തെരഞ്ഞെടുപ്പ് നേട്ടം ഉണ്ടാക്കാനാണ് അവർ ലക്ഷ്യം വച്ചത്. ഇത്തവണത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി അവലംബിച്ച പ്രധാന മാർഗ്ഗങ്ങളിലൊന്ന് ആപൽക്കരമായ ഈ അരാഷ്ട്രീയ സമീപനമായിരുന്നു. എറണാകുളം ജില്ലയിലെ നാല് പഞ്ചായത്തിൽ മൽസരിച്ച് അനായാസേന വിജയിച്ച ട്വന്റി-ട്വന്റി എന്ന അരാഷ്ട്രീയ കൂട്ടായ്മ ഫലപ്രദമായി ഉപയോഗപ്പെടുത്തിയത് എൽഡിഎഫും കൂട്ടരും സൃഷ്ടിച്ച അതേ വിധേയമനോഘടനയും ഉപകാരസ്മരണയുടെ ജീർണ്ണതയുമാണ്. ട്വന്റി -ട്വന്റിയുടേത് രാഷ്ട്രീയ വിജയമല്ല എന്ന് പ്രസ്താവിച്ച സിപിഐ(എം)ന് അതേ അരാഷ്ട്രീയ നിലപാട് സംസ്ഥാനം മുഴുവൻ ഉപയോഗപ്പെടുത്തി നേടിയ വിജയത്തെ എങ്ങിനെയാണ് രാഷ്ട്രീയ വിജയമെന്ന് അവകാശപ്പെടാൻ കഴിയുന്നത്.

തികഞ്ഞ ജനവിരുദ്ധമായ ഭരണത്തിന് നേതൃത്വം നൽകുന്ന ഒരു കക്ഷി, ജനങ്ങളിൽനിന്ന് കവർന്നെടുക്കുന്ന ലക്ഷക്കണക്കിന് കോടി രൂപയിലെ ഒരു ചെറു ശതമാനം ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങളോ പാരതോഷികമോ നൽകി, തങ്ങളുടെ പാപക്കറ മുഴുവൻ കഴുകിക്കളഞ്ഞ് ജനങ്ങളുടെ മുമ്പിൽ വിശുദ്ധവേഷം കെട്ടുന്നത് വഞ്ചനയുടെ രാഷ്ട്രീയമാണ്. ജനാധിപത്യ രാഷ്ട്രീയത്തിന്റെ അപചയത്തെയാണ് അത് വെളിവാക്കുന്നത്. തെരഞ്ഞെടുപ്പിലെ വിധിയെഴുത്തിന് അത് മാനദണ്ഡമാകുന്നത് അതിലേറെ അപകടകരമാണ്.

പാചകവാതക കണക്ഷൻ സൗജന്യമായി നൽകി എന്നു പ്രചരിപ്പിച്ച് വോട്ട് തട്ടിയെടുക്കുന്ന ബിജെപി, ഇന്ധനവിലവർദ്ധനവിലൂടെ നടത്തുന്ന അതിഭീമമായ കൊള്ളയുടെ പരിധിയിലേക്ക് കണക്ഷൻ നൽകി പരമാവധി ഇരകളെ കൊണ്ടുവരികയായിരുന്ന ചതി തിരിച്ചറിയണമെങ്കിൽ ജനങ്ങൾ രാഷ്ട്രീയ വിശകലനശേഷി കൈവരിക്കണം. അതിനിട നൽകുന്നതല്ല ഈ 'പാരിതോഷിക രാഷ്ട്രീയം'. വളരെ പരിമിതമായ ചില ആനുകൂല്യങ്ങളുടെ കണക്കു പറഞ്ഞ് ഇന്ന് വോട്ട് നേടുമ്പോൾ നാളെ അതിനെ കവച്ചുവയ്ക്കുന്ന പാരിതോഷിക പ്രഖ്യാപനങ്ങളുമായി വരുന്നവരുടെ പിറകെ ജനങ്ങൾ പോകില്ലേ? ഒരു സർക്കാരിന്റെ നയങ്ങളെ വിശകലനം ചെയ്തുകൊണ്ട് നിലപാട് സ്വീകരിക്കാനും വ്യാമോഹങ്ങളിൽനിന്നും വിധേയത്വത്തിൽനിന്നും മുക്തമായ ജനാധിപത്യ പ്രബുദ്ധതയുടെ അടിസ്ഥാനത്തിൽ സമ്മതിദാനം വിനിയോഗിക്കാനും ജനങ്ങളെ പരിശീലിപ്പിക്കുകയാണ് യഥാർത്ഥ ഇടതുരാഷ്ട്രീയ കടമ. പാരിതോഷികങ്ങളുടെയും ആനുകൂല്യങ്ങളുടെയും തിരികുറ്റിയിൽ കിടന്നു കറങ്ങുന്ന തമിഴ്നാട് രാഷ്ട്രീയം, അപചയമല്ലാതെ ഗുണപരമായ എന്തുമാറ്റമാണ് ഇൻഡ്യൻ ജനാധിപത്യത്തിന് നൽകിയിട്ടുള്ളത്. കേരളത്തിലെ ഇടതുമുന്നണി സർക്കാർ സൗജന്യ കിറ്റുവിതരണം തുടരുമെന്ന പ്രഖ്യാപനം ഉപകാരസ്മരണയുടെ ഫലം ആസന്നമായിട്ടുള്ള നിയമസഭാ തെരഞ്ഞെടുപ്പിലും ലഭിക്കണമെന്ന രാഷ്ട്രീയ കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലുള്ളതാണ്.

### തെരഞ്ഞെടുപ്പിൽ എൽഡിഎഫ് പ്രതിനിധാനം ചെയ്തത് യഥാർത്ഥ ഇടതുപക്ഷ സമര രാഷ്ട്രീയമല്ല

കേരളത്തിലെ ജനങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്ന നീറുന്ന ജീവൽപ്രശ്നങ്ങളൊന്നുംതന്നെ പേരിനുപോലും ഈ തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെട്ടില്ല. കോവിഡ് മഹാവ്യാധി രൂക്ഷമാക്കിയ സാധാരണക്കാരന്റെ ജീവിത പ്രതിസന്ധി വിവരിക്കാനാവാത്തതാണ്. പണിയും വരുമാനവും നഷ്ടപ്പെട്ട് ജനങ്ങൾ നരകിക്കുന്നു. സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ ഭയാനകമാണ്. ഭാവിയെ സംബന്ധിച്ച പ്രതീക്ഷകൾ നഷ്ടപ്പെട്ട യുവാക്കൾ ആത്മഹത്യ ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെ.എസ്.ആർ.ടി.സി ഉൾപ്പടെയുള്ള സ്ഥാപനങ്ങളിൽ വൻതോതിൽ തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നു. സ്വകാര്യമൂലധനത്തിന്റെ കടന്നുവരവ് വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും താറുമാറാക്കി. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള സ്കൂളുകളും ചില കലാലയങ്ങളും മാറ്റി നിർത്തിയാൽ കഴിഞ്ഞ 3 പതിറ്റാണ്ടിനിടയിൽ കേരളത്തിൽ പ്രവർത്തനം തുടങ്ങിയ നൂറുകണക്കിനു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലക്ഷങ്ങളും കോടികളും ഫീസ് പിരിക്കുന്നവ മാത്രമാണ്. പ്രൊഫഷണൽ, തൊഴിലധിഷ്ഠിതമെന്നൊക്കെയുള്ള ആകർഷക പേരുകളിൽ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽവരെ വളരെ ഉയർന്ന ഫീസാണ് പിരിക്കുന്നത്. കാർഷികമേഖലയിലെ പ്രശ്നങ്ങൾ അന്തമില്ലാതെ തുടരുന്നു. വികസനത്തിന്റെ പേരിലുള്ള ജനദ്രോഹ പദ്ധതികളെല്ലാം, വൻകിട നിർമ്മാണ കമ്പനികൾക്ക് കരാറുകൾ നൽകി അവരെ കൊഴുപ്പിക്കുക, നിർമ്മാണ സാമഗ്രികൾ വ്യവസായികമായി ഉൽപ്പാദിപ്പിക്കുന്ന വൻകിട മുതലാളിമാർക്ക് വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മാത്രമുള്ളതാണ്. ദേശീയപാതയെ ചുങ്കം പിരിക്കാനുള്ള പാതയാക്കുന്നതും കെ-റെയിലും ആപൽക്കരങ്ങളായ പദ്ധതികളാണ്. മുകളിൽ സൂചിപ്പിച്ചവയൊന്നും തെരഞ്ഞെടുപ്പിൽ ചർച്ചാവിഷയങ്ങളായിരുന്നില്ല. ഈ തെരഞ്ഞടുപ്പിൽ രാഷ്ട്രീയം ചർച്ച ചെയ്തില്ല എന്ന് കെപിസിസി പ്രസിഡന്റ് അടക്കമുള്ള യുഡിഎഫ് നേതാക്കൾ വിലപിക്കുകയുണ്ടായി. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളും രാഷ്ട്രീയ വിഷയങ്ങളും യുഡിഎഫ് ചർച്ചയാക്കാതിരുന്നത് അവർ പതിറ്റാണ്ടുകളായി പിന്തുടരുന്ന മുതലാളിത്ത രാഷ്ട്രീയത്തോടുള്ള പ്രതിബദ്ധതകൊണ്ട് മാത്രമാണ്. അവരിൽ നിന്ന് അത് പ്രതീക്ഷിക്കേണ്ടതുമില്ല.

ഇടതെന്ന് അവകാശപ്പെടുന്നവർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വേദിയിൽ ഗൗരവമുള്ള ഒരു രാഷ്ട്രീയ വിഷയവും ചർച്ചചെയ്യാൻ മുതിർന്നില്ല. കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ നടപ്പാക്കുന്ന തുറന്നടിച്ച മുതലാളിത്ത അനുകൂല നയങ്ങൾക്കെതിരെയുള്ള ജനവികാരത്തെ ഉപയോഗപ്പെടുത്തി ഏതാനും സീറ്റുനേടുക എന്ന സങ്കുചിതമായ ലക്ഷ്യം മാത്രമേ സിപിഐ(എം), സിപിഐ പാർട്ടികൾക്കുള്ളൂ. പ്രസ്തുത ലക്ഷ്യം നേടാൻ എത്രവേണമോ അത്രമാത്രം എതിർപ്പിന്റെ പ്രതീതി പുറമേക്കു സ്വീകരിക്കും. വിട്ടുവീഴ്ചയില്ലാത്തതും നിരന്തരവുമായ സംഘടിത മുന്നേറ്റത്തിലൂടെ ഒരു നയത്തെ പരാജയപ്പെടുത്തുക എന്ന ലക്ഷ്യം ഇക്കൂട്ടർക്കില്ല. ഏറിയാൽ ഒരു പ്രത്യേക സമരപരിപാടി അനുഷ്ഠാനമെന്നപോലെ സംഘടിപ്പിച്ച് പിൻവാങ്ങും. ജനങ്ങൾക്ക് ജനാധിപത്യ പ്രബുദ്ധതയും പോരാട്ടത്തിന്റെ ആത്മധൈര്യവും ഇച്ഛാശക്തിയും പകർന്നുനൽകുന്ന നീണ്ടുനിൽക്കുന്ന പ്രക്ഷോഭത്തിന്റെ രാഷ്ട്രീയം ഇക്കൂട്ടർ കൈവെടിഞ്ഞുകഴിഞ്ഞു. അത്തരമൊരു രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ പരിശീലനം നൽകാൻ അവർ ഭയക്കുന്നു. മുതലാളിത്ത വ്യവസ്ഥയുടെ കാര്യസ്ഥന്മാരെന്ന നിലയിൽ തങ്ങൾ സ്വീകരിക്കുന്ന നയങ്ങളെയും ചോദ്യം ചെയ്യാനുള്ള മനോഭാവമായി നാളെ അത് വളരുമെന്ന് അവർക്കറിയാം. അതുകൊണ്ടാണ് തെരഞ്ഞെടുപ്പിന്റെ വേദിയിൽ ബിജെപിയുടെ നയങ്ങൾക്കെതിരായ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയം അവതരിപ്പിക്കാതെ ബോധപൂർവ്വമായ നിശബ്ദത പാലിച്ചത്. രാജ്യമെമ്പാടും അലയടിക്കുന്ന കർഷക പ്രക്ഷോഭത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് ഒരക്ഷരം ഉരിയാടാൻ സിപിഐ(എം)ഉം കൂട്ടാളികളും മുന്നോട്ടുവന്നില്ല. പ്രകടമായ ഈ മൗനം മാധ്യമങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളും വിമർശനവിധേയമാക്കുന്നു എന്ന നിലവന്നപ്പോഴാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് അവസാനിക്കുന്ന ദിനത്തിൽ പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഐക്യദാർഢ്യ കേന്ദ്രം തുടങ്ങിയത്. അതിശൈത്യത്തെ നേരിട്ട് ദില്ലിയിൽ പൊരുതുന്ന കർഷകരെ പിന്തുണയ്ക്കാനും കേന്ദ്ര സർക്കാരിന്റെ ധിക്കാരത്തിൽ പ്രതിഷേധിക്കാനും ഇടതെന്ന് അവകാശപ്പെടുന്ന ഈ സംഘടനകൾ മുന്നോട്ടു വരാതിരുന്നത് മുതലാളിമാർക്ക് പാദസേവ ചെയ്യുന്ന നയപരമായ കാര്യങ്ങളിലുള്ള തികഞ്ഞ ഐക്യത്തെയാണ് വ്യക്തമാക്കുന്നത്. രാജ്യം മുഴുവൻ ഇളകിമറിയുന്ന ഐതിഹാസിക കർഷക പ്രക്ഷോഭത്തിന്റെ രാഷ്ട്രീയ സന്ദേശം പഞ്ചായത്ത് തെരഞ്ഞെടുപ്പ് വേളയിൽ പ്രചരിപ്പിക്കാതിരുന്നവർ എന്തു രാഷ്ട്രീയ പേരാട്ടത്തിനാണ് നേതൃത്വം നൽകിയത്?

ഒരു രാഷ്ട്രീയ പോരാട്ടവും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നടന്നില്ല. സർക്കാർ പാരിതോഷികങ്ങളുടെ പേരിൽ നടത്തിയ, രാഷ്ട്രീയ അശ്ലീലമായി മാറിയ സഹായ അഭ്യർത്ഥനയും ജനങ്ങളെ കബളിപ്പിക്കുന്ന വികസനത്തിന്റെ രാഷ്ട്രീയവും തരാതരം പോലെ ജാതി-മത ശക്തികളുടെ ധ്രുവീകരണവും ഭൂരിപക്ഷ വർഗ്ഗീയതയെ പ്രീണിപ്പിക്കലും കേരളാ കോൺഗ്രസ്സ് പോലുള്ളകക്ഷികളെക്കൂടെക്കൂട്ടിയുള്ള അവസരവാദവും കണക്കില്ലാതെ ഒഴുക്കിയ പണവും എല്ലാം ചേർന്ന് സൃഷ്ടിച്ചതാണ് തെരഞ്ഞെടുപ്പ് രംഗത്തെ ഈ നേട്ടം. ഇത് ജനപക്ഷ സമര രാഷ്ട്രീയത്തിന്റെ വിജയമല്ല. ഇതിൽ ജനങ്ങൾക്ക് ഒന്നും പ്രതീക്ഷിക്കാനുമില്ല. അതിജീവനത്തിന്റെ പോരാട്ടത്തിൽ ഈ വിജയം ഒരു പാതയും കാട്ടുന്നില്ല. ജനജീവിതത്തിന്റെ എണ്ണമറ്റ ദുരിതങ്ങളുടെ പരിഹാരാർത്ഥമുള്ള, സുസംഘടിതമായ ജനാധിപത്യ പ്രക്ഷോഭത്തിന്റെ മാർഗ്ഗം വിട്ടുവീഴ്ചയുടെ ലാഞ്ചനപോലുമില്ലാതെ സ്വീകരിക്കുകയാണ് ജനങ്ങളുടെ മുമ്പിലുള്ള ഒരേയൊരു പാത. അതാണ് ജനങ്ങളുടെ കടമയും. ■

**സർക്കാരിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ ഔദാര്യമല്ലെന്നും ജനാധിപത്യക്രമത്തിൽ നികുതിദായകന്റെ അവകാശമാണെന്നുമുള്ള രാഷ്ട്രീയബോധത്തിന്റെ സ്ഥാനത്ത് ഔദാര്യം കൈപ്പറ്റുന്നവന്റെ വിധേയമനോഭാവം സൃഷ്ടിച്ച് തെരഞ്ഞെടുപ്പ് നേട്ടം ഉണ്ടാക്കാനാണ് ഇടത് മുന്നണി ലക്ഷ്യം വച്ചത്.**



കെ-റെയിൽ പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കാട്ടിലപ്പീടികയിൽ നടക്കുന്ന അനിശ്ചിതകാല സമരത്തിന്റെ ഭാഗമായി കാപ്പാട് കടപ്പുറത്ത് പ്രതീകാത്മകമായി സർവേക്കല്ല് കടലിലെറിഞ്ഞുകൊണ്ട് നടത്തിയ പ്രതിഷേധത്തിൽ സംസ്ഥാന കെ റെയിൽ വിരുദ്ധ ജനകീയ സമിതി കൺവീനർ ഇ.വി. പ്രകാശ് പ്രസംഗിക്കുന്നു

ചലോ ഡൽഹി

# രാജ്യമെമ്പാടും സമരപ്രചാരണവുമായി എസ്‌യുസിഐ(സി)യും എഐകെകെഎംഎസും

(2-ാം പേജിൽ നിന്ന്)

കൾ താൽക്കാലിക കുളിമുറികളും മറ്റും സജ്ജീകരിക്കുന്നു. സാർവ്വത്രിക ആരോഗ്യം എന്ന മുദ്രാവാക്യവുമായി മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ സർവ്വീസ് സെന്റർ ഡോക്ടർമാരും നഴ്സുമാരുമൊക്കെയായി സമരമുഖത്ത് ഓടിയെത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു. ഐതിഹാസികമായ ഈ പ്രക്ഷോഭം നമ്മുടെ രാജ്യത്തെയാകെ ഉണർത്തി എന്നമാത്രമല്ല ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രതിഷേധമുയരാൻ ഇടയാക്കുകയും ചെയ്തു. അമേരിക്ക, ഇംഗ്ലണ്ട്, കാനഡ തുടങ്ങിയ രാജ്യങ്ങളിലൊക്കെ ജനങ്ങൾ തെരുവിലിറങ്ങിയതിന്റെ റിപ്പോർട്ടുകൾ വന്നുകഴിഞ്ഞു. കാർഷിക മേഖലയിൽ ഗവണ്മെന്റ് കൊണ്ടുവന്ന മൂന്ന് കരിനിയമങ്ങളും വൈദ്യുതി(ഭേദഗതി) ബില്ലും പിൻവലിക്കുന്നതുവരെ സമരവുമായി മുന്നോട്ടു പോകാനുള്ള ഉറച്ച തീരുമാനത്തിലാണ് കർഷകർ. സുദീർഘമായൊരു പോരാട്ടത്തിനുള്ള സർവ്വ സന്നാഹങ്ങളോടെയുമാണ് അവർ എത്തിയിരിക്കുന്നത്. ബിജെപി ഗവണ്മെന്റിന്റെ ഏകാധിപത്യ വാഴ്ച്ചയും നിരന്തരമുണ്ടാകുന്ന ജനവിരുദ്ധ നടപടികൾക്കുമെതിരെ രാജ്യത്തെ ജനങ്ങളിൽ വളർന്നുവരുന്ന അസംതൃപ്തിക്ക് യഥാർത്ഥത്തിൽ ഈ പ്രക്ഷോഭം ശബ്ദം നൽകിയിരിക്കുന്നു എന്നതൊരു വസ്തുതയാണ്.

### ബിജെപിയുടെ കഴമ്പില്ലാത്ത വാദഗതികളും സമരത്തെ താറടിക്കാനുള്ള ഹീനശ്രമങ്ങളും

പ്രതിപക്ഷ പാർട്ടികൾ ബില്ലിനെ ദുർവ്യാഖ്യാനം ചെയ്ത് കർഷകരെ വഴിതെറ്റിക്കുന്നു എന്നായിരുന്നു ബിജെപി നേതാക്കളും മന്ത്രിമാരും ആദ്യം പറഞ്ഞത്. പിന്നീട് പഞ്ചാബിലെ വൻകിട കർഷകരുടെ താല്പര്യത്തിന് എതിരായതുകൊണ്ട് അവർ മറ്റുള്ളവരെ ഇളക്കിവിടുന്നു എന്നായി ഭാഷ്യം. പഞ്ചാബിലാണ് സമരം തുടങ്ങിയത് എന്നത് ശരിയാണ്. പഞ്ചാബ്, ഹരിയാന, പശ്ചിമ യുപി എന്നിവിടങ്ങളിലെ നല്ലൊരു പങ്ക് കർഷകർ മറ്റ് സംസ്ഥാനങ്ങളിലെ കർഷകരെ അപേക്ഷിച്ച് അല്പം മെച്ചപ്പെട്ടൊരു സ്ഥിതിയിലാണ് എന്നതും വസ്തുതയാണ്. അതിന് കൃത്യമായ കാരണവുമുണ്ട്. 1970 കളിൽ ഇന്ത്യാ ഗവണ്മെന്റ് ഹരിത വിപ്ലവം നടപ്പിലാക്കിയപ്പോൾ അതിന്റെയും, ഗവണ്മെന്റ് കർഷകരിൽനിന്ന് നേരിട്ട് ഉല്പന്നങ്ങൾ സംഭരിക്കാൻ തുടങ്ങിയപ്പോൾ അതിന്റെയും നേട്ടം ഏറ്റവും അധികം ലഭിച്ചത് ഈ മേഖലയിലെ കർഷകർക്കാണ്. ഇന്നും ഈ മേഖലയിലെ 90 ശതമാനം ഉല്പന്നങ്ങളും ഗവണ്മെന്റ് നിയന്ത്രണത്തിലുള്ള കാർഷികോല്പന്ന മൊത്തക്കച്ചവട കമ്പോളമായ മണ്ഡികൾ വഴിയാണ് സംഭരിക്കപ്പെടുന്നത്. കാർഷികോല്പന്ന വിപണന സമിതി നിയമത്തിന് (എപിഎംസി) വിധേയമായി പ്രവർത്തിക്കുന്ന ഈ മണ്ഡികൾ പുതിയ നിയമപ്രകാരം ഫലത്തിൽ പ്രവർത്തന രഹിതമായിത്തീരും. ഈ മണ്ഡികൾക്കുപുറത്ത് തങ്ങളുടെ ഉല്പന്നങ്ങൾ നിയന്ത്രണങ്ങളേതുമില്ലാതെ വിൽക്കാൻ കർഷകർക്ക് പുതിയ നിയമപ്രകാരം അവസരം ലഭിക്കുമെന്നും സ്വകാര്യ സംരംഭകരുമായി കൃഷിയിറക്കുന്നതിന് മുമ്പുതന്നെ ഉല്പന്നങ്ങൾ വിൽക്കാനുള്ള കരാറിൽ ഏർപ്പെടാൻ അവസരം ലഭിക്കുന്നതിലൂടെ കർഷകരെ ശാക്തീകരിക്കാൻ കഴിയുമെന്നമാണ് ബിജെപി ഗവണ്മെന്റ് പറയുന്നത്. എന്നമാത്രമല്ല കർഷകരെ പിഴിയുന്ന ഇടനിലക്കാരെ ഒഴിവാക്കുകയും ചെയ്യുമത്രെ. ഇത് ശരിയാണോ?

ബീഹാറിൽ 2006ൽ തന്നെ എപിഎംസി നിയമം റദ്ദാക്കിയിരുന്നു. ഇതുമൂലം മണ്ഡികൾ നിർത്തലാക്കുകയും സ്വകാര്യകമ്പനികൾക്ക് കർഷകരിൽനിന്ന് നേരിട്ട് ഉല്പന്നങ്ങൾ സംഭരിക്കാൻ അവസരം ലഭിക്കുകയും ചെയ്തു. ഇതിന്റ ഫലമെന്തായിരുന്നു? 90 ശതമാനം കർഷകരും ചെറുകിടക്കാരും ഇടത്തരക്കാരുമായിട്ടുള്ള ബീഹാറിൽ കാർഷികോല്പാദനം ഗണ്യമായി വർദ്ധിച്ചുവെന്നാണ് ഗവണ്മെന്റ് അവകാശപ്പെടുന്നത്. എന്നാൽ കർഷകർ പറയുന്നത് എപിഎംസി റദ്ദാക്കിയതിന് ശേഷം ഇടനിലക്കാരും പ്രാദേശിക കച്ചവടക്കാരും താങ്ങുവിലയിലും(എംഎസ്‌പി) താഴെ കർഷകരിൽനിന്ന് ഉല്പന്നങ്ങൾ വാങ്ങുകയും വൻതോതിൽ ലാഭമുണ്ടാക്കുകയും ചെയ്തു എന്നത്രെ. നിയമം റദ്ദാക്കിയിട്ടും ഇടനിലക്കാർക്ക് രംഗം കൈയടക്കാൻ കഴിഞ്ഞതെങ്ങനെ? നരേന്ദ്രമോദി ഇപ്പോൾ ചെയ്യുന്നത് 2006ൽ തന്നെ നിതീഷ്കുമാർ ചെയ്തതാണെന്നും 14 വർഷമായിട്ടും ബീഹാറിലെ കർഷകരുടെ സ്ഥിതി മെച്ചപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്നും എംഎൻ സിൻഹ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ സാമ്പത്തിക ശാസ്ത്രജ്ഞനായ ഡി.എം.ദിവാകർ ചോദിക്കുന്നു. (ഇന്ത്യ ടുഡേ, 10-12-20) അതുകൊണ്ടുതന്നെ ഇന്ത്യൻ കാർഷിക കമ്പോളത്തിൽ കടന്നുകയറാൻ തക്കംപാർത്തിരിക്കുന്ന ഭീമൻ കുത്തകകളുടെയും ബഹുരാഷ്ട്ര കമ്പനികളുടെയും ആദ്യലക്ഷ്യം പഞ്ചാബ്-ഹരിയാന-പശ്ചിമ യുപി മേഖലയായിരിക്കുമെന്ന് അവിടുത്തെ കർഷകർ ഭയപ്പെടുന്നു. ഈ ആശങ്ക അസ്ഥാനത്തല്ലതാനും. അദാനി ഗ്രൂപ്പ് ഇത്തരത്തിൽ അനുകൂലമായ ഒരു നിയമം മുന്നിൽക്കണ്ട് ഹരിയാനയിലും മറ്റുചില നഗരങ്ങളിലും കോൾഡ് സ്റ്റോറേജുകൾ പണിതുതുടങ്ങിയിരുന്നു.

രണ്ടാമത്തെകാര്യം, ഹരിയാനയിലും പഞ്ചാബിലും 'ഖാപ് പഞ്ചായത്തുകൾ' സമരത്തിന് ആഹ്വാനം നൽകി എന്നതാണ്. വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവർ ഉൾപ്പെട്ട ഈ സമിതികൾ നൽകുന്ന നിർദ്ദേശങ്ങൾ എല്ലാവരും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇത്തരത്തിലുള്ള ഖാപ് പഞ്ചായത്തുകളുടെ ആഹ്വാനത്തോട് വമ്പിച്ച പ്രതികരണമാണ് ജനങ്ങളിൽനിന്നുണ്ടായത്. സമരത്തിൽ പങ്കെടുക്കുന്ന കർഷകരിൽ 70 ശതമാനവും ദരിദ്ര-ചെറുകിട-ഇടത്തരം വിഭാഗങ്ങളിൽ പെടുന്നവരാണ്. വിദേശ ശക്തികൾ സമരത്തിന് സഹായം ചെയ്യുന്നു എന്നതായിരുന്നു ബിജെപിയുടെ അടുത്ത ആരോപണം. തുടർന്ന്, സമരത്തിൽ പങ്കെടുക്കുന്ന സിഖുകാർ തീവ്രവാദികൾ ആണ് എന്നായി ആരോപണം. ഇപ്പോൾ പറയുന്നു തീവ്ര ഇടതുപക്ഷക്കാരും മാവോയിസ്റ്റുകളുമാണ് സമരത്തിന് പിന്നിലെന്ന്. എൻആർസി വിരുദ്ധ, സിഎഎ വിരുദ്ധ ഷഹീൻ ബാഗ് സമരത്തിലും ഇവർ സമാനമായ ആരോപണം ഉയർത്തിയിരുന്നു എന്നകാര്യം ഓർക്കമല്ലോ. എന്നാൽ അടിസ്ഥാനരഹിതമായ ഈ ആരോപണങ്ങളെല്ലാം സമരം ചെയ്യുന്ന കർഷകർ പുച്ഛിച്ചുതള്ളി. ഈ നിയമങ്ങൾ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാനും സ്വകാര്യ കച്ചവടം പ്രോത്സാഹിപ്പിക്കാനും വേണ്ടിയുള്ളതാണെന്നും സർക്കാരിന് മുഴുവൻ കാർഷികോല്പന്നങ്ങളും സംഭരിക്കാനാവില്ല എന്നുമാണ് ഇപ്പോൾ സർക്കാർ വിലാസം പണ്ഡിതന്മാർ പറയുന്നത്. ഇതും പരിഹാസ്യമായ വാദഗതിതന്നെ. കാർഷിക മേഖല കോർപ്പറേറ്റ് ഭീമന്മാർക്കും ബഹുരാഷ്ട്ര കുത്തകകൾക്കും തീറെഴുതണമെന്നതല്ലാതെ മറ്റെന്ത് തടസ്സമാണ് കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിൽ സർക്കാരിന്റെ മുന്നിലുള്ളത്? ഇപ്പോൾതന്നെ, ഫെർട്ടിലൈസർ കോർപ്പറേഷൻ ഓഫ് ഇന്ത്യ പോലുള്ള സർക്കാർ സംവിധാനങ്ങൾ അടച്ചുപൂട്ടിക്കൊണ്ട് വിത്ത്, വളം, കീടനാശിനി, ഡീസൽ തുടങ്ങിയ കാര്യങ്ങളിലൊക്കെ സ്വകാര്യ സംരംഭകരുടെ ദയാദാക്ഷിണ്യങ്ങൾക്ക് മുന്നിലേയ്ക്ക് കർഷകരെ എറിഞ്ഞുകൊടുത്തുകഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ഫലമോ? കൃഷിച്ചെലവ് വൻതോതിൽ ഉയരുന്നു. രാജ്യത്തെ കർഷകരുടെ 86 ശതമാനം വരുന്ന ദരിദ്ര-ചെറുകിട കർഷകരും പങ്ക് കൃഷിക്കാരുമൊക്കെയാണ് ഇതിന്റെ ഭാരം ഏറ്റവുമാധികം താങ്ങേണ്ടിവരുന്നത്. വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ഗതാഗതം, വാർത്താവിനിമയം, വൈദ്യുതി തുടങ്ങിയ മേഖലകളൊക്കെ കുത്തകകൾക്ക് സമ്മാനിച്ചതിലൂടെ ഈ സേവനങ്ങളൊക്കെ സാധാരണക്കാർക്ക് ഏതാണ്ട് അപ്രാപ്യമായിക്കഴിഞ്ഞിരിക്കുകയാണ്. അപ്പോൾപ്പിന്നെ കാർഷികോല്പന്ന സംഭരണത്തിന്റെ കാര്യത്തിൽ വേറിട്ടൊരു അനുഭവമുണ്ടാകുമോ? എന്നമാത്രമല്ല സംഭരണരംഗത്ത് ചുറ്റിപ്പറ്റിനടക്കുന്ന ഇടനിലക്കാർ ആരാണ്? അവർ വെറും വ്യക്തികളാണോ? അതോ പോലീസും ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും ദല്ലാൾമാരുമെല്ലാമടങ്ങുന്ന ഒരു അവിശുദ്ധ സഖ്യത്തിന്റെ ഭാഗമോ? അധികാരത്തിലിരിക്കുന്നവരുടെ ഒത്താശയോ പങ്കാളിത്തമോ ഇല്ലാതെ ഈ കൂട്ടുകെട്ടിന് കുസലെന്യേ പ്രവർത്തിക്കാൻ കഴിയുമോ? ഇന്നത്തെ ഏറ്റവും അഴിമതി നിറഞ്ഞതും നിർദ്ദയമായ ചൂഷണത്തിൽ അടിയുറച്ചതുമായ മുതലാളിത്ത വാഴ്ച്ചയുടെ അഭേദ്യ ഭാഗം തന്നെയാണ് യഥാർത്ഥത്തിൽ ഇടനിലക്കാരും. ബിജെപിയും മറ്റ് ബൂർഷ്വാ പാർട്ടികളും ഈ മുതലാളിത്ത വാഴ്ച്ചയുടെ സേവകരും.

കാർഷിക മേഖല സമ്പൂർണമായി സ്വകാര്യവൽക്കരിക്കുക എന്നതാണ് ബിജെപി ഗവണ്മെന്റിന്റെയും അവരുടെ രക്ഷാധികാരികളായ മുതലാളിവർഗത്തിന്റെയും ഹീന പദ്ധതി. ഈ പദ്ധതിയ്ക്ക് മുന്നിൽ ഇപ്പോഴത്തെ പ്രക്ഷോഭം വലിയ വെല്ലുവിളിയാണ് ഉയർത്തിയിട്ടുള്ളത്. കപട വാഗ്ദാനങ്ങൾക്കോ മധുരത്തിൽ പൊതിഞ്ഞ ഉറപ്പുകൾക്കോ തരംപോലെയുള്ള നിലപാടുകൾക്കോ കർഷകരുടെ സമരവീര്യം കെടുത്താനോ അവരെ അനുനയിപ്പിക്കാനോ കഴിയില്ല. പ്രശ്നം രമ്യമായി പരിഹരിക്കണമെന്ന് ഭരണമുന്നണിയിൽനിന്നുതന്നെ ആവശ്യമുയർന്നിട്ടുമുണ്ട്.

### നമ്മുടെ പാർട്ടിയും വർഗ-ബഹുജന മുന്നണികളും സമരത്തിന്റെ മുൻനിരയിൽ

ഐതിഹാസികമായ ഈ പ്രക്ഷോഭം ശരിയായ ദിശയിൽ മുന്നേറുകയും വിജയം വരിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ കാഴ്ചപ്പാടോടെ നമ്മുടെ പാർട്ടി എസ്‌യുസിഐ(സി)യുടെ കർഷക സംഘടനയായ ആൾ ഇന്ത്യാ കിസാൻ ഖേത് മജ്ദൂർ സംഘടൻ (എഐകെകെഎംഎസ്) ഈ സമരം തുടങ്ങിയ അന്നുമുതൽ അതിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. സംയുക്ത കർഷക മോർച്ചയുടെ നേതൃത്വത്തിലാണ് സമരം നടക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലുള്ള കർഷക സംഘടനകളുടെ അഖിലേന്ത്യാ സമിതിയായ ആൾ ഇന്ത്യാ കിസാൻ സംഘർഷ് കോ-ഓർഡിനേഷൻ കമ്മിറ്റി (എഐകെഎസ്‌സിസി) ഈ സംയുക്ത കർഷക മോർച്ചയിലെ ഒരു ഘടകകക്ഷിയാണ്. എഐകെഎസ്‌സിസിയിലെ ഒരു പ്രമുഖാംഗമാണ് എഐകെകെഎംഎസ്. അതിന്റെ നേതാക്കൾ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളുമാണ്. രാജ്യമെമ്പാടും ഈ സമരം വളർത്തിയെടുക്കുന്നതിൽ എഐകെകെഎംഎസും എഐകെഎസ്‌സിസിയും സർവ്വശക്തിയും സമാഹരിച്ച് പ്രവർത്തിക്കുകയാണ്. എഐകെകെഎംഎസ് പ്രസിഡന്റ് സഖാവ് സത്യവാനും ജനറൽ സെക്രട്ടറി സഖാവ് ശങ്കർ ഘോഷും ഡൽഹിയിൽ പ്രക്ഷോഭത്തിന്റെ മുൻനിരയിൽ നേതൃത്വപരമായ പ്രവർത്തനം നടത്തുന്നു.

കേന്ദ്ര ഗവണ്മന്റ് ഈ മൂന്ന് കാർഷിക നിയമങ്ങൾക്കും വൈദ്യുതി(ഭേദഗതി) ബിൽ 2020നും രൂപം നൽകിയ നാൾമുതൽ ഈ വിനാശകരമായ നിയമങ്ങൾക്കെതിരെ എഐകെകെഎംഎസ് ശക്തമായ പ്രതിഷേധം ഉയർത്തുകയും സുദീർഘമായൊരു പ്രക്ഷോഭം വളർത്തിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്തുവരികയായിരുന്നു. ഈ നിയമങ്ങളുടെയും വൈദ്യുതി ബില്ലിന്റെയും ജനവിരുദ്ധ സ്വഭാവം തുറന്നുകാണിച്ചുകൊണ്ട് സാധാരണ കർഷകരെ സമരപാതയിലേയ്ക്ക് ആനയിക്കാൻ എഐകെകെഎംഎസിന് കഴിഞ്ഞിട്ടുണ്ട്.

എഐകെഎസ്‌സിസി സെപ്തംബർ 25ന് ഗ്രാമീൺ ബന്ദിന് ആഹ്വാനം ചെയ്തപ്പോൾ എഐകെകെഎംഎസ് സർവ്വാർത്ഥത്തിലും അതിന് പിന്തുണനൽകി. 14 സംസ്ഥാനങ്ങളിലായി 3000 ഗ്രാമങ്ങളിൽ ശക്തമായ പ്രചാരണം നടത്തി. രണ്ടായിരത്തിലേറെ സ്ഥലങ്ങളിൽ റോഡ് ഉപരോധം സംഘടിപ്പിച്ചു. അനേകം യോഗങ്ങളിൽ സമരത്തിനാധാരമായ വിഷയങ്ങൾ വിശദീകരിച്ചു. കരിനിയമങ്ങളുടെ കോപ്പികൾ കത്തിക്കുന്ന ആയിരക്കണക്കിന് പരിപാടികൾ നടത്തി. ഒക്ടോബർ 14ന് അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിച്ചു. അന്നേദിവസം റോഡ്-റെയിൽ ഉപരോധവും ബ്ലോക്ക് ഓഫീസ് പിക്കറ്റിംഗും മറ്റ് ജനാധിപത്യപരമായ സമര പരിപാടികളും സംഘടിപ്പിച്ചു. തെരുവ് യോഗങ്ങളും ചർച്ചകളും നടത്തിക്കൊണ്ട് ഗ്രാമങ്ങൾതോറും കർഷകരുടെ സമര കമ്മിറ്റികൾക്ക് രൂപംനൽകി. കരിനിയമങ്ങൾ തുറന്നുകാട്ടുന്ന ബുക്ക്‌ലെറ്റുകളും നോട്ടീസുകളും പ്രസിദ്ധീകരിച്ച് വ്യാപകമായ ക്യാമ്പെയിൻ നടത്തി. ഓൺലൈൻ ചർച്ചകളും വെബിനാറുകളും സംഘടിപ്പിച്ചു. കർഷക സംഘടനകൾ നവംബർ 26-27ന് ഡൽഹി മാർച്ച് പ്രഖ്യാപിച്ചപ്പോൾ എല്ലാ ശക്തിയും സമാഹരിച്ചുകൊണ്ടും അർപ്പണബോ

(ശേഷം 7-ാം പേജിൽ)

# കാർഷിക കരിനിയമങ്ങളുടെ പ്രത്യാഘാതങ്ങൾ

1. ബില്ലുകൾ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നതിനുമുമ്പ് രാജ്യത്തെ കർഷക സംഘടനകളുമായോ ജനപ്രതിനിധികളുമായോ ചർച്ച ചെയ്തിട്ടില്ല. തികച്ചും ജനാധിപത്യവിരുദ്ധമായ രീതിയിലാണ് ഇവ പാസ്സാക്കിയത്.

2.താങ്ങുവിലയുടെകാര്യത്തിൽ ഭയപ്പെടേണ്ടതില്ലെന്ന് ബിജെപി നേതാക്കളും മന്ത്രിമാരും വഞ്ചനാപരമായി പറയുന്നുണ്ടെങ്കിലും താങ്ങുവിലയെക്കുറിച്ച് ഈ നിയമത്തിൽ പരാമർശമില്ല.

3. ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണവിത്തുകൾ, ഭക്ഷ്യ എണ്ണകൾ, ഉള്ളി, ഉരുളക്കിഴങ്ങ് എന്നീ ഭക്ഷ്യവസ്തുക്കളെ അവശ്യ സാധനങ്ങളുടെ പട്ടികയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. ഇതുമൂലം ഇവ എത്ര വേണമെങ്കിലും പൂഴ്ത്തിവയ്ക്കാനും കരിഞ്ചന്തയും കൃത്രിമമായി ക്ഷാമം സൃഷ്ടിച്ച് വൻതോതിൽ വില വർദ്ധിപ്പിക്കാനുമൊക്കെവഴിതുറന്നിരിക്കുകയാണ്.

4. ഇവയുടെ വില എത്ര വർദ്ധിച്ചാലും വിലകുറയ്ക്കാനായി ഗവണ്മെന്റ് യാതൊരു ഇടപെടലും നടത്തുകയില്ല.

5. യുദ്ധം, ഭക്ഷ്യക്ഷാമം, അസാധാരണമായ വിലക്കയറ്റം, വിനാശകരമായ പ്രകൃതിക്ഷോഭം എന്നീ അസാധാരണ സാഹചര്യങ്ങളിൽ മാത്രമേ പൂഴ്ത്തിവയ്പ്പും വിലക്കയറ്റവും തടയുന്നതിനായി ഗവണ്മെന്റ് ഇടപെടൂ. അവശ്യസാധന വിലകൾ കുതിച്ചുയരുമ്പോൾ എന്തുകൊണ്ട് ഗവണ്മെന്റ് വെറും കാഴ്ചക്കാരായി നോക്കിനിൽക്കുന്നു?

6. സംസ്ഥാന സർക്കാരിന്റെ ക്രമസമാധാനപാലന സംവിധാനത്തിന് കാർഷിക കമ്പോളത്തിൽ യാതൊരു നിയന്ത്രണാധികാരവും ഉണ്ടായിരിക്കില്ല. കേന്ദ്ര ഗവണ്മെന്റിന്റെ ആജ്ഞാനുസരണം യാതൊരു നിയന്ത്രണവുമില്ലാത്തവാണിജ്യവൽക്കരണം കാർഷികമേഖലയിൽ അരങ്ങേറും എന്നർത്ഥം.

7. കർഷകർ തമ്മിലോ കാർഷികോൽപന്നങ്ങൾ വാങ്ങുന്നവരും വിൽക്കുന്നവരും തമ്മിലോ എന്തെങ്കിലും തർക്കമുണ്ടായാൽ ജുഡീഷ്യറിക്ക് അതിൽ ഇടപെടാനാകില്ല. ജില്ലാ മജിസ്ട്രേറ്റ് അപ്പലേറ്റ് അതോറിട്ടിയും സബ്ഡിവിഷണൽ മജിസ്ട്രേറ്റ് അതിനുതാഴെയുള്ള അതോറിട്ടിയുമായിരിക്കും. അതായത് ഉല്പന്നങ്ങൾ വാങ്ങുന്ന കോർപറേറ്റുകളുമായി തർക്കമുണ്ടായാൽ കർഷകർക്ക് കോടതിവഴി യാതൊരു പരിഹാരവും നേടാനാകില്ല എന്നർത്ഥം.

8.ജില്ലാമജിസ്ട്രേറ്റും സബ്ഡിവിഷണൽ മജിസ്ട്രേറ്റും കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ടായിരിക്കും പ്രവർത്തിക്കുക. അതായത് സംസ്ഥാന സർക്കാർ വെറും നോക്കുകുത്തിയായിരിക്കും.

9. നിരക്ഷരനോ ഭാഗികമായി സാക്ഷരനോ മാത്രമല്ല വിദ്യാസമ്പന്നനായ, എന്നാൽ നിയമ പരിജ്ഞാനമില്ലാത്ത ഒരു കർഷകനുപോലും കോൺട്രാക്ട് രേഖകൾ തയ്യാറാക്കാനോ അതിലെ വ്യവസ്ഥകൾ മനസ്സിലാക്കാനോ സാധിക്കില്ലെന്ന് വ്യക്തമാണ്. ഉല്പന്നങ്ങൾ വാങ്ങുന്ന കുത്തക കമ്പനികൾക്ക് ഒരു വക്കീലിനെ ഏർപ്പെടുത്താൻ കഴിയും. എന്നാൽ ഒരു ദരിദ്ര കർഷകന് അതേക്കുറിച്ച് ചിന്തിക്കാൻപോലുമാകില്ല. അതായത് കരാർ കൃഷിയുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ കർഷകന് നീതി ലഭിക്കില്ലെന്നുറപ്പ്.

10. ഇന്ത്യയിൽ ഇന്നും കൃഷി വലിയൊരു പരിധിവരെ പ്രകൃതിയെ ആശ്രയിച്ചാണിരിക്കുന്നത്. വെള്ളപ്പൊക്കം, വരൾച്ച, കീടശല്യം തുടങ്ങിയവയൊക്കെമൂലം കൃഷി നശിച്ചാൽ കർഷകൻ കരാർ ലംഘനം നടത്തിയതായി കണക്കാക്കുകയും അയാൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യും.

11. കൃഷി നശിച്ചാൽ പിന്നെ ദരിദ്രനായ കർഷകൻ എങ്ങനെയാണ് നഷ്ടപരിഹാരം നൽകുക?

12. കർഷകനും വാങ്ങുന്ന സ്ഥാപനത്തിനും ഇൻഷ്വറൻസ് പരിരക്ഷ ആവശ്യമുണ്ട്. ഇതിനാവശ്യമായ ചെലവ് കർഷകനും ബന്ധപ്പെട്ട കമ്പനിയും വഹിക്കേണ്ടതാണ്. സ്വാഭാവികമായും ഈ തുകകൂടി ഉല്പന്നത്തിന്റെ വിലയോട് ചേർക്കുകയും ചില്ലറ വില്പന കമ്പോളത്തിൽനിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നവരെ ഇത് പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

13. കരാർ ലംഘനം ഉണ്ടായാൽ കേസ് നടത്താൻ വക്കീലിനെ ഏർപ്പെടുത്തണം. ഒരു നിയമയുദ്ധത്തിന് കർഷകന് ശേഷി ഇല്ലാതെവന്നാൽ കോർപ്പറേറ്റുകളും കുത്തകകമ്പനികളും തങ്ങൾക്കനുകൂലമായ തീർപ്പ് നേടിയെടുക്കുകതന്നെ ചെയ്യും.

14. ചെറുകിട-ദരിദ്ര കർഷകരാണ് ആകെ കർഷകരുടെ 86 ശതമാനവും. അവരുടെ കൈയിൽ കൃഷിയോഗ്യമായ ഭൂമിയുടെ 47 ശതമാനമേ ഉള്ളൂ. ബാക്കി 53 ശതമാനവും 14 ശതമാനംവരുന്ന വൻകിടക്കാരുടെ കൈയിലാണ്. വൻതോതിലുള്ള കോർപ്പറേറ്റ്വൽക്കരണം വന്നാൽ ബഹുഭൂരിപക്ഷം വരുന്ന ഈ ദരിദ്ര-ചെറുകിട കർഷകരുടെ ഗതിയെന്താകും?

15. കേന്ദ്ര ധനകാര്യ മന്ത്രിതന്നെ കൊറോണ പകർച്ചവ്യാധിയെക്കുറിച്ച് പറഞ്ഞത് 'ദൈവം വിധിച്ച കാലക്കേട്' എന്നാണ്. ഇതിനെ പ്രകൃതിദുരന്തമെന്നല്ലേ വിളിക്കേണ്ടത്? അങ്ങനെയെങ്കിൽ, ഇത്ര നിർണ്ണായകവും വിവാദപരവുമായ നിയമനിർമ്മാണങ്ങൾ ഏകപക്ഷീയമായും തോന്നുംപടിയും നടത്താൻ ഈ ദുരന്ത സാഹചര്യത്തെ മറയാക്കുകയല്ലേ ഗവണ്മെന്റ് ചെയ്തത്?

16. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് കടബാദ്ധ്യതക്കാരും നിസ്സഹായരുമായ കർഷകരുടെ ഭൂമി കോർപ്പറേറ്റുകൾ പിടിച്ചെടുക്കും.

17. ഈ നിയമംമൂലം ഭൂരഹിത കർഷകരുടെ എണ്ണം പെരുകും. കൃഷിഭൂമി മുഴുവൻ ഒരുപിടി സമ്പന്നരുടെ കൈയിൽ കേന്ദ്രീകരിക്കും. ചെറുകിടക്കാരെ അപേക്ഷിച്ച് വൻകിട കർഷകരുമായി കരാറിലേർപ്പെടുന്നതായിരിക്കും കുത്തകകൾക്ക് ആദായകരം. കൃഷിഭൂമി ഒരുപിടി വൻകിടക്കാരുടെ കൈയിൽ കേന്ദ്രീകരിക്കുന്നതോടെ പുതിയ നിയമങ്ങൾ അവർക്ക് ഏറെ ഗുണകരവും ചെറുകിടക്കാർക്കും ദരിദ്ര കർഷകർക്കും ഏറെ ഹാനികരവുമായിരിക്കും. ബിജെപി നയിക്കുന്ന കർണാടക സർക്കാർ ഒരാൾക്ക് പരമാവധി കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി അവിശ്വസനീയമാംവിധം ഉയർത്തിയിരിക്കുകയാണ്.

18. ഇന്ത്യയിൽ കാർഷികോല്പാദനം ആവശ്യത്തിലധികമാണ്. എന്നിട്ടും രാജ്യത്ത് 27 കോടി ആളുകൾ പട്ടിണിയിലാണ്. ഏറ്റവുമൊടുവിലത്തെ വേൾഡ് ഹംഗർ ഇൻഡക്സ് പ്രകാരം 107 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 94-ാമതാണ്. ഇന്ത്യ പട്ടിണിക്കാരുടെ കൂടാരമാണെന്നർത്ഥം. ഓരോ മണിക്കൂറിലും കർഷകരോ ശാരീരികാധ്വാനം ചെയ്യുന്നവരോ ആയ 5 പേർ ആത്മഹത്യ ചെയ്യുന്നുണ്ട്. വർഷംതോറും 1 കോടി ആളുകളാണ് വിശന്നുമരിക്കുന്നത്. അധികംവരുന്ന ഭക്ഷ്യധാന്യങ്ങൾ ഉപയോഗപ്പെടുത്തി എങ്ങനെ പട്ടിണി മാറ്റാം എന്നകാര്യം നിയമം പറയുന്നില്ല. എന്നുമാത്രമല്ല ഇത് പട്ടിണി പെരുക്കുകയും ചെയ്യും.

19. 1948നെ അപേക്ഷിച്ച് പ്രതിശീർഷ ഭക്ഷ്യ ഉപഭോഗത്തിൽ ഇന്ന് ഒരു പുരോഗതിയുമില്ല. 1991നെ അപേക്ഷിച്ച് നോക്കിയാൽ അത് കുറഞ്ഞിട്ടുമുണ്ട്. ഇന്റർനാഷണൽ ഫുഡ് പോളിസി റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രേഖ പറയുന്നത് ഇന്ത്യയിലെ മുക്കാൽ പങ്ക് ഗ്രാമീണർക്കും പോഷകാഹാരം ലഭിക്കുന്നില്ല എന്നാണ്. കർഷകരെ പാപ്പരാക്കുന്ന പുതിയ നിയമങ്ങൾ ഈ സ്ഥിതി കൂടുതൽ വഷളാക്കുകയേ ഉള്ളൂ.

20. അരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യ ധാന്യങ്ങളിൽനിന്നാണ് പോഷകത്തിന്റെ മുക്കാൽ പങ്കും ലഭിക്കുന്നത്. പുതിയ നിയമപ്രകാരം അവശ്യ സാധനങ്ങൾ അല്ലാതാകുന്നതോടെ ഇവയുടെ വില കുതിച്ചുയരുകയും സാധാരണക്കാർക്ക് അപ്രാപ്യമാകുകയും ചെയ്യും.

മറ്റെല്ലാ മേഖലയും മാന്ദ്യത്തിന്റെ പിടിയിലായതോടെ കുത്തകകൾ കാർഷിക മേഖലയിലേയ്ക്ക് തിരിഞ്ഞിരിക്കുകയാണ്. ഗവണ്മെന്റ് അവർക്ക് വിടുപണി ചെയ്യുന്നു. ഒരു പ്രമുഖ കുത്തകഗ്രൂപ്പ് കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ കൈകാര്യം ചെയ്യുന്ന നിരവധി സ്ഥാപനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ■

## കർഷക പ്രക്ഷോഭം...

*(6-ാം പേജിൽ നിന്ന്)*

ധത്തോടെയും എഐകെകെഎംഎസ് അതിന് പിന്തുണനൽകി. കർഷകരെ സമരത്തിൽ അണിനിരത്തുന്നതിലും വലിയ പങ്ക് വഹിച്ചു. ഇത് കർഷകരുടെ മാത്രം സമരമല്ലെന്നും അദ്ധ്വാനിച്ച് ജീവിക്കുന്ന മുഴുവൻ ആളുകളുടെയും സമരമാണെന്നും എഐകെകെഎംഎസ് പ്രസിഡന്റും എഐകെഎസ്‌സിസി വർക്കിംഗ് കമ്മിറ്റി അംഗവുമായ സഖാവ് സത്യവാൻ ഡൽഹിയിലെ സമരവേദിയിൽ പ്രഖ്യാപനം നടത്തി. സമരം മുന്നേറുംതോറും കർഷകരുടെ പങ്കാളിത്തം വർദ്ധിച്ചുവരികയാണ്. ന്യായമായ ആവശ്യങ്ങൾക്കുനേരെ എത്രകാലം ഗവണ്മെന്റിന് കണ്ണടയ്ക്കാൻ കഴിയും. സമരത്തിലൂടെയല്ലാതെ ഡിമാന്റുകൾ നേടിയെടുക്കാൻ ജനങ്ങൾക്കാവില്ലെന്നും ഭഗത് സിംഗും മറ്റും സ്വാതന്ത്ര്യത്തിനായി ജീവിതാന്ത്യംവരെ പൊരുതിയതുപോലെ ഡിമാന്റുകൾ നേടുംവരെ നമുക്ക് പൊരുതേണ്ടിവരുമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഡൽഹിയിലെ കൊടുംതണുപ്പിൽ സമരം അധികകാലം തുടരാനാവില്ലെന്നും ചില ഭേദഗതി നിർദ്ദേശങ്ങളുമായി ദിവസങ്ങൾ തള്ളിനീക്കാമെന്നുമാണ് കേന്ദ്രസർക്കാർ കരുതുന്നതെന്ന് കർഷകരെ അഭിവാദ്യം ചെയ്തുകൊണ്ട് സഖാവ് ശങ്കർ ഘോഷ് ചൂണ്ടിക്കാണിച്ചു. എന്നാൽ ആ സ്വപ്നം പൊലിയുകയേ ഉള്ളൂ. സമരം ചെയ്യുന്ന കർഷകരുടെ നിശ്ചയദാർഢ്യത്തിനും ധീരതയ്ക്കും മുന്നിൽ സർക്കാർ പരാജയപ്പെടുകതന്നെ ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വൻകിട കുത്തകകൾക്ക് വേണ്ടിയാണ് ഗവണ്മെന്റ് ഈ നിയമങ്ങൾ കൊണ്ടുവന്നിരിക്കുന്നതെന്ന് പ്രമുഖ മനുഷ്യാവകാശ പ്രവർത്തകയും സാമൂഹ്യപ്രവർത്തകയുമായ മേധാപട്കർ വിശദീകരിച്ചു.

ഈ കരിനിയമങ്ങൾക്കെതിരെ വിവിധ സംസ്ഥാനങ്ങളിൽ എഐകെകെഎംഎസ് സമരം തുടരുകയാണ്. ആസ്സാം, ത്രിപുര, പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ബീഹാർ, ഒഡിഷ, യുപി, എംപി, ഛത്തീസ്ഘട്ട്, ഹരിയാന, പഞ്ചാബ്, കർണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ 14 സംസ്ഥാനങ്ങളിൽ പ്രകടനങ്ങളും മറ്റ് സമര പരിപാടികളും സംഘടിപ്പിച്ചു. കേരളത്തിലും തെലങ്കാനയിലും സമാനമായ പരിപാടികൾ നടത്തി. നവംബർ 26ന്റെ പൊതുപണിമുടക്കിന് മുമ്പുതന്നെ ഹരിയാനയിലെ ബിജെപി ഗവണ്മെന്റ് എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി സഖാവ് ജയ്കരൺ മണ്ഡോത്തി ഉൾപ്പെടെയുള്ള കർഷക നേതാക്കളെ അറസ്റ്റ് ചെയ്ത് ദിവസങ്ങളോളം തടങ്കലിൽ വച്ചു. ഡിസംബർ 3 ന് രാജ്യമെമ്പാടും കർഷക ഐക്യദാർഢ്യ ദിനം ആചരിച്ചു. അന്നേ ദിവസം സഖാവ് ശങ്കർ ഘോഷിന്റെ നേതൃത്വത്തിൽ പടുകൂറ്റൻ പ്രകടനം നടന്നു. സമരത്തെ പിന്തുണച്ചുകൊണ്ട് കർഷകരെ സംഘടിപ്പിച്ചതിന്റെ പേരിൽ എഐകെകെഎംഎസ് ആന്ധ്രാപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് ബിഎസ് അമർനാഥ് അറസ്റ്റ് ചെയ്യപ്പെട്ടു. തമിഴ്നാട്ടിലും നിരവധി എഐകെകെഎംഎസ്, എസ്‌യുസിഐ(സി) പ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെട്ടു. യുപിയിലും നിരവധി നേതാക്കളും പ്രവർത്തകരും വീട്ടുതടങ്കലിലാണ്. 13 സംസ്ഥാനങ്ങളിലായി 300ലേറെ ധർണകളും ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും വമ്പിച്ച ജനപിന്തുണയാണ് സമരത്തിന് ലഭിക്കുന്നത്.

വിദ്യാർത്ഥി-യുവജന-വനിത സംഘടനകളായ എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് എന്നിവയുംഐക്യദാർഢ്യ വാരാചരണമുൾപ്പെടെ ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയാണ്. ട്രേഡ് യൂണിയനായ എഐയുറ്റിയുസി സുപ്രധാനമായപ്രവർത്തനങ്ങളാണ് നടത്തുന്നത്. ജാഥകൾ, ബൈക്ക് റാലികൾ, പന്തം കൊളുത്തി പ്രകടനങ്ങൾ, തെരുവ് യോഗങ്ങൾ തുടങ്ങിയവയും സമരത്തിന്റെ പ്രചരണാർത്ഥം സംഘടിപ്പിക്കുന്നുണ്ട്. കർഷകരുടെ വീരോചിതമായ ഈ പോരാട്ടത്തിന് നമ്മുടെ പാർട്ടി എസ്‌യുസിഐ(സി) സർവ്വപ്രകാരേണയുമുള്ള പിന്തുണയാണ് നൽകുന്നത്. ഈ സമരത്തിൽ നിന്ന് പാഠവും പ്രചോദനവും ഉൾക്കൊള്ളാൻ അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങളോടാകെ പാർട്ടി അഭ്യർത്ഥിക്കുന്നു. മുതലാളിത്ത ഗവണ്മെന്റുകൾ ആവിഷ്കരിക്കുന്ന ജനവിരുദ്ധ നയങ്ങൾമൂലം അടിക്കടി തകർച്ചയെ നേരിടുന്ന ജനങ്ങളാകെ സ്വന്തം ജീവിതപ്രശ്നങ്ങൾ മുൻനിർത്തി സമാനമായ രീതിയിൽ സമരങ്ങൾ വളർത്തിയെടുക്കാനായി മുന്നോട്ടു വരണമെന്നും പാർട്ടി അഭ്യർത്ഥിക്കുന്നു. അനീതിക്കും അടിച്ചമർത്തലിനുമെതിരെ എക്കാലത്തെയും പോലെ ഈ സന്ദർഭത്തിലും രാജ്യമൊന്നാകെ ആത്മാർത്ഥമായി നിലയുറപ്പിക്കേണ്ടതുണ്ട്. സമരത്തിന്റെ ആവേശം കെടുത്താനും അടിച്ചമർത്താനുമൊക്കെ മുതലാളിത്ത വ്യവസ്ഥയുടെ സംരക്ഷകരും സേവകരും എത്രതന്നെ കിണഞ്ഞ് പരിശ്രമിച്ചാലും അവർക്ക് ചരിത്രത്തിന്റെ ഗതി മാറ്റാനാകില്ല. ഒറ്റക്കെട്ടായി, കരളുറപ്പോടെ നിലകൊള്ളുന്ന ജനതയാണ് അന്തിമവിധി നിർണയിക്കുക. ■

# ചലോ ദില്ലി കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം

**ചലോ ദില്ലി കർഷക പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് എസ് യുസിഐ(സി)യുടെയും എഐകെകെഎംഎസിന്റെയും ഐക്യദാർഢ്യ സമിതിയുടെയും നേതൃത്വത്തിൽ സംസ്ഥാനത്താകെ വിവിധങ്ങളായ പരിപാടികൾ നടന്നു. നൂറുകണക്കിന് കർഷകരും ബഹുജനങ്ങളും ഈ പരിപാടികളിൽ ആവേശപൂർവം പങ്കെടുത്തു.**

## തിരുവനന്തപുരം

കാർഷിക മേഖലകളായ പോത്തങ്കോട്, പള്ളിപ്പുറം, ആമ്പല്ലൂർ, നെടുമങ്ങാട്, ആനാട്, കല്ലിയോട്, മൂഴി തുടങ്ങിയ സ്ഥല ങ്ങളിൽ കർഷക സമര ഐക്യ ദാർഢ്യ സമിതികൾക്ക് രൂപം നൽകി. ഡിസംബർ 29ന് സമിതി ജില്ലാ കൺവീനർ എസ്.ശ്രീകുമാർ നയിച്ച സമരസന്ദേശ ജാഥ നടന്നു. കർഷകരും സമര നേതാക്കളുമായ എ.ആൽബർട്ട്, മൊഹമദ് ഷിബു, ആർ.ഗോപിനാഥൻ, കൃഷ്ണൻ, ശാർങ്ങധരൻ, കല്ലിയോട് എ.സുലൈമാൻ എന്നിവർ ജാഥയ്ക്ക് നേതൃത്വം നൽകി. ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ, എഐകെകെ എംഎസ് നേതാവ് ജി.ആർ സുഭാഷ്, സിപിഐ(എം)ആനാട് ലോക്കൽ സെക്രട്ടറി ടി.ആർ.പദ്മകുമാർ, സിപി ഐ ലോക്കൽ സെക്രട്ടറി ജി.ആർ.ധനീഷ്, ഡി സി സി ജനറൽ സെക്രട്ടറി ആനാട് കെ. ജയചന്ദ്രൻ, മഹിളാ സംസ്കാരിക സംഘടന ജില്ലാ പ്രസിഡന്റ് എസ്.മിനി എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

പരിസ്ഥിതി സംരക്ഷണ സമിതിയുമായി ചേർന്ന് ഡിസംബർ 22ന് പോത്തങ്കോട് ജംഗ്ഷനിൽ നടത്തിയ ഐക്യദാർഢ്യ സമ്മേളനം പ്രശസ്ത ചലച്ചിത്രതാരം പ്രേംകുമാർ ഉദ്ഘാടനം ചെയ്തു. സമര സമിതി ചെയർമാൻ ടി.മണികണ്ഠൻ അധ്യക്ഷത വഹിച്ചു. എം.ഷാജർഖാൻ, കർഷക പ്രതിരോധ സമിതി നേതാവ് എസ്.രാജീവൻ, എസ്.ശ്രീകുമാർ, ജി.ആർ സുഭാഷ്, പള്ളിപ്പുറം പാടശേഖര സമിതി നേതാവ് ഷറഫുദീൻ, കർഷകനേതാവ് സജിത്കുമാർ, കെഎസ് യു നേതാവ് ബാഹുൽകൃഷ്ണ, ജയൻ, എ.ഷൈജു എന്നിവരും പ്രസംഗിച്ചു.

വള്ളക്കടവിൽ നടന്ന ഐക്യദാർഢ്യസമ്മേളനം സെയ്ഫുദീൻ ഹാജി ഉദ്ഘാടനം ചെയ്തു. പി.എസ്.ഗോപകുമാർ അധ്യക്ഷത വഹിച്ചു.ആർ.ബിജു, അമീൻ കൈരളി, ഐ.സനോഫർ, ഹാജ, വള്ളക്കടവ് സുധീർ, അജിത് ശംഖ്മുഖം, എ.എച്ച്.അഷ്റഫ് അലി, എം.സക്കീർ ഹുസൈൻ, എസ് ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു.


എഐയുടിയുസിയുടെ ആഭിമുഖ്യത്തിൽ നടന്ന കൊല്ലം ഹെഡ് പോസ്റ്റ് ഓഫീസ് ധർണ്ണ ജില്ലാ പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു


ഡിസം.23ന് തിരുവല്ല ടൌണിൽ നടന്ന ഐക്യദാർഢ്യ സംഗമം ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപോലീത്ത ഉദ്ഘാടനം ചെയ്യുന്നു

## കൊല്ലം

കരുനാഗപ്പള്ളിയിൽ ഡിസംബർ 22ന് നടന്ന ഏകദിന ഐക്യദാർഢ്യ ധർണ്ണ സാംസ്കാരിക പ്രവർത്തകൻ അനിൽ കലഞ്ഞൂർ ഉദ്ഘാടനം ചെയ്തു. വിവിധ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പരിസ്ഥിതി സംഘടനകളെ പ്രതിനിധീകരിച്ച് അഡ്വ.രാജാദാസ്, ഷൈല കെ.ജോൺ, എം.ശ്രീകുമാർ, മഞ്ചുക്കുട്ടൻ, സബർമതി ജയശങ്കർ, ജി.സന്തോഷ്കുമാർ, സുമൻജിത്ത്മിഷ, കെ.ശശാങ്കൻ, ആർ.ജയകൃഷ്ണൻ, ട്വിങ്കിൾ പ്രഭാകരൻ, ദേവദാസ് ക്ലാപ്പന, ജിജീഷ് ചെറിയഴീക്കൽ, എൻ.മോഹൻലാൽ തുടങ്ങിയവർ പ്രസംഗിച്ചു. കർഷകസമര ഐക്യദാർഢ്യ സമിതിയുടെ ആഭിമുഖ്യത്തിൽനടന്ന ധർണ്ണയിൽ ചെയർമാൻ ജെ. ഡെന്നിസ് അദ്ധ്യക്ഷതവഹിച്ചു. കൺവീനർ ബി.വിനോദ് സ്വാഗതവും, മനലാൽ നന്ദിയും പറഞ്ഞു. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കവിതാലാപനവും, നാടൻ പാട്ടും, ഏകദിനധർണ്ണയെ കൂടുതൽ ആകർഷകമാക്കി.


കരുനാഗപ്പള്ളിയിൽ നടന്ന ഏകദിന ധർണ്ണയെ ഐക്യദാർഢ്യ സമിതി കൺവീനർ ബി.വിനോദ് അഭിസംബോധന ചെയ്യുന്നു

ഡിസംബർ 28ന് കടയ്ക്കൽ ബസ് സ്റ്റാന്റിൽ നടന്ന ഐക്യദാർഢ്യ സമ്മേളനം എംസിപിഐ(യു) നേതാവ് രാജാദാസ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ കമ്മറ്റി അംഗങ്ങളായ കെ.ശശാങ്കൻ, ജി.ധ്രുവകുമാർ, ലോക്കൽ കമ്മറ്റി അംഗങ്ങളായ ഫിലിപ്പ് ജോസഫ്, ജി.സതീശൻ എന്നിവർ പ്രസംഗിച്ചു.

ഐക്യദാർഢ്യസമിതിഅഞ്ചൽ മേഖലാ കമ്മറ്റിയുടെ നേതൃത്വത്തിൽ അഞ്ചൽ മാർക്കറ്റ് ജംഗ്ഷനിൽ ധർണ്ണയും യോഗവും നടന്നു. നജീം എ.ഖാദർ ഉദ്ഘാടനം ചെയ്തു. ഐക്യദാർഢ്യസമിതി രക്ഷാധികാരി ഫാ.എബ്രഹാം ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ധർണ്ണയിൽ എംസിപിഐ(യു)നേതാവ് വിശ്വംഭരൻ, സമിതിയുടെ വിവിധ യൂണിറ്റുകളെ പ്രതിനിധീകരിച്ച് കെ.സി.ഉണ്ണികൃഷ്ണൻ, ഡി.മുരളി, ജി.സതീശൻ, കെ.മഹേഷ്, കെ.ശശാങ്കൻ തുടങ്ങിയവർ പ്രസംഗിച്ചു.

പുനലൂർ ടൌണിൽ നടന്ന പ്രതിഷേധ ധർണ്ണയും പൊതുയോഗവും യൂത്ത് ഫ്രണ്ട് സംസ്ഥാന സെക്രട്ടറി ശരൺശശി ഉദ്ഘാടനം ചെയ്തു. ഐക്യദാർഢ്യസമിതി പുനലൂർമേഖലാ പ്രസിഡന്റ് പി.എൻ.ഗോപിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ അഹമ്മദ് കബീർ മന്നാനി, കെ.കൃഷ്ണമ്മാൾ, ജി.ധ്രുവകുമാർ എന്നിവർ പ്രസംഗിച്ചു.

കുണ്ടറയിൽ നടന്ന ഐക്യദാർഢ്യ സമ്മേളനം പ്രശസ്ത ചിത്രകാരൻ ആർ. പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്തു. സമിതി മേഖലാപ്രസിഡന്റ് പി.സി.കോശി പണിക്കർ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ. ജയിംസ് മുഖ്യപ്രസംഗം നടത്തി. ഷൈല കെ.ജോൺ, മാത്യുപണിക്കർ, ഷറഫ് കുണ്ടറ, എൻ മോഹൻലാൽ, എസ്.രാധാകൃഷ്ണൻ, ജോളി നെൽസൺ, എൻ.വിജയകൃഷ്ണൻ, ആർ.രാഹുൽ, ഗോപിനാഥപിള്ള, വി.രാമചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.


ഐക്യദാർഢ്യ സമിതിയുടെ ആഭിമുഖ്യത്തിൽ ഡിസം.22ന് നടന്ന കോട്ടയം ഹെഡ് പോസ്റ്റ്ഓഫീസ് ധർണ്ണ ജോർജ് മുല്ലക്കര ഉദ്ഘാടനം ചെയ്യുന്നു

കർഷക പ്രക്ഷോഭത്തിൽ രക്തസാക്ഷിത്വംവരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് അഞ്ചലിൽ വനിതാ വിദ്യാർത്ഥി യുവജനസംഘടനകൾ സംയുക്തമായി പ്രകടനവും പൊതുയോഗവും നടത്തി. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനംചെയ്തു. എഐഡിവൈഒ ജില്ലാ സെക്രട്ടറി കെ.മഹേഷ് അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് ട്വിങ്കിൾ പ്രഭാകരൻ, എ.ഐ.ഡി.വൈ.ഒ.ജില്ലാ പ്രസിഡന്റ് പി.പി.പ്രശാന്ത്കുമാർ, എഐഡിഎസ്ഒ ജില്ലാപ്രസിഡന്റ് ആർ.രാഹുൽ, ടി.എസ്.അരുണ തുടങ്ങിയവർ പ്രസംഗിച്ചു.


തൃശ്ശൂരിൽ നടന്ന പ്രചാരണജാഥയിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് പി.എസ്.ബാബു പ്രസംഗിക്കുന്നു

എഐയുടിയുസി ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ചിന്നക്കട ഹെഡ് പോസ്റ്റോഫീസിന് മുന്നിൽ ഡിസംബർ 17ന് നടന്ന ധർണ്ണ ജില്ലാ പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ, ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ബി.വിനോദ്, ഷൈല കെ.ജോൺഎന്നിവർ പ്രസംഗിച്ചു. എഐയുടിയുസി ജില്ലാ കമ്മറ്റി അംഗങ്ങളായ ബി.രാമചന്ദ്രൻ, ആർ.ഹരിദാസ്, രാജേന്ദ്രൻ, സദാനന്ദൻപിള്ള തുടങ്ങിയവർ നേതൃത്വം നൽകി.

ട്രേഡ് യൂണിയൻ സംയുക്തസമിതിയുടെ നേതൃത്വത്തിൽ ചിന്നക്കടയിൽ നടന്ന പ്രകടനത്തിൽ എഐയുടിയുസി, സിഐടിയു, എഐടിയുസി, ഐഎൻടിയുസി, യുടിയുസി, ടിയുസിഐ തുടങ്ങിയ ട്രേഡ് യൂണിയനുകൾ പങ്കെടുത്തു. കൊട്ടാരക്കര, അഞ്ചൽ, എന്നീ കേന്ദ്രങ്ങളിലും ട്രേഡ് യൂണിയൻ സംയുക്തസമിതിയുടെ ഐക്യദാർഢ്യപരിപാടികൾ നടന്നു.

ചാത്തന്നൂർ, കണ്ണനല്ലൂർ, ശാസ്താംകോട്ട, കുട്ടിക്കട, ഓച്ചിറ തുടങ്ങി നിരവധി കേന്ദ്രങ്ങളിൽ സംയുക്തമായുള്ള ഐക്യദാർഢ്യപ്രവർത്തനങ്ങൾ നടന്നു. ഓടനാവട്ടം, പൂവറ്റൂർ, പുത്തൂർമുക്ക്, ഒതിരമുകൾ, കൈതക്കോട്, പൊരീക്കൽ എന്നിവിടങ്ങളിലും ഐക്യദാർഢ്യ യോഗങ്ങൾ നടന്നു.

## ആലപ്പുഴ

ഐതിഹാസികമായ കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യമർപ്പിച്ചു കൊണ്ട് പി.ആർ സതീശൻ ചെയർമാനും ടി.ശശികവാലം കൺവീനറുമായി ദില്ലി ചലോ കർഷകസമര ഐക്യദാർഢ്യ സമിതി രൂപീകരിച്ചു. സമിതിയുടെ ആഭിമുഖ്യത്തിൽ 2020 ഡിസംബർ 9 ന് കുട്ടനാടിന്റെ സിരാകേന്ദ്രമായ രാമങ്കരിയിൽ കർഷക സമരഐക്യദാർഢ്യ കേന്ദ്രം ആരംഭിച്ചു. ആദരണീയനായ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. സമിതി കൺവീനർ പി.ആർ.സതീശൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കർഷക പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് ജോർജ്ജ് മാത്യു കൊട്ടുമൺ മുഖ്യ പ്രസംഗം നടത്തി. അഡ്വ.ബി.കെ. രാജഗോ

(ശേഷം 9–ാം പേജിൽ)

(8-ാം പേജിൽ നിന്ന്)

പാൽ, ബി.ഇമാമുദ്ദീൻ എന്നിവർ പ്രസംഗിച്ചു. ഐക്യദാർഢ്യ സമ്മേളനം ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്തു. ചിത്രകാരനും സാംസ്കാരിക പ്രവർത്തകനുമായ ആർ.പാർത്ഥസാരഥി വർമ്മ മുഖ്യപ്രസംഗം നടത്തി.

## കോട്ടയം

വിവിധ സാമൂഹ്യ-രാഷ്ട്രീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ കോട്ടയം ഗാന്ധിസ്ക്വയറിൽ ഐക്യദാർഢ്യ സമ്മേളനം സംഘടിപ്പിച്ചു. ജോർജ് മുല്ലക്കര അദ്ധ്യക്ഷത വഹിച്ച സമ്മേളനം ജനകീയ ജനാധിപത്യ മുന്നണി സംസ്ഥാന കൺവീനർ സണ്ണി.എം. കപിക്കാട് ഉദ്ഘാടനം ചെയ്തു. അഡ്വ.പി.പി. ജോർജ്, മിനി.കെ. ഫിലിപ്പ് (എസ്‌യുസിഐ(സി), എം.കെ.ദാസൻ (സിപിഐ(എംഎൽ റെഡ്സ്റ്റാർ), പി.ജെ.തോമസ്, എം.ഡി.തോമസ് (ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനം), കെ.ആർ.സദാനന്ദൻ (കേരള ചേരമർ സംഘം), അഡ്വ.പി.ഒ. ജോൺ, ബിജു.വി.ജേക്കബ് (പശ്ചിമഘട്ട സംരക്ഷണ ഏകോപന സമിതി), അഡ്വ.അനീഷ് ലൂക്കോസ്, കെ.പി.വിജയൻ (കർഷക പ്രതിരോധ സമിതി), സി.ജെ.തങ്കച്ചൻ, സുരേഷ്.പി.തങ്കപ്പൻ (കേരള ഹിന്ദു ചേരമർ അസോസിയേഷൻ), എബി.ആർ. നീലംപേരൂർ (കേരള ചേരമർ സംഘം), മാത്യു തോമസ്, സുനിൽ സൈന്ധവമൊഴി (സംയുക്ത സമുദായ രാഷ്ട്രീയ പ്രക്ഷോഭ വേദി), ഇ.വി. പ്രകാശ് എന്നിവർ പ്രസംഗിച്ചു.

കർഷക പ്രക്ഷോഭ ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ കോട്ടയത്ത് ഹെഡ് പോസ്റ്റ്ഓഫീസ് മാർച്ച് നടത്തി. അപ്പർ കുട്ടനാടൻ കർഷക പ്രക്ഷോഭ സമിതി നേതാവ് ജോർജ്ജ് മുല്ലക്കര മാർച്ച് ഉദ്ഘാടനം ചെയ്തു. എം.ഡി.തോമസ് അദ്ധ്യക്ഷത വഹിച്ചു. എൻ.കെ.ബിജു, ഐ.ആർ. സദാനന്ദൻ, അഡ്വ.ജയ്മോൻ തങ്കച്ചൻ, പി.കെ.കുമാരൻ, അപ്പുക്കുട്ടൻ, അജയകുമാർ എ.ജി, വിജയകുമാർ എന്നിവർ പ്രസംഗിച്ചു.

ചിങ്ങവനത്ത് ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിലും കുറവിലങ്ങാട് കർഷക പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിലും ഐക്യദാർഢ്യസംഗമങ്ങൾ നടന്നു.

എസ്‌യുസിഐ(സി) പാമ്പാടി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാമ്പാടിയിൽ നടന്ന ഏകദിന ധർണ്ണ എസ്.യു.സി.ഐ(സി) ജില്ലാ സെക്രട്ടറി സഖാവ് മിനി.കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം വി.പി.കൊച്ചുമോൻ എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗം കെ.എസ്.ചെല്ലമ്മ, കെ.സദാനന്ദൻ, എം.വി.ചെറിയാൻ, എൻ.എ.ബാബു എന്നിവർ പ്രസംഗിച്ചു. സംഘചിത്ര രചന പ്രമുഖ ചിത്രകാരൻ ഇ.ജെ. റോയിച്ചൻ ഉദ്ഘാടനം ചെയ്തു.

എഐഡിഎസ്ഒ സ്ട്രീറ്റ് ബാന്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് സംഗീത സദസ് നടന്നു. ജില്ലാ പ്രസിഡന്റ് ആർ.മീനാക്ഷി, ജില്ലാ കമ്മിറ്റി അംഗങ്ങളായ അനന്തഗോപാൽ, അനാമിക എസ്, ഹെലൻ തമ്പി, ലക്ഷ്മി സദാനന്ദൻ, സൂര്യസെൻ, ബിയ ചെറിയാൻ എന്നിവർ നേതൃത്വം നൽകി

കോട്ടയം, ഏറ്റുമാനൂർ, ചിങ്ങവനം, ചങ്ങനാശ്ശേരി, വാഴപ്പള്ളി, മാടപ്പള്ളി, തൃക്കൊടിത്താനം, കാഞ്ഞിരപ്പള്ളി, പാമ്പാടി, തിരുവാർപ്പ് ലോക്കൽ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ ലോക്കൽ കമ്മിറ്റി മേഖലകളിൽ ബൈക്ക് റാലികളും പ്രകടനങ്ങളും വിശദീകരണയോഗങ്ങളും ഐക്യദാർഢ്യയോഗങ്ങളും നടന്നു.



എസ്‌യുസിഐ(സി) സംഘടിപ്പിച്ച കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്യുന്നു



അനിശ്ചിതകാല സത്യാഗ്രഹത്തിന് മുന്നോടിയായി ഐക്യദാർഢ്യ സമിതിയുടെ ആഭിമുഖ്യത്തിൽ പാലക്കാട് കളക്ടറേറ്റിലേക്ക് നടന്ന കർഷക മാർച്ച്

## തൃശ്ശൂർ

എസ്.യു.സി.ഐ (സി) തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാതല വാഹന പ്രചരണ ജാഥ ഡിസംബർ 21 മുതൽ 24 വരെ നടന്നു. മുപ്പതോളം കേന്ദ്രങ്ങളിൽ വിശദീകരണ യോഗങ്ങൾ നടത്തി. പൊതുജനങ്ങളും കച്ചവടക്കാരും ജാഥക്ക് ഹൃദ്യമായ സ്വീകരണവും ആവശ്യമായ സഹായസഹകരണങ്ങളും നൽകി. സഖാക്കൾ പി.എസ്.ബാബു, എം.കുമാർ, ബെന്നി, സുരേഷ് കുമാർ, എം.പ്രദീപൻ, സുജ ആന്റണി, ഉണ്ണികൃഷ്ണൻ, അബ്ദുൾ നവാസ്, പി.കെ.ധർമ്മജൻ, നന്ദഗോപൻ എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. സഖാക്കൾ ഒ.കെ. വൽസലൻ, പി.കെ.ഷിബു, രാജീവൻ, ആഷിക്ക്, രാധിക, ശ്രീജ എന്നിവർ നേതൃത്വം നൽകി.

## പാലക്കാട്

എസ്‌യുസിഐ (സി) യുടെയും എഐകെകെഎംഎസിന്റേയും സംയുക്താഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ മൂന്നു ദിവസങ്ങളിലായി യാക്കര, കണ്ണാടി പാത്തിക്കൽ, തേങ്കുറിശ്ശി, കുഴൽമന്ദം, കുളവൻമൊക്ക്, മിൽ റോഡ്, കുത്തനൂർ, തോലനൂർ, മണപ്പുള്ളിക്കാവ്, കാടാങ്കോട്, കനാൽ, കല്ലിങ്കൽ, കല്ലുകുട്ടിയാൽ, മേട്ടുപാളയം, തത്തമംഗലം, വടവന്നൂർ, മുണ്ടൂർ, വള്ളിക്കോട്, പുതുപരിയാരം, റയിൽവേ കോളനി, അകത്തേത്തറ, മന്തക്കാട്, മാട്ടുമന്ത തുടങ്ങിയ കേന്ദ്രങ്ങളിൽ നടത്തിയ യോഗങ്ങൾക്ക് ജനങ്ങളിൽനിന്ന് നല്ല പ്രതികരണം ലഭിച്ചു. പാർട്ടി ജില്ലാ സെക്രട്ടറി അബ്ദുൾ അസീസ് ഉദ്ഘാടനംചെയ്ത് ആരംഭിച്ച ഐക്യദാർഢ്യ യോഗങ്ങളിൽ സഖാക്കൾ കെ. പ്രദീപ്, കെ.പ്രസാദ്, കെ. രാമനാഥൻ, സുഗന്ധി എൻ, ശ്രുതി, ഉണ്ണികൃഷ്ണൻ.ആർ തുടങ്ങിയവർ സംസാരിച്ചു. ഈ പ്രവർത്തനങ്ങൾ കൂടാതെ, ഗാന്ധിയൻ ഇനീഷിയേറ്റീവിന്റെ പേരിൽ, പ്ലാച്ചിമട കൊക്കോക്കോള വിരുദ്ധ സമര പന്തലിൽ, വിവിധ കർഷക സംഘടനകളുടെ നേതൃത്വത്തിൽ അനിശ്ചിത കാല റിലേ സത്യാഗ്രഹ പരിപാടിയും നടന്നുവരുന്നു.



തൊട്ടുപുഴ സമരപ്പന്തലിൽ കർഷകർക്ക് ഐക്യദാർഢ്യമർപ്പിച്ചുകൊണ്ട് എസ്‌യുസിഐ(കമ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു

## കോഴിക്കോട്

കാർഷിക മേഖല കുത്തകകൾക്ക് തീറെഴുതുന്ന കേന്ദ്ര നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് നടത്തി. ജില്ലാ സെക്രട്ടറി സ: എ. ശേഖർ ഉദ്ഘാടനം ചെയ്തു. പി.എം. ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. എം.കെ. രാജൻ, പോൾ ടി. സാമുവൽ, കെ. റഹിം എന്നിവർ സംസാരിച്ചു.

കോഴിക്കോട് മൊഫ്യൂസിൽ ബസ്സ്റ്റാന്റിൽ നടന്ന പ്രതിഷേധ യോഗം നടന്നു. ജില്ലാ സെക്രട്ടറി എ.ശേഖർ, വി.കെ.സദാനന്ദൻ (എഐയുടിയുസി സംസ്ഥാന സെക്രട്ടറി), പി.എം. ശ്രീകുമാർ, കെ.റഹിം, പോൾ ടി. സാമുവൽ എന്നിവർ പ്രസംഗിച്ചു. കുട്ടാലിട, ബാലുശ്ശേരി, കാട്ടിലപ്പീടിക, കക്കോടി, കുറ്റ്യാടി, കാരപ്പറമ്പ്, കുണ്ടൂപ്പറമ്പ്, ഈസ്റ്റ് ഹിൽ തുടങ്ങിയ പ്രദേശങ്ങളിൽ പ്രതിഷേധ പ്രകടനങ്ങളും പൊതുയോഗങ്ങളും നടന്നു.



രാമങ്കരി ഐക്യദാർഢ്യ സമരപ്പന്തൽ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു.

## വയനാട്

ചലോ ദില്ലി കർഷക പ്രക്ഷോഭ ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ ഡിസംബർ 21, 22, 23 തീയതികളിൽ സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ നടന്ന ത്രിദിന ഐക്യദാർഢ്യ സംഗമം ബത്തേരി രൂപതാ ബിഷപ്പ് ഡോ.ജോസഫ് മാർ തോമസ് ഉദ്ഘാടനം ചെയ്തു. ആത്മാഭിമാനത്തോടെ കർഷകർക്ക് ജീവിക്കുവാനുള്ള അവകാശം നേടിയെടുക്കുംവരെ ഒന്നിച്ചു നിൽക്കണമെന്ന് അദ്ദേഹം കർഷകരോട് അഭ്യർത്ഥിച്ചു.

രാഷ്ട്രീയ കിസാൻ മഹാസംഘ് ദക്ഷിണേന്ത്യൻ കോ-ഓർഡിനേറ്റർ പി.ടി. ജോൺ മുഖ്യപ്രഭാഷണം നടത്തി. കർഷക സമര ഐക്യദാർഢ്യസമിതി ചെയർമാൻ പി.എം ജോയി അധ്യക്ഷത വഹിച്ചു. വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി വൈസ് പ്രസിഡണ്ട് പ്രേംരാജ് ചെറുകര, ഐക്യദാർഢ്യ സമിതി കൺവീനർ വി.കെ. സദാനന്ദൻ, അഡ്വ. അബ്ദു

(ശേഷം 10-ാം പേജിൽ)

# വിദ്യാർത്ഥികളുടെ കാൽനട ജാഥ

**കേന്ദ്ര** കാർഷിക നിയമങ്ങൾക്കെതിരായ കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യമറിയിച്ചുകൊണ്ട് എഐഡിഎസ്ഒയുടെ (ഓൾ ഇന്ത്യാ ഡമോക്രാറ്റിക് സ്റ്റുഡൻറ്സ് ഓർഗനൈസേഷൻ) നേതൃത്വത്തിൽ ജനുവരി ഒന്നിന് ചങ്ങനാശ്ശേരിയിൽ നിന്നും രാമങ്കരിയിലേക്ക് വിദ്യാർത്ഥികളുടെ കാൽനട ജാഥ സംഘടിപ്പിച്ചു. രാമങ്കരിയിലെ "ദില്ലി ചലോ" കർഷക സമര ഐക്യദാർഢ്യ കേന്ദ്രത്തിലേക്കായിരുന്നു കാൽനട ജാഥ നടന്നത്. രാവിലെ ചങ്ങനാശ്ശേരി കെ എസ് ആർ ടി സി സ്റ്റാൻറിനു സമീപത്തു നിന്നാരംഭിച്ച ജാഥ സംസ്ഥാന പ്രസിഡന്റ് ബിനു ബേബി ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) കോട്ടയം ജില്ലാ സെക്രട്ടറി മിനി.കെ.ഫിലിപ്പ് ജാഥ ഫ്ലാഗ് ഓഫ് ചെയ്തു.




എഐഡിഎസ്ഒ ജനുവരി 1ന് ചങ്ങനാശ്ശേരി ടൌണിൽനിന്ന് രാമങ്കരി സമരപ്പന്തലിലേക്ക് നടത്തിയ കാൽനട ജാഥ

വൈകുന്നേരം രാമങ്കരിയിലെ സമരകേന്ദ്രത്തിൽ എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ. പ്രഭാഷ്, ജില്ലാ സെക്രട്ടറി വിദ്യ വി.പി. എന്നിവർ പ്രസംഗിച്ചു. ചങ്ങനാശ്ശേരി, പെരുന്ന, മനയ്ക്കച്ചിറ, പാറയ്ക്കൽ കലുങ്ക്, കിടങ്ങറ, മാമ്പുഴക്കരി എന്നിവടങ്ങളിൽ നടന്ന സ്വീകരണ യോഗങ്ങളിൽ എം.കെ.ഷഹസാദ്, എസ്.അലീന, ആർ.അപർണ, ആർ.ജതിൻ എന്നിവർ പ്രസംഗിച്ചു. നിഖിൽ സജി തോമസ്, കെ.റഹീം, അകിൽ മുരളി, മീനാക്ഷി.ആർ, രാഹുൽ ആർ, ഗോവിന്ദ് ശശി, എമിൽ ബിജു, സുകന്യ കുമാർ, നിലീന മോഹൻകുമാർ എന്നിവർ നേതൃത്വം നൽകി. ■

(9-ാം പേജിൽ നിന്ന്)

റഹ്മാൻകാദിരി(സംസ്ഥാനവൈസ് പ്രസിഡണ്ട് കർഷക പ്രതിരോധ സമിതി), ഡോ.വി. സത്യാനന്ദൻ നായർ (ജില്ലാ വൈസ് പ്രസിഡണ്ട്, ജനകീയ പ്രതിരോധ സമിതി), അഡ്വ. ഖാലിദ് രാജ(പ്രസിഡണ്ട്, സ്വതന്ത്ര കർഷക സംഘം), എൻ. ജെ.ചാക്കോ (എഫ് ആർ.എഫ് സംസ്ഥാന കൺവീനർ), ഡോ. പി.ലക്ഷ്മണൻ, ടി.ഇബ്രാഹിം (എഫ്.ആർ.എഫ് സംസ്ഥാന ട്രഷറർ), എ.എൻ.മുകുന്ദൻ (ജില്ലാ കൺവീനർ, എഫ്.ആർ.എഫ്), എ.സി.തോമസ് (ജില്ലാ സെക്രട്ടറി, എഫ്.ആർ.എഫ്), ടോമി വടക്കുംചേരി (ജില്ലാ വൈസ് പ്രസിഡണ്ട്, കർഷക പ്രതിരോധ സമിതി ), അഡ്വ.ടി.ജെ.ഡിക്സൺ, ചന്ദ്രുണ്ണി, ദേവസ്യ പുറ്റനാൽ, അസ്സൈനാർ, എ.ഡി.ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

22ന് നടന്ന സംഘ ചിത്രരചന ഏ.കെ.പ്രമോദ് എ വൺ ഉദ്ഘാടനം ചെയ്തു. കാർട്ടൂണിസ്റ്റ് ഷാജി പാമ്പള, റെജി ഇ.ഡി, സുനിൽ ചെതലയം, അരവിന്ദ് തുടങ്ങിയ ചിത്രകാരന്മാർ നേതൃത്വം നൽകി.



കണ്ണൂർ ടൗണിൽ നടന്ന യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.സുരേന്ദ്രൻ പ്രസംഗിക്കുന്നു

ഐക്യദാർഢ്യ സദസ്സ് ഡോ. വി. സത്യാനന്ദൻ നായർ ഉദ്ഘാടനം ചെയ്തു. ഡോ.പി. ലക്ഷ്മണൻ കാർഷിക പുരോഗമന സമിതി), ടോമി വടക്കുംചേരി (കർഷക പ്രതിരോധ സമിതി), എൻ.ജെ.ചാക്കോ (എഫ്.ആർ.എഫ്) സജീഷ് മാത്യു (കെ.യു.എസ്.ടി.ഒ) അനൂപ് ജോൺ (എ.ഐ.കെ.കെ.എം.എസ്), അഡ്വ. ടി.ജെ. ഡിക്സൺ എന്നിവർ പ്രസംഗിച്ചു.

23 ന് രാവിലെ "ചൂട്ട്" നാടൻ കലാ പഠന - ഗവേഷണ കേന്ദ്രം, വയനാടിന്റെ നാടൻ പാട്ട് അവതരണം നടന്നു. സുരേഷ് ബത്തേരി, ഷാജി, ലജീഷ്, മണി വേണു, സുബ്രഹ്മണ്യൻ എന്നീ കലാകാരന്മാർ പങ്കെടുത്തു.

വൈകുന്നേരം നടന്ന സാംസ്കാരിക സംഗമം പ്രമുഖ എഴുത്തുകാരനും ഡോക്യുമെന്ററി സംവിധായകനുമായ ഒ.കെ.ജോണി ഉദ്ഘാടനം ചെയ്തു. പ്രേംരാജ് ചെറുകര, കവയത്രികളായ പ്രീത.ജെ. പ്രിയദർശിനി, ശ്രീജ, എം.എ. പുഷ്പ ബാനർ സാംസ്കാരിക സമിതി സംസ്ഥാന കമ്മിറ്റി അംഗം ഇ. വി. പ്രകാശ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

ഡിസംബർ 30 ന് പുൽപ്പള്ളിയിൽ നടന്ന ഐക്യ ദാർഢ്യ സംഗമം രാഷ്ട്രീയ കിസാൻ മഹാസംഘ് നേതാവ് പി.ടി.ജോൺ ഉദ്ഘാടനം ചെയ്തു. ഐക്യദാർഢ്യ സമിതി ചെയർമാൻ പി.എം. ജോയി അദ്ധ്യക്ഷത വഹിച്ചു.


പത്തനംതിട്ട ഗാന്ധിസ്ക്വയറിൽ ഐക്യദാർഢ്യ സംഗമത്തോട് അനുബന്ധിച്ച് നടന്ന സംഘ ചിത്രരചന

എഫ്.ആർ.എഫ് സംസ്ഥാന കൺവീനർ എൻ.ജെ.ചാക്കോ, വി.കെ.സദാനന്ദൻ,കർഷക വയോജന വേദി ജില്ലാ കൺവീനർ കെ.പി. ജോർജ്ജ്, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വത്സ ചാക്കോ, പുല്പള്ളി ഗ്രാമ പഞ്ചായത്ത് അംഗം ജോമറ്റ് കോത വലിക്കൽ, ഇ.വി. പ്രകാശ്, എഫ്. ആർ.എഫ് ജില്ലാകൺവീനർ എ.എൻ. മുകുന്ദൻ, അഡ്വ. ടി.ജെ.ഡിക്സൺ എന്നിവർ പ്രസംഗിച്ചു. എഫ്.ആർ.എഫ്.ജില്ലാ വൈസ് ചെയർമാൻ പി.എം ജോർജ്ജ്, പി.കെ. ഭഗത് എന്നിവർ പ്രസംഗിച്ചു.

പുല്പള്ളി, മുള്ളൻ കൊല്ലി എന്നിവിങ്ങളിലും ഐക്യദാർഢ്യ യോഗങ്ങളും ബൈക്ക് റാലിയും നടന്നു.

## കണ്ണൂർ

എസ്‌യുസിഐ(സി), എഐകെകെഎംഎസ് സംയുക്താഭിമുഖ്യത്തിൽ കണ്ണൂർ ടൗൺ, ആലക്കോട്, നാറാത്ത്, തേർത്തല്ലി, കരുവഞ്ചാൽ, നടുവിൽ എന്നിവിടങ്ങളിൽ ഐക്യദാർഢ്യ യോഗങ്ങൾ സംഘടിപ്പിച്ചു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി കെ.കെ സുരേന്ദ്രൻ, ജില്ലാ കമ്മിറ്റിയംഗം അഡ്വ.വിവേക്.പി.സി, കർഷക പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി അനൂപ് ജോൺ, എഐകെകെഎംഎസ് ജില്ലാ കൺവീനർ വി.രാമചന്ദ്രൻ, എം കെ ജയരാജൻ, അഡ്വ.ആർ അപർണ, അഡ്വ.ഇ.സനൂപ്, രശ്മി രവി, അകിൽ മുരളി എന്നിവർ വിവിധയിടങ്ങളിൽ പ്രസംഗിച്ചു.

കർഷക പ്രക്ഷോഭ ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ കണ്ണൂർ റിലയൻസ് ശാലയിലേക്ക് നടന്ന മാർച്ച് കണ്ണൂർ അതിരൂപത ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്തു. ഐക്യദാർഢ്യ സമിതി ജില്ലാ ചെയർമാൻ എൻ.സുബ്രഹ്മണ്യൻ അധ്യക്ഷത വഹിച്ചു. കൺവീനർ അഡ്വ.വിനോദ് പയ്യട, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം അനൂപ് ജോൺ, കെ. സുനിൽകുമാർ, തോമസ് കളപ്പുര തുടങ്ങിയവർ പ്രസംഗിച്ചു.

## ഇടുക്കി

കർഷക ദ്രോഹ കരിനിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്യുന്ന കർഷകർക്കൊപ്പം ഇടുക്കി ജില്ലയും അണിചേർന്നു. സമരത്തെ പിന്തുണച്ചുകൊണ്ട് എസ്.യുസിഐ(സി)യുടെയും, എ.ഐ.കെ.കെ. എം.എസിന്റെയും കർഷക പ്രതിരോധ സമിതിയുടെയും ആഭിമുഖ്യത്തിൽ പ്രതിഷേധയോഗങ്ങൾ ഡിസംബർ ആദ്യവാരം തൊടുപുഴയിൽ നടത്തി.

ഡിസംബർ 8ന് കർഷക പ്രതിരോധസമിതി ആഭിമുഖ്യത്തിൽ തൊടുപുഴ മുനിസിപ്പൽ പാർക്കിന സമീപം തുടർസമരം ആരംഭിച്ചു. ഓൾ ഇന്ത്യ ഡമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് എൻ.കെ. ബിജു ഉദ്ഘാടനം നിർവ്വഹിച്ചു.

കർഷക ഐക്യദാർഢ്യസമരം ഒരാഴ്ച പിന്നിട്ടശേഷം മുന്നണി വ്യത്യാസമില്ലാതെ, കർഷകസമരത്തെ പിന്തുണക്കുന്നവരുടെ പൊതുവേദി-കർഷകപ്രക്ഷോഭഐക്യദാർഢ്യസമിതി-രൂപീകരിച്ചു. സമിതിയുടെ ജില്ലാചെയർമാനായി പ്രൊഫ.എം.ജെ.ജേക്കബ്, വൈസ് ചെയർമാൻ ടി.ജെ. പീറ്റർ, ജനറൽ കൺവീനർ എൻ. വിനോദ്കുമാർ, വിവിധ സംഘടനകളുടെ പ്രതിനിധികളായി 10 കൺവീനർമാർ എന്നിവരെ തെരഞ്ഞെടുത്തു.



എഐഡിഎസ്ഒ സ്ട്രീറ്റ് ബാന്റ് രാമങ്കരി സമരപ്പന്തലിൽ സംഘടിപ്പിച്ച സംഗീത സായാഹ്നം

ദിവസവും വൈകിട്ട് 4 മുതൽ 7 മണിവരെ നടക്കുന്ന ഐക്യദാർഢ്യപരിപാടികളിൽ ജില്ലയിലെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മേഖലകളിലെ പ്രമുഖർ ഐക്യദാർഢ്യവുമായെത്തി.

തൊടുപുഴ എം.എൽ.എ പി.ജെ. ജോസഫ്, കെ.പി.സി.സി ജനറൽ സെക്രട്ടറി റോയി കെ. പൗലോസ്, കർഷകസംഘം നേതാവ് സി.ജെ. ചാക്കോ, കിസാൻ സഭ ദേശീയ സമിതി അംഗം മാത്യു വർഗീസ്, തൊടുപുഴ മുനിസിപ്പൽ ചെയർമാൻ സനീഷ് ജോർജ്, പ്രമുഖഗാന്ധിയൻ എം.പി. മത്തായി, ഫാ. ജോൺ പരിയത്ത്മാലിൽ, വ്യാപാരി വ്യവസായി താലൂക്ക് പ്രസിഡന്റ് രാജു തരണിയിൽ, എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ജയ്സൺ ജോസഫ്, സംസ്ഥാന കമ്മിറ്റിയംഗം മിനി കെ.ഫിലിപ്പ്, എൻ.സി.പി നേതാവ് അനിൽ കൂവപ്ലാക്കൽ, കെ.എസ്. കെ.എസ്. നേതാവ് ബാബു മഞ്ഞള്ളൂർ, കർഷക പ്രതിരോധ സമിതി സംസ്ഥാന കമ്മിറ്റി അംഗങ്ങളായ പി.സി. ജോളി, സെബാസ്റ്റ്യൻ എബ്രാഹം, മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ നേതാവ് ഡോ. വിൻസെന്റ് മാളിയേക്കൽ, ചിത്രകാരന്മാർ, കവികൾ തുടങ്ങി ജീവിതത്തിന്റെ വിവിധതലങ്ങളിൽ ഉള്ള അനേകം വ്യക്തികളും സംഘടനകളും പിന്തുണയുമായി ഐക്യദാർഢ്യകേന്ദ്രം സന്ദർശിച്ചു.

വീറോടെ മുന്നോട്ട് പോകുന്ന കർഷകസമരം വിജയിപ്പിക്കുന്നതിന് ശക്തി പകരുന്ന തലത്തിലാണ് തൊടുപുഴയിലെ ഐക്യദാർഢ്യകേന്ദ്രം ദിനംപ്രതി കൂടുതൽ പിന്തുണയോടെ പ്രവർത്തിക്കുന്നത്.



രാമങ്കരി കർഷക സമര ഐക്യദാർഢ്യപ്പന്തലിലേക്ക് എഐഡിവൈഒ നടത്തിയ അഭിവാദ്യ പ്രകടനം

## പത്തനംതിട്ട

ദേശീയ സംയുക്ത സമിതി ആഹ്വാനം ചെയ്ത ഡിസംബർ 14 കർഷക സമരത്തിന് ഐക്യദാർഢ്യ ദിനത്തിൽ എഐയുറ്റിയുസി പൊതുയോഗം സംഘടിപ്പിച്ചു. എഐയു റ്റിയുസി ജില്ലാ സെക്രട്ടറി കെ ജി അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ബിന്ദ ബേബി അദ്ധ്യക്ഷത വഹിച്ചു. ലക്ഷ്മി ആർ ശേഖർ, സനിലാ ജോർജ്, സന്തോഷ് വി കോട്ടയം, സുരേഷ് കുമാർ എസ് എന്നിവർ പ്രസംഗിച്ചു.

പത്തനംതിട്ടയിൽ ദില്ലി ചലോ കർഷക സമര ഐക്യദാർഢ്യ സമിതി രൂപീകരിച്ചു. പ്രതിഭാ കോളജിൽ നടന്ന യോഗം മാധ്യമ പ്രവർത്തകൻ വിനോദ് ഇളകൊള്ളൂർ ഉദ്ഘാടനം ചെയ്തു. കർഷക പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് ജോർജ് മാത്യു കൊടുമൺ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. ഫിലിപ്പ് എൻ. തോമസ് (ചെയർമാൻ) കൺവീനറായി ജോർജ് മാത്യു കൊടുമൺ, എം എൻ സുകുമാരൻ (വൈസ് ചെയർമാൻ, എസ്.രാധാമണി (ജോയിന്റ് കൺവീനർ) എന്നിവരെ തെരഞ്ഞെടുക്കപ്പെട്ടു. കെ.ജി.അനിൽകുമാർ, അഡ്വ.ടി. എച്ച് സിറാജുദ്ദീൻ, എം എൻ.സുകുമാരൻ, എസ്.രാജീവൻ, സനിലാ ജോർജ്, പി കെ ഭഗത്, ബിന്ദ ബേബി, സുരേഷ്കുമാർ എസ്., ലക്ഷ്മി ആർ.ശേഖർ തുടങ്ങിയവർ പങ്കെടുത്തു.




പാലക്കാട് കല്ലേപ്പുള്ളിയിൽ എസ്‌യുസിഐ(സി)യും എഐകെകെഎംഎസും സംയുക്തമായി സംഘടിപ്പിച്ച പൊതുയോഗത്തിൽ ജില്ലാ കമ്മിറ്റി അംഗം സഖാവ് കെ. പ്രദീപ് പ്രസംഗിക്കുന്നു

കേന്ദ്ര സർക്കാരിന്റെ പുതിയ കാർഷിക നിയമങ്ങൾക്കെതിരെ നടക്കുന്ന കർഷകരുടെ സമരത്തി

(ശേഷം 16-ാം പേജിൽ)

# പകർച്ചവ്യാധികളും മഹാമാരികളും: സോവിയറ്റ് യൂണിയൻ നൽകുന്ന ചരിത്ര പാഠങ്ങൾ

**ജനുവരി 21 മഹാനായ തൊഴിലാളിവർഗ്ഗ ആചാര്യൻ സഖാവ് ലെനിന്റെ 97-ാം ചരമവാർഷിക ദിനമാണ്. ലോകമെമ്പാടും അദ്ദേഹത്തെ അനുസ്മരിക്കുന്ന ഈ വേളയിൽ, കോവിഡ് മഹാമാരി ലോകത്ത് നാശം വിതയ്ക്കുന്ന പശ്ചാത്തലത്തിൽ, ഇത്തരം മഹാമാരികളെ, സോവിയറ്റ് യൂണിയൻ ഫലപ്രദമായി നേരിട്ടതെങ്ങനെ എന്ന് വ്യക്തമാക്കുന്ന ലേഖനം പ്രസിദ്ധീകരിക്കുകയാണ്.**



**2020** ഡിസംബർ 25ലെ കണക്കനുസരിച്ച്, ലോകത്ത് 7,97,43,029 കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 17,49,606-ൽ അധികം മനുഷ്യർക്ക് ജീവൻ നഷ്ടപ്പെട്ടു. യുഎസ്എ, ഇന്ത്യ, ബ്രസീൽ, റഷ്യ, യുകെ, ഫ്രാൻസ്, ഇറ്റലി, ടർക്കി, സ്പെയിൻ എന്നീ രാജ്യങ്ങളെയാണ് കോവിഡ് ഏറ്റവും രൂക്ഷമായി ബാധിച്ചത്. മരണസംഖ്യയുടെ കാര്യത്തിൽ, 3,14,577 പേരുമായി യുഎസ് ആണ് ഒന്നാമത്. 1,44,487 പേർ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഇന്ത്യയാണ് രണ്ടാമത്. ഇപ്പോൾ, വൈറസിന്റെ അതിവേഗം പടരുന്ന ഒരു പുതിയ വകഭേദം, യുകെ, സൗത്ത് ആഫ്രിക്ക, മറ്റു ചില യൂറോപ്പ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ കണ്ടെത്തിയിരിക്കുന്നു. തന്മൂലം, കർക്കശമായ അടച്ചുപൂട്ടൽനടപടികൾപുനഃസ്ഥാപിക്കാൻ ഈ രാജ്യങ്ങൾ നിർബന്ധിതമാവുകയും, യുകെയിൽ നിന്ന് മറ്റ് രാജ്യങ്ങളിലേക്കുള്ള വിമാനസർവ്വീസുകൾ നിർത്തിവെച്ചിരിക്കുകയുമാണ്.

ഇങ്ങനെയൊരു മഹാമാരി പൊട്ടിപ്പുറപ്പെടാനുള്ള കാരണമെന്താണ്, എന്തുകൊണ്ടാണ് സാഹചര്യം ഇപ്പോഴും നിയന്ത്രണവിധേയമാകാത്തത് എന്നൊക്കെ ഈ ഭയാനകമായ ചുറ്റുപാടിൽ ആർക്കും സംശയം തോന്നാം. ഇത്തരത്തിലൊരു മഹാമാരി മുമ്പുണ്ടായിട്ടി ല്ലാത്തതു കൊണ്ടാണോ, അധികാരത്തിലിരിക്കുന്നവരുടെ ഹൃദയശൂന്യത കൊണ്ടാണോ, സാർവത്രികമായ ആരോഗ്യ പരിരക്ഷ സംവിധാനത്തിന്റെയും പകർച്ചവ്യാധികളെ തടയാനുള്ള മതിയായ പശ്ചാത്തലസൗകര്യങ്ങളുടെയും അഭാവം കൊണ്ടാണോ ഇത് ഇങ്ങനെയായത്? ചൈനയിലെ വമ്പൻ വ്യവസായ-വാണിജ്യ കേന്ദ്രമായ വുഹാൻ നഗരത്തിൽ ഉത്ഭവിക്കുകയും, അവിടെ നിന്നും ചൈനയുമായി വൻതോതിൽ വാണിജ്യ ഇടപാടുകളുള്ള മിക്കവാറും എല്ലാ രാജ്യങ്ങളിലേക്കും പടരുകയും ചെയ്തു എന്നതാണോ സത്യം? പ്രതിവിപ്ലവത്തിനുശേഷം സാമ്രാജ്യത്വ രാജ്യമായി തീർന്ന ചൈന, ഈ ഭീകര വൈറസിനെ സംബന്ധിച്ച് ലോകത്തെ സമയത്ത് അറിയിച്ചില്ല എന്നത് ഗുരുതരമായ അപരാധം തന്നെയാണ്. പകരം, തങ്ങൾക്കിത് നിയന്ത്രിച്ച് നിർത്താൻകഴിയും എന്നുകരുതി, ചൈനീസ് ഭരണാധികാരികൾ ഈ വിവരം മൂടിവെക്കുകയാണ് ചെയ്തത്. പക്ഷേ മഹാമാരി തീവ്രമായി പടരാൻ തുടങ്ങിയപ്പോൾ, പിന്നീടത് രൂക്ഷമായി ബാധിച്ച എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിലേയും ഭരണകൂടങ്ങൾ, ഒന്നും സംഭവിക്കില്ല എന്ന മട്ടിൽ ആ ഭീഷണിയോട് മുഖം തിരിക്കുകയാണുണ്ടായത്. അമേരിക്കൻ പ്രസിഡന്റാകട്ടെ, മാസ്ക് ധരിക്കുന്നതുപോലെയുള്ള ഏറ്റവും ചുരുങ്ങിയ പ്രതിരോധ നടപടിയെക്കുറിച്ചുള്ള ചോദ്യങ്ങൾപോലും പുച്ഛിച്ചുതള്ളുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ നിരുത്തരവാദ സമീപനത്തെ വിമർശിച്ച അനവധി പ്രശസ്ത ആരോഗ്യവിദഗ്ധരെയും ആരോഗ്യപ്രവർത്തകരെയും അദ്ദേഹം പുറത്താക്കുകയുംചെയ്തു.

യുകെ പ്രധാനമന്ത്രിയാകട്ടെ, തന്റെ രാജ്യത്തിൽ വൈറസിനെതിരേ സമൂഹ ആർജ്ജിതപ്രതിരോധ ശേഷി ഉണ്ടാക്കുന്നതിനെക്കുറിച്ചാണ് സംസാരിച്ചത്. തങ്ങളുടെ ഭരണകർത്താക്കളുടെ ഈ കുറ്റകരമായ ഹൃദയശൂന്യതയ്ക്ക് അതത് രാജ്യങ്ങളിലെ ജനങ്ങൾ വലിയ വില കൊടുക്കേണ്ടി വന്നു. ഇന്ത്യയിലെ സർക്കാരാകട്ടെ, രാജ്യത്തെ ആദ്യ കേസ് റിപ്പോർട്ട് ചെയ്ത് രണ്ടുമാസത്തോളംയാതൊരു പ്രതിരോധനടപടിയും കൈക്കൊണ്ടിരുന്നില്ല. നിലവിൽ, നിരവധി ഫാർമസ്യൂട്ടിക്കൽ കമ്പനികൾ പ്രതിരോധ വാക്സിൻ കണ്ടെത്തി എന്ന അവകാശവാദവുമായി വരുമ്പോൾ, അതിന്റെ വിലയുടെയും, ബൗദ്ധിക സ്വത്തവകാശത്തിന്റെയും പേരിലുള്ള വ്യക്തമായ വാണിജ്യതാത്പര്യങ്ങൾകൂടി മറനീക്കി പുറത്തുവരുന്നു. ഈ സംഭവങ്ങളെല്ലാം ചൂണ്ടിക്കാണിക്കുന്നതെന്താണ്?

സാർവത്രിക ആരോഗ്യപരിരക്ഷയുടെയും ഒരു മഹാമാരിയെ നേരിടുന്നതിന്റെയും വിഷയം, നിലനിൽക്കുന്ന സാമൂഹിക രാഷ്ട്രീയ സംവിധാനത്തിന്റെ സ്വഭാവവുമായി ഇഴചേർന്നിരിക്കുന്നു. ഇന്നത്തെ മുതലാളിത്ത-സാമ്രാ ജ്യത്വത്തെപോലെ, മനുഷ്യൻ മനുഷ്യനമേൽ നടത്തുന്ന ചൂഷണത്തിലധിഷ്ഠിതമായ, ഉത്പാദന ഉപാധികളുടെ ഉടമസ്ഥരായ ഭരണവർഗ്ഗത്തിന്റെ ലാഭാർത്തിയാൽ മാത്രം മുന്നോട്ടു നയിക്കപ്പെടുന്ന ഒന്നാണ് സാമൂഹിക-രാഷ്ട്രീയ സംവിധാനമെങ്കിൽ, ഇത്തരമൊരു ബുദ്ധിമുട്ടിൽനിന്നും മനുഷ്യരാശിയെ രക്ഷിക്കുക എന്നത് ഒരിക്കലും അധികാരികളുടെ മുഖ്യ ഉദ്ദേശ്യമാകില്ല. മറിച്ച്, അത് വർധിക്കുന്ന ദുരിതത്തിന്റെയും തിരിച്ചടികളുടെയും ദുരന്തങ്ങളുടെയും തുടർക്കഥയായിരിക്കും. ഈ അനുഭവം, സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനിലെ ആരോഗ്യസംവിധാനങ്ങളെയും, അവിടെ എങ്ങനെയായിരുന്നു പകർച്ചവ്യാധികളെയും മറ്റ് മഹാരോഗങ്ങളെയും കൈകാര്യം ചെയ്തതെന്നതും പരിശോധിക്കുവാൻ ഞങ്ങളെ പ്രേരിപ്പിക്കുകയാണ്. തുടർന്ന്, ഇന്നത്തെ സാമ്രാജ്യത്വ-മുതലാളിത്ത ലോകത്തിലെ സർക്കാരുകൾ, ഈ കൊലയാളി വൈറസിന്റെ പിടിയിൽനിന്നും മനുഷ്യരാശിയെ രക്ഷിക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കുന്നതിനു പകരം, ഈ സാഹചര്യത്തെ അവസരമാക്കി മാറ്റിക്കൊണ്ട് അധ്വാനിച്ചു ജീവിക്കുന്ന സാധാരണക്കാരന്റെ ചെലവിൽ, തങ്ങളുടെ ആഭ്യന്തര കുത്തകകൾക്കും ഭീമൻ മരുന്നു കമ്പനികളടക്കമുള്ള ബഹുരാഷ്ട്ര കുത്തകകൾക്കും പരമാവധി സാമ്പത്തികാനുകൂല്യങ്ങൾ തിരക്കിട്ടു നൽകാൻ ശ്രമിക്കുന്ന നിലവിലെ സാഹചര്യവുമായി അതിനെ താരതമ്യം ചെയ്യുകയും വേണം.

## നവസോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ പ്രഖ്യാപനം

ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിലുള്ള വിപ്ലവ തൊഴിലാളിവർഗ്ഗം, നിലവിലുള്ള മുതലാളിത്ത ക്രമത്തിന് അന്തിമ പ്രഹരമേൽപ്പിക്കുന്ന പ്രക്രിയ 1917 നവംബർ 7 ന് ആരംഭിച്ചു, നവംബർ വിപ്ലവത്തിന്റെ ശിൽപിയായ മഹാനായ ലെനിൻ, പുതിയ തൊഴിലാളിവർഗ്ഗസർക്കാരിനോടായി സമാധാനത്തിനുള്ള ബോൾഷെവിക് ഉത്തരവിൽ ഇങ്ങനെ പ്രഖ്യാപിച്ചു: 'നീതിപൂർവകമായ, ജനാധിപത്യപരമായ സമാധാനത്തിനായി ഉടനടി ചർച്ചകൾ ആരംഭിക്കാൻ "തൊഴിലാളികളുടെയും കർഷകരുടെയും ഗവൺമെന്റ്..." യുദ്ധം ചെയ്യുന്ന എല്ലാ ജനങ്ങളോടും അവരുടെ സർക്കാരുകളോടും ആവശ്യപ്പെടുന്നു. നീതിപൂർവകമായ അല്ലെങ്കിൽ ജനാധിപത്യപരമായ സമാധാനമെന്നാൽ (ഞങ്ങൾ അർത്ഥമാക്കുന്നത്), യുദ്ധത്തിൽ തളർന്നുപോയ, പീഡിപ്പിക്കപ്പെടുന്ന, ചൂഷണം ചെയ്യപ്പെടുന്ന എല്ലാ രാജ്യങ്ങളിലെയും തൊഴിലാളിവർഗത്തിന്റെയും, തൊഴിലെടുക്കുന്ന മറ്റ് ഭൂരിപക്ഷം പേരും കൊതിക്കുന്നതുപോലെ, പിടിച്ചടക്കലുകളില്ലാതെ ഒരു അടിയന്തര സമാധാനം - അതായത്, വിദേശ ഭൂമി പിടിച്ചെടുക്കാതെ, നിർബന്ധിതമായി വിദേശരാജ്യങ്ങളെ കൈയടക്കാതെ, നഷ്ടപരിഹാര ഉടമ്പടികളില്ലാതെയുള്ളത്'. കശാപ്പ് അവസാനിപ്പിക്കാനും അന്താരാഷ്ട്ര ഐക്യദാർഢ്യം സ്വീകരിക്കാനുമുള്ള ലെനിന്റെ നിർദ്ദേശം പക്ഷേ യുദ്ധക്കൊതി പൂണ്ട ബധിരകർണ്ണങ്ങളിലാണ് പതിച്ചത്. ബോൾഷെവിക്കുകളുടെ ഈ സമാധാന നിർദ്ദേശം അംഗീകരിച്ചിരുന്നെങ്കിൽ, ലോകമെമ്പാടും മരണം വിതച്ച 1918 ലെ ഇൻഫ്ലുവൻസ മഹാമാരി കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കാമായിരുന്നു.

കമ്മിസ്സാർ കൗൺസിലിന്റെ അധ്യക്ഷൻ എന്ന നിലയിൽ നവസോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ നേതാവായ ലെനിൻ കൈക്കൊണ്ട ആദ്യനടപടികളിലൊന്ന് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ടതായിരുന്നു. സിപിഎസ്‌യു(ബോൾഷെവിക്) വിജ്ഞാപനം ചെയ്തത്: 'ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്ന മേഖലയിലെ തങ്ങളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനമെന്ന നിലയിൽ, റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (ബോൾഷെവിക്), രോഗം വരുന്നത് തടയുക എന്ന ലക്ഷ്യത്തോടെ വിപുലമായ ആരോഗ്യ നിർമ്മാണവും ശുചിത്വ നടപടികളും നടപ്പാക്കുന്നത് പ്രാഥമികമായി പരിഗണിക്കുന്നു.

' പൊതുജനാരോഗ്യത്തിനായുള്ള പീപ്പിൾസ് കമ്മിസ്സാറിയറ്റ് 1918 ജൂലൈയിൽ സ്ഥാപിക്കുകയുണ്ടായി. പകർച്ചവ്യാധികളുടെ നിയന്ത്രണമായിരുന്നു അതിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. 1920-ൽ ലെനിൻ എഴുതി: 'നമ്മുടെ എല്ലാ നിശ്ചയദാർഢ്യവും, ആഭ്യന്തരയുദ്ധത്തിലെ നമ്മുടെ എല്ലാ അനുഭവവും, പകർച്ചവ്യാധികളെ നേരിടുന്നതിനായി നമ്മൾ പ്രയോഗിക്കണം.' സ്പാനിഷ് ഫ്ളൂവിനെക്കുറിച്ചും, എങ്ങനെയാണ് അത് ആരോഗ്യകാര്യങ്ങളെക്കുറിച്ച് ലോകത്തെ കൊണ്ട് ചിന്തിപ്പിച്ചതെന്നും എഴുതിയ ഒരു ഗ്രന്ഥകാരൻ ഇങ്ങനെ അഭിപ്രായപ്പെട്ടു: '1920ൽ, കേന്ദ്രീകൃതമായ പൂർണ്ണ പൊതുജനാരോഗ്യ സംവിധാനം ആദ്യമായി നടപ്പിലാക്കിയത് റഷ്യയാണ്. ഇത് സാർവത്രികമല്ല, കാരണം ഇത് ഗ്രാമീണ ജനതയിലേക്ക് അപ്പോൾ എത്തിയിരുന്നില്ല ... എന്നിരുന്നാലും ഇത് ഒരു വലിയ നേട്ടമാണ്. അതിനു പിന്നിലെ പ്രേരകശക്തി വ്ളാഡിമിർ ലെനിൻ ആയിരുന്നു... മറ്റ് കാര്യങ്ങൾക്കുപുറമേ, 'അസുഖത്തിന് കാരണമാകുന്ന തൊഴിൽപരവും സാമൂഹികവുമായ അവസ്ഥകളെക്കുറിച്ച് പഠിക്കാനുള്ള കഴിവും, രോഗം ഭേദമാക്കാൻ മാത്രമല്ല, അത് തടയാനുള്ള വഴികൾ നിർദ്ദേശിക്കാനും' സാധിക്കുന്ന ഡോക്ടർമാരെ വാർത്തെടുക്കാൻ മെഡിക്കൽ സ്കൂളുകളോട് സർക്കാർ ആവശ്യപ്പെട്ടപ്പോൾ, ഭാവിയിലെ വൈദ്യനെ സംബന്ധിച്ച ഔദ്യോഗിക കാഴ്ചപ്പാട് 1924-ൽ തന്നെ വ്യക്തമായിരുന്നു. വൈദ്യശാസ്ത്രം എന്നത് ജൈവശാസ്ത്രപരവും പരീക്ഷണാത്മകവും മാത്രമല്ല, സാമൂഹ്യശാസ്ത്രപരവുമായിരിക്കണം എന്ന് ലെനിൻ മനസ്സിലാക്കി. എപ്പിഡെമിയോളജി- പൊതുജനാരോഗ്യത്തിന്റെ മൂലക്കല്ലായ രോഗങ്ങളുടെ പാറ്റേണുകൾ, കാരണങ്ങൾ, ഫലങ്ങൾ എന്നിവയുടെ ശാസ്ത്രം - ഒരു ശാസ്ത്രമെന്ന നിലയിൽ പൂർണ്ണ അംഗീകാരം നേടിയതും അതേ സമയത്താണ്.' സർക്കാരിന്റെ തന്നെ കീഴിലുള്ള ഇൻഷുറൻസ് പദ്ധതിയിലൂടെ ഫണ്ട് ചെയ്യുന്ന ഒരു കേന്ദ്രീകൃത പൊതുജനാരോഗ്യസംവിധാനം നടപ്പിൽ വരുത്തിയ ആദ്യരാജ്യം സോവിയറ്റ് റഷ്യയായിരുന്നു.

## സോവിയറ്റ് യൂണിയനിലെ പൊതുജനാരോഗ്യ, പകർച്ചവ്യാധി പ്രതിരോധ സംവിധാനം

റഷ്യൻ, സോവിയറ്റ് കാലഘട്ടങ്ങളിലെ പൊതുജനാരോഗ്യ ചരിത്രം പരിശോധിച്ചാൽ പൊതുജനാരോഗ്യ നടപടികളുടെയും രാഷ്ട്രീയ സാഹചര്യങ്ങളുടെയും ബന്ധത്തെക്കുറിച്ചുള്ള കൗതുകകരമായ ഒരു ചിത്രം അത് നൽകുന്നു. പഴയ സോവിയറ്റ് യൂണിയനിൽ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നത് സങ്കീർണ്ണമായ ഒരു ജോലിയായിരുന്നു. ഉഷ്ണമേഖല മുതൽ ധ്രുവപ്രദേശം വരെയുള്ള എല്ലാ കാലാവസ്ഥാ മേഖലകളും ഉൾപ്പെടുന്ന വിശാലമായ ഭൂമിശാസ്ത്രപരമായ പ്രദേശമായിരുന്നു സോവിയറ്റ് യൂണിയൻ. ജനസംഖ്യയാകട്ടെ ബഹുവിധമായ വംശീയതയും വിവിധ പാരമ്പര്യങ്ങളും ആചാരങ്ങളും ജീവിതശൈലികളുമുള്ള വിവിധ ദേശീയതകളിൽ

*(ശേഷം 12-ാം പേജിൽ)*

# സോവിയറ്റ് യൂണിയൻ ചികിത്സയെക്കാൾ പ്രതിരോധത്തിന് ഊന്നൽ നൽകി

(11–ാം പേജിൽ നിന്ന്)

പെട്ടവരായിരുന്നു. യൂറോപ്യൻ രാജ്യങ്ങൾക്കിടയിൽ പകർച്ചവ്യാധികൾ മൂലമുള്ള മരണനിരക്കിൽ ഒന്നാം സ്ഥാനം സാറിസ്റ്റ് റഷ്യക്കായിരുന്നു. ഈ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും, ഇതിൽ പല പകർച്ചവ്യാധികളെയും ഉന്മൂലനം ചെയ്യുവാനും മറ്റുള്ളവയെ നിയന്ത്രിക്കുവാനും ഉള്ള ദൗത്യം സോവിയറ്റ് ഭരണകൂടം വിജയകരമായി നിർവഹിച്ചു. വിപ്ലവത്തിനുശേഷം റഷ്യയിൽ സ്ഥാപിതമായ പകർച്ചവ്യാധി നിയന്ത്രണ സംവിധാനത്തോട് ഈ വിജയം വളരെയധികം കടപ്പെട്ടിരിക്കുന്നു.

അസുഖം വന്ന ചികിത്സിക്കുന്നതിനേക്കാൾ, പ്രതിരോധത്തിന് ഊന്നൽ കൊടുക്കുക എന്നതായിരുന്നു സോവിയറ്റ് യൂണിയനിലെ രോഗപ്രതിരോധത്തിന്റെ പ്രധാനസവിശേഷത. 1917 ന് ശേഷം സ്ഥാപിതമായ സമഗ്ര നിയന്ത്രണ സംവിധാനം, 20 വർഷത്തിനുള്ളിൽ ചോദ്യം ചെയ്യപ്പെടാനാകാത്ത ഫലമുണ്ടാക്കി. വിപ്ലവത്തിന് മുമ്പ് നിലവിലുണ്ടായിരുന്ന ചുരുങ്ങിയ സൗകര്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് തികച്ചും വ്യത്യസ്തമാണ്. സാറിസ്റ്റ് റഷ്യയിൽ ഒരു കേന്ദ്ര ഏജൻസിയും ഉണ്ടായിരുന്നില്ല എന്നത് അർത്ഥമാക്കുന്നത്, രോഗനിയന്ത്രണം മനുഷ്യസ്നേഹികളുടെയും സന്നദ്ധ സംഘടനകളുടെയും പിന്തുണയോടെ, പ്രാദേശിക അധികാരികളായ സെംസ്റ്റ്വോ (കൗണ്ടി), സിറ്റി കൗൺസിലുകൾ എന്നിവരുടെ കൈകളിലായിരുന്നു. തൊട്ടുമുന്നിലുള്ള പകർച്ചവ്യാധി പ്രതിസന്ധികളെ നേരിടുക എന്നതിനു മാത്രമായിരുന്നു മുൻഗണന. എന്തെങ്കിലും ദീർഘകാല പ്രതിരോധ തന്ത്രമോ, അടിസ്ഥാന ശുചിത്വത്തെക്കുറിച്ചും സുരക്ഷാ നടപടികളെക്കുറിച്ചും ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള സംരംഭമോ ഉണ്ടായിരുന്നില്ല.

മഹത്തായ നവംബർ വിപ്ലവത്തിന്റെ വിജയത്തിനുശേഷം, ചുരുങ്ങിയ സമയത്തിനിടയിൽ വളരെയധികം മാറ്റങ്ങളാണ് കൊണ്ടുവന്നത്. 'ഒന്നുകിൽ പേനുകൾ സോഷ്യലിസത്തെ പരാജയപ്പെടുത്തും, ഇല്ലെങ്കിൽ സോഷ്യലിസം പേനുകളെ പരാജയപ്പെടുത്തും' -എന്നാണ് മഹാനായ ലെനിൻ 1919 ഡിസംബറിലെ 7–ാം സോവിയറ്റ് കോൺഗ്രസിൽ പറഞ്ഞത്. 1918 മുതൽ 1922 വരെയുള്ള ആഭ്യന്തരയുദ്ധസാഹചര്യത്തിന്റെ ബുദ്ധിമുട്ടുകളിൽപോലും സൗജന്യ വൈദ്യസഹായം ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിന്റെ നാശത്തിൽനിന്ന് രാജ്യം കരകയറിക്കൊണ്ടിരിക്കുമ്പോഴാണ് ഇത്. അതു പോലെ തന്നെ പതിന്നാല് സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളുടെ സഹായവും പിന്തുണയോടുംകൂടി പ്രവർത്തിച്ച വിവിധ പ്രതിവിപ്ലവ ശക്തികൾ, അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ കുപ്രസിദ്ധമായി പ്രഖ്യാപിച്ചതുപോലെ, "ശിശുവായ ബോൾഷെവിസ്റ്റ് ഭരണകൂടത്തെ അതിന്റെ തൊട്ടിലിലിട്ട് കഴുത്തു ഞെരിച്ച് കൊല്ലാനുള്ള", ഗൂഢാലോചനകൾ നടത്തുകയായിരുന്നു.

പുതിയ രാഷ്ട്രക്രമത്തിന്റെ പ്രധാന ഭീഷണിയായി ബോൾഷെവിക് സർക്കാർ പകർച്ചവ്യാധികളെ കണക്കാക്കി. 'പകർച്ചവ്യാധികൾക്കെതിരായുള്ള നടപടികളെക്കുറിച്ച്' 1918 ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. 1918 ൽ മോസ്കോയിൽ വാക്സിൻ-സെറം കമ്മീഷനുകൾ സൃഷ്ടിച്ചു. പുതിയ രോഗനിയന്ത്രണ സംവിധാനത്തിന് ഒരു പ്രധാന നേട്ടം ഉണ്ടായിരുന്നു: മാർക്സിസം-ലെനിനിസമെന്ന ഉത്തമപ്രത്യയശാസ്ത്രത്താൽ നയിക്കപ്പെട്ടുന്ന പ്രാദേശിക ബോൾഷെവിക് പാർട്ടി നേതൃത്വങ്ങൾ നടപടികളെ പിന്തുണയ്ക്കാൻ തയ്യാറായതിനാൽ, പൊതുജനാരോഗ്യ അധികാരികളും നേരിട്ട് പാർട്ടി ഉപകരണങ്ങളും ഇതിനെ പിന്തുണക്കുകയും നിയന്ത്രിക്കുകയും ചെയ്തു. നവംബർ വിപ്ലവത്തിന് മുമ്പും, ആഭ്യന്തരയുദ്ധകാലത്തും, പലപകർച്ചവ്യാധികളും(ടൈഫസ്, ടൈഫോയ്ഡ് പനി, കോളറ, മലേറിയ മുതലായവ) റഷ്യയുടെ പ്രദേശത്ത് ദശലക്ഷക്കണക്കിന് മനുഷ്യരുടെ ജീവൻ അപഹരിച്ചു. ജനസംഖ്യയുടെ നാലിലൊന്ന് പകർച്ചവ്യാധികൾമൂലം മരിച്ചു. മൊത്തം മരണനിരക്ക് കണക്കിലെടുത്താൽ 1000 ജനങ്ങളിൽ 291 എന്ന കണക്കിൽ, ലോകത്തിലെ ആദ്യസ്ഥാനങ്ങളിൽ ഒന്നായിരുന്ന വിപ്ലവത്തിനുമുമ്പുള്ള റഷ്യ. ശരാശരി ആയുർദൈർഘ്യം 32 വയസ്സായിരുന്നു. വിപ്ലവത്തിനുശേഷം, ലെനിൻ 1918 ൽ 'നിർബന്ധിത വസൂരി വാക്സിനേഷൻ' എന്ന പേരിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. നിർബന്ധിത വാക്സിനേഷന്റെയും പകർച്ചവ്യാധി രോഗികളുടെ ചികിത്സയുടെയും തുടക്കമായിരുന്നു ഇത്.

ഈ ലക്ഷ്യം നിറവേറ്റുന്നതിനായി, ജില്ലാതലം മുതൽ റിപ്പബ്ലിക് ഒട്ടാകെ സാനിറ്ററി സ്റ്റേഷനുകളുടെ ഒരു ശൃംഖല സ്ഥാപിക്കുകയും, താമസിയാതെ രാജ്യം മുഴുവൻ അത് വ്യാപിപ്പിക്കുകയും ചെയ്തു. മൂന്ന് തരത്തിലുള്ള സ്റ്റേഷനുകൾ ഉണ്ടായിരുന്നു: (1) പൊതു ആവശ്യത്തിനുള്ള സാനിറ്ററി സ്റ്റേഷനുകൾ, (2) കോളറ, വസൂരി, തുലാരീമിയ, ആന്ത്രാക്സ്, ബ്രൂസെല്ലോസിസ്, തുടങ്ങിയവ കൂടി കൈകാര്യം ചെയ്യുന്ന പ്ലേഗിനെതിരായ സ്റ്റേഷനുകൾ, (3) മലേറിയക്കെതിരായ സ്റ്റേഷനുകൾ. തൊഴിലിന്റെയും ജീവിതത്തിന്റെയും സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഭക്ഷണത്തിന്റെയും മറ്റ് സൗകര്യങ്ങളുടെയും നിർമ്മാണത്തിലും പ്രവർത്തനത്തിലും വേണ്ട പ്രതിരോധപരവും ശുചിത്വപരവുമായ മേൽനോട്ടം വഹിക്കുന്നതിനുമുള്ള എല്ലാ നടപടികളുടെയും സംഘാടകരായിരുന്നു ഗ്രാമത്തിലെ സാനിറ്ററി പാരാമെഡിക്കുകൾ. നിരവധി അണുബാധകൾക്ക് എതിരേ സോവിയറ്റ് യൂണിയൻ കാര്യമായ വിജയങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് പിൽക്കാല ചരിത്രം കാണിച്ചുതരുന്നു.

തുടക്കം തൊട്ടുതന്നെ, സോവിയറ്റ് സർക്കാരിന്റെ ആഭിമുഖ്യത്തിനുംനിയന്ത്രണത്തിനുംകീഴിൽ, പകർച്ചവ്യാധികൾക്കെതിരെയുള്ള പോരാട്ടം സോവിയറ്റ് യൂണിയനിൽ മുൻഗണന നേടി. സോവിയറ്റ് അധികാരത്തിന്റെ ആദ്യനാളിൽത്തന്നെ, പെട്രോഗ്രാഡ് മിലിട്ടറി റവല്യൂഷണറി കമ്മിറ്റിയുടെ കീഴിൽ, ഒരു ബോൾഷെവിക് ഡോക്ടറുടെ നേതൃത്വത്തിൽ, ഒരു ആരോഗ്യ-ശുചിത്വ വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. രാജ്യത്തെ മുഴുവൻ ആരോഗ്യസംവിധാനത്തെയും പുനഃസംഘടിപ്പിക്കുന്നതിന് ഈ വകുപ്പിനെ ചുമതലപ്പെടുത്തി. പകർച്ചവ്യാധികൾക്കെതിരേയുള്ള പോരാട്ടം മുന്നോട്ട് കൊണ്ടുപോകുവാനും, രാജ്യത്ത് നാളിതുവരെ നിലനിന്ന ശുചിത്വരഹിത സാഹചര്യങ്ങൾ ഇല്ലാതാക്കുവാനും, എപ്പിഡെമിയോളജി ഉപവകുപ്പോടു കൂടി ഒരു ശുചിത്വ-പകർച്ചവ്യാധിപ്രതിരോധ വകുപ്പ് സൃഷ്ടിച്ചു. പകർച്ചവ്യാധികൾക്കെതിരേയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നിർവ്വഹിക്കാനുള്ള കേന്ദ്രസ്ഥാപനമായി ഈ വകുപ്പ് മാറി. സമാനമായ ഉപവിഭാഗങ്ങൾ പ്രാദേശികമായി സംഘടിപ്പിക്കുകയും പകർച്ചവ്യാധികൾക്കും എല്ലാത്തരം ശുചിത്വഹീനതയ്ക്കും എതിരായ പോരാട്ടത്തിൽ ഉടൻ പങ്കാളികളാവുകയും ചെയ്തു. സാനിറ്ററി, എപ്പിഡെമോളജിക്കൽ വിഭാഗത്തിന് നേതൃത്വം നൽകിയത് ഒരു പ്രമുഖ ശുചിത്വ വിദഗ്ധനാണ്. ഈ വകുപ്പിനു കീഴിലെ ഉപദേശകസമിതികളായി, പകർച്ചവ്യാധികൾക്കെതിരായ പോരാട്ടത്തിനായുള്ള കേന്ദ്ര കമ്മീഷൻ, സെറം വാക്സിൻ കമ്മീഷൻ, ടൈഫസിനെയും സ്പാനിഷ് ഡിസീസിനെയും കുറിച്ച് പഠിക്കാനുള്ള കമ്മീഷൻ, എന്നിങ്ങനെയുള്ള കമ്മീഷനുകൾ പകർച്ചവ്യാധികളെ നേരിടുന്നതിനായി സംഘടിപ്പിച്ചു. 1918 ജൂലൈ 23ന് കേന്ദ്ര കമ്മീഷൻ സ്ഥാപിക്കപ്പെട്ടു. വിവിധ പകർച്ചവ്യാധികളെ നേരിടാനുള്ള നടപടികൾ വികസിപ്പിക്കുക എന്നത് അതിന്റെ ചുമതലയിൽ ഉൾപ്പെട്ടിരുന്നു. 1919 മുതൽ 1921 വരെ, ബോൾഷെവിക് പാർട്ടിയും സോഷ്യലിസ്റ്റ് സർക്കാരും പകർച്ചവ്യാധികൾക്കെതിരേയുള്ള പോരാട്ടത്തിൽ 18 ഉത്തരവുകളാണ് പുറത്തിറക്കിയത്. 1927 ഫെബ്രുവരി 19ന് റഷ്യൻ സോവിയറ്റ് ഫെഡറേറ്റീവ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ പീപ്പിൾസ് കമ്മിസാർസ് കൗൺസിൽ പുറപ്പെടുവിച്ച, 'റിപ്പബ്ലിക്കിലെ ശുചിത്വ സ്ഥാപനങ്ങളെക്കുറിച്ച്' എന്ന കൽപ്പനയിൽ, രാജ്യത്തെ ജനങ്ങളെ സേവിക്കേണ്ട ശുചിത്വസ്ഥാപനങ്ങളുടെ മാനദണ്ഡങ്ങൾ അംഗീകരിച്ചു. 1927 ഒക്ടോബർ 8 ന്റെ ഒരു കമ്മിസ്സാർ കൗൺസിൽ പ്രമേയത്തിൽ ശുചിത്വ അധികാരികളുടെ പ്രവർത്തനത്തിൽ ഒരു പ്രത്യേക സ്ഥാനം പകർച്ചവ്യാധി പ്രതിരോധത്തിനും പകർച്ചവ്യാധികൾക്കെതിരേയുള്ള നടപടികൾ സംഘടിപ്പിക്കുന്നതിനും നൽകി.

ആദ്യം കേന്ദ്രഗവേഷണ സ്ഥാപനങ്ങളായും തുടർന്ന് യൂണിയൻ റിപ്പബ്ലിക്കുകളിലും പ്രാദേശികമായും 1920 കളിലും 1930 കളിലും പ്രത്യേക ഹെൽമിന്തോളജിക്കൽ (പരാന്നഭോജികളായ പുഴുക്കളെക്കുറിച്ചുള്ള പഠനങ്ങൾ) സ്ഥാപനങ്ങൾ ആരംഭിച്ചു. പകർച്ചവ്യാധികൾക്കെതിരായ പോരാട്ടം സംഘടിപ്പിക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട രേഖകൾ മഹാനായ ലെനിന്റെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ സാന്നിധ്യത്തിലും, തുടർന്ന് അദ്ദേഹത്തിന്റെ ഉത്തമ ശിഷ്യനും പിന്തുടർച്ചക്കാരനുമായ മഹാനായ സ്റ്റാലിന്റെ സാന്നിധ്യത്തിലും ചർച്ച ചെയ്യപ്പെട്ടു. ഉചിതവും ആവശ്യവുമായ നടപടികളും കണിശമായി കൈക്കൊണ്ടു. ആരോഗ്യ സംരക്ഷണത്തിനുള്ള വിഹിതം പ്രതിവർഷം 128.5 ദശലക്ഷത്തിൽ നിന്ന് 660.8 ദശലക്ഷം റൂബിളായും, ആശുപത്രി കിടക്കകളുടെ എണ്ണം 175,000 ൽ നിന്ന് 225,000 ആയും ഉയർന്നു. മുപ്പതുകളുടെ മധ്യത്തോടെപ്പോലും, സോവിയറ്റ് യൂണിയനിൽ ലഭ്യമായിരുന്ന ആരോഗ്യ പരിരക്ഷ, പാശ്ചാത്യ ലോകത്തെ ആരോഗ്യ സംരക്ഷണത്തെക്കാൾ എത്രയോ മുന്നിലായിരുന്നു. സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ നിർമ്മാണ വേളയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി 28,000-ത്തിലധികം സംസ്ഥാന ആശുപത്രികൾ നിർമ്മിക്കുകയും, അതീവ ശ്രദ്ധയോടെയും പ്രാധാന്യത്തോടെയും അവ നടത്തുകയും ചെയ്തു. എല്ലാവർക്കും സൗജന്യവും സാർവത്രികവുമായ ആരോഗ്യ സംരക്ഷണം നൽകുന്നതിന് സോവിയറ്റ് യൂണിയന്റെ വാർഷിക ബജറ്റിന്റെ 17% ചെലവഴിച്ചിരുന്നു. ഏറ്റവും പ്രധാനമായി, സോവിയറ്റ് ഭരണഘടനയുടെ 42-ാം വകുപ്പ് പ്രകാരം, എല്ലാ പൗരന്മാർക്കും ആരോഗ്യസംരക്ഷണത്തിനും, സോവിയറ്റ് യൂണിയനിലെ ഏത് ആരോഗ്യകേന്ദ്രത്തിന്റെ സേവനവും സൗജന്യമായി ലഭിക്കാനുമുള്ള അവകാശം നൽകപ്പെട്ടു. തിരുത്തൽവാദികളായ ക്രൂഷ്ചേവ് നേതൃത്വം പ്രതിവിപ്ലവ പ്രക്രിയ പൂർണമായിരൂപപ്പെടുത്തുന്നതുവരെ സോവിയറ്റ് യൂണിയനിൽ ഇത് ആദരിക്കപ്പെട്ടു.

## പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിൽ ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവരുടെ പങ്ക്

2020 ജൂലൈ 1 ലക്കം പ്രോലിറ്റേറിയൻ ഇറയിലെ ലേഖനത്തിൽനിങ്ങൾസൂചിപ്പിച്ചതുപോലെ, ലോകത്ത് ഏറ്റവുമധികം ഡോക്ടർമാരും ആശുപത്രികളും അന്നുണ്ടായിരുന്നത് യുഎസ്എസ്ആറിലാണ്. മഹാനായ സ്റ്റാലിന്റെ മേൽനോട്ടത്തിലുള്ള ആദ്യത്തെ പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിൽ, ഡോക്ടർമാരുടെ എണ്ണം 63,000ൽ നിന്ന് 76,000 ആയി ഉയർന്നു. ആശുപത്രി കിടക്കകളുടെ എണ്ണം പകുതിയിലധികം വർദ്ധിക്കുകയും നഴ്സറി സ്ഥലങ്ങളുടെ എണ്ണം 2,56,000 ൽ നിന്ന് 57,50,000 ആയി വർദ്ധിക്കുകയും ചെയ്തു. സോവിയറ്റ് ശാസ്ത്രജ്ഞരാണ് എപ്പിഡെമിയോളജി സിദ്ധാന്തത്തിന്റെയും നിരവധി അണുബാധകൾ തടയുന്നതിന്റെയും അവയുടെ എണ്ണം കുറയ്ക്കുന്നതിന്റെ ഘട്ടങ്ങളുടെയും സമന്വയ സംവിധാനം വികസിപ്പിച്ചെടുത്തത്. സോവിയറ്റ് യൂണിയന്റെ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിലെ പ്രമുഖ ശാസ്ത്രജ്ഞർ എഴുതിയ പാഠപുസ്തകങ്ങളും പുസ്തകങ്ങളും ഓരോ എപ്പിഡെമിയോളജിസ്റ്റിന്റെയും ഡെസ്ക് മാനുവലുകളായി. ഈ പാഠപുസ്തകങ്ങൾ അനുസരിച്ച് വിദ്യാർത്ഥികളും ഡോക്ടർമാരും പഠിച്ചു. എപ്പിഡെമിയോളജിയെക്കുറിച്ചുള്ള ശ്രദ്ധേയമായ ഒരു പാഠപുസ്തകം നിരവധി രാജ്യങ്ങളിൽ വീണ്ടും പ്രസിദ്ധീകരിച്ചു. പല മെഡിക്കൽ സർവകലാശാലകളിലും ഇത് ഇന്നും ഉപയോഗിക്കുന്നു.

ഡോക്ടർമാരെ മാത്രമല്ല, നഴ്സുമാരെയും എപ്പിഡെമിയോളജിയെ കുറിച്ചുള്ള പാഠപുസ്തകം അനുസരിച്ച് പരിശീലിപ്പിച്ചു. ജില്ലാ ആശുപത്രികളിലെയും പ്രസവചികിത്സാ സെന്ററുകളിലേയും മെഡിക്കൽ സ്റ്റാഫ്, ഫെൽഷർ (അടിയന്തിര ചികിത്സയ്ക്കും ആംബുലൻസ് പരിശീലനത്തിനും മാത്രമായി വിവിധ മെഡിക്കൽ സേവനങ്ങൾ നൽകുന്ന ആരോഗ്യ പരിപാലന വിദഗ്ധൻ) എന്നിവർ ഡയറി ഫാമുകളുടെ പരിപാലനം, ഭക്ഷ്യ ഉൽപന്നങ്ങളുടെ കടത്ത്, സംഭരണം എന്നിവയ്ക്കുള്ള ചട്ടങ്ങളും നിയന്ത്രണങ്ങളും, മൃഗങ്ങളെ അറുക്കുന്നതിനുള്ള നിയമങ്ങൾ മുതലായവ പാലിക്കുന്നുണ്ടോ എന്നിവ ഇടയ്ക്കിടെ നിരീക്ഷിക്കുന്നു. പ്രത്യേക അംഗീകാരമുള്ള ആരോഗ്യ സംരക്ഷണ പ്രവർത്തകർ രോഗികളുമായി സമ്പർക്കം പുലർത്തുകയും അണുബാധയുടെ കേന്ദ്രങ്ങളിൽ നിരീക്ഷണം നടത്തുകയും ചെയ്തിരുന്നു. അതുപോലെ, അണുബാധ തടയുന്നതിനുള്ള നടപടികൾ പാലിക്ക

(ശേഷം 13–ാം പേജിൽ)

# സോവിയറ്റ് ആരോഗ്യപരിപാലന സംവിധാനം ആഗോളമായ ആദരവ് നേടി

(12-ാം പേജിൽ നിന്ന്)

ന്നതിനെ കുറിച്ച് ജനങ്ങളുമായി പതിവായി സംഭാഷണം നടത്തി. ഒരു പകർച്ചവ്യാധി ഉണ്ടായാൽ പനി ബാധിച്ച രോഗികൾ അല്ലെങ്കിൽ പകർച്ചവ്യാധിയുടെ മറ്റ് ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി, അണുനാശക നടപടികൾ പോലെയുള്ളവ സ്വീകരിച്ചു. ടൈഫോയ്ഡ്, ഛർദ്ദി, വൈറൽ ഹെപ്പറ്റൈറ്റിസ്, എന്നിവ ബാധിച്ചിരുന്നവരുടെ ഡിസ്പെൻസറി നിരീക്ഷണത്തിലും അവർ പങ്കെടുത്തു. പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുന്നതിലും, കുട്ടികൾക്കുള്ള സ്ഥാപനങ്ങൾ, ഔട്ട്പേഷ്യന്റ് ക്ലിനിക്കുകൾ, പോളിക്ലിനിക്കുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ പ്രതിരോധ, പകർച്ചവ്യാധി വിരുദ്ധ നടപടികൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിലും പാരാമെഡിക്കൽ പ്രവർത്തകർ നിർവ്വഹിച്ചിരുന്ന പങ്ക് പ്രശംസനീയമാണ്. കമ്മ്യൂണിറ്റി മെഡിസിൻ, ശരിയായ ആരോഗ്യ അടിസ്ഥാനസൗകര്യങ്ങൾ,മെഡിക്കൽ സയൻസിന്റെ ശരിയായ പ്രയോഗം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് എങ്ങനെ പകർച്ചവ്യാധികളെ വിജയകരമായി നേരിടാമെന്ന് സോവിയറ്റ് യൂണിയനാണ് ആദ്യമായി ലോകത്തിന് കാണിച്ചു കൊടുത്തത്. സോവിയറ്റ് യൂണിയന്റെ ആരോഗ്യസംരക്ഷണ സംവിധാനത്തെ നിരവധി വിദേശ വിദഗ്ധരും വളരെ ബഹുമാനത്തോടെ നോക്കിക്കണ്ടിരുന്നു.

## ജനങ്ങൾക്ക് വേണ്ടിയുള്ള ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ

സോഷ്യലിസ്റ്റ് സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൻ കീഴിലുള്ള, ജനങ്ങൾക്കുവേണ്ടിയുള്ള ഇത്തരം നടപടികളുടെ ഫലം അതിവേഗം തന്നെ ദൃശ്യമായിരുന്നു. ലെനിൻ ഒപ്പിട്ട ഉത്തരവിൻ പ്രകാരം 1919-ൽ സംഘടിപ്പിച്ച, വസൂരിക്കെതിരേയുള്ള വ്യാപക കുത്തിവെപ്പ്, 1930 കളോടെ ഈ അസുഖത്തിന്റെ ഉന്മൂലനത്തിലേക്ക് നയിച്ചു. 1930 ഓടെ കോളറ ഇല്ലാതാക്കി. മലേറിയയാകട്ടെ, ചില മേഖലകളിലെ ഒറ്റപ്പെട്ട കേസുകളായി ചുരുങ്ങി. അതുപോലെ തന്നെ ഡിഫ്ത്തീരിയയും. പല പ്രദേശങ്ങളിലും എലികൾ, അണ്ണാൻ മുതലായവക്കിടയിലൂടെ ഈ രോഗത്തിന്റെ സ്വാഭാവിക കേന്ദ്രീകരണമുണ്ടായിരുന്നുവെങ്കിലും, പ്രതിരോധ നടപടികളുടെ കൃത്യവും സംഘടിതവുമായ നടപ്പാക്കലിലൂടെ പ്ലേഗ് രോഗത്തെ തടഞ്ഞു. സോവിയറ്റ് ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത വാക്സിനുകളുടെ പ്രയോഗത്തിലൂടെയും മറ്റ് പ്രതിരോധ നടപടികൾകൊണ്ടും തുലാരീമിയ (എലി, പ്രത്യേകിച്ച് മുയലുകൾ, അണ്ണാൻ എന്നിവയുടെ ഒരു പകർച്ചവ്യാധി, ചിലപ്പോൾ ടിക്കുകൾ, ഈച്ചകൾ അല്ലെങ്കിൽ രോഗബാധയുള്ള മൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിലൂടെ മനുഷ്യരിലേക്ക് പകരുന്നത്) ബാധിക്കുന്നത് ഏറെക്കുറെ ഇല്ലാതായി. 1950 കളിൽ, പോളിയോ വളരെ സാധാരണമായ ഒരു രോഗമായിരുന്നു. ചില സ്ഥലങ്ങളിൽ മരണനിരക്ക് 11% വരെ ഉയർന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. സുഖം പ്രാപിച്ചവരിൽ 20% പേർക്ക് ഗുരുതരമായ സങ്കീർണതകളുണ്ടാകാറുണ്ട്. 1.5 മുതൽ 4.7% വരെ അംഗവൈകല്യമുള്ളവരായി മാറി. സോവിയറ്റ് ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത ഒരു വാക്സിൻ ഉപയോഗിച്ച് ഈ അണുബാധയ്ക്കെതിരെ വ്യാപകമായ രോഗപ്രതിരോധ കുത്തിവയ്പ്പ് നടത്തിയശേഷം, വളരെ ഒറ്റപ്പെട്ട കേസുകളിൽ മാത്രമേ പോളിയോമൈലിറ്റിസ് ഉണ്ടായുള്ളൂ. കുട്ടികളിലെ വില്ലൻ ചുമയുടെ കേസുകൾ, വ്യാപകരോഗപ്രതിരോധ കുത്തിവയ്പ്പുകളിലൂടെ പത്തു മടങ്ങ് കുറച്ചുകൊണ്ടുവന്നു. കുഞ്ഞുങ്ങളിലെ അഞ്ചാംപനി എന്ന അസുഖം സോവിയറ്റ് യൂണിയനിലെ ആരോഗ്യവകുപ്പ് അംഗീകരിച്ച വ്യാപക പ്രതിരോധ കുത്തിവയ്പ്പിലൂടെ വളരെയധികം കുറച്ചു. ആസൂത്രിതമായ പ്രതിരോധ പ്രവർത്തനവും, സമയത്തുള്ള പ്രതിരോധ കുത്തിവെപ്പും നടത്തിയതിലൂടെ ടെറ്റനസ്, പേവിഷബാധ, ആന്ത്രാക്സ് എന്നീ അസുഖങ്ങൾ ഏറെക്കുറെ ഇല്ലാതാക്കി. കുടലിലെ അണുബാധയുടെ കേസുകൾ കാര്യമായി കുറഞ്ഞു. ഏറ്റവും ചുരുങ്ങിയ സമയംകൊണ്ടുതന്നെ രാജ്യത്തിന്റെ എല്ലാഭാഗത്തും എല്ലാവർക്കും ശുദ്ധജലം ഉറപ്പാക്കിയതിലൂടെ സോവിയറ്റ് യൂണിയന്റെ പല പ്രദേശങ്ങളിലും ടൈഫോയ്ഡ് ഏറെക്കുറെ അപ്രത്യക്ഷമായി. അതിനാൽ, പകർച്ചവ്യാധികളിൽനിന്നുള്ള മരണനിരക്ക് ഗണ്യമായി കുറഞ്ഞു - സ്കാർലറ്റ് പനിയിൽ 1,300 മടങ്ങിൽ കൂടുതൽ, ഡിഫ്ത്തീരിയ, വില്ലൻ ചുമ എന്നിവയുടെ കാര്യത്തിൽ 300 മടങ്ങിൽ കൂടുതൽ. ടൈഫോയ്ഡ് മരണങ്ങൾ തീർത്തും ഇല്ലാതായി. പൊതുവിൽ പറഞ്ഞാൽ, സോവിയറ്റ് അധികാരത്തിന്റെ വർഷങ്ങളിൽ കോടിക്കണക്കിന് സോവിയറ്റ് പൗരന്മാരുടെ ആയുസ്സും ആരോഗ്യവുമാണ് സംരക്ഷിക്കപ്പെട്ടത്.

## രണ്ടാം ലോകമഹായുദ്ധം ആരോഗ്യരക്ഷ പരിപാടികളിൽ ഉണ്ടാക്കിയ തടസ്സങ്ങൾ വിജയകരമായി മറികടന്നു

രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതും (കമ്പോളം പിടിച്ചെടുക്കുന്നതിൽ കേന്ദ്രീകരിച്ച് സാമ്രാജ്യത്വ ശക്തികളുടെ രണ്ട് ചേരികൾ തമ്മിൽ ആരംഭിച്ചത്) സോഷ്യലിസത്തെ തകർക്കുക എന്ന ലക്ഷ്യത്തോടെ ഫാസിസ്റ്റ് ജർമ്മനി സോവിയറ്റ് യൂണിയനെ ആക്രമിച്ചതും, സോഷ്യലിസ്റ്റ് ആരോഗ്യ പരിരക്ഷാ പരിപാടികളുടെ തുടർച്ചയ്ക്കും മെച്ചപ്പെടുത്തലിനും ഗുരുതരമായ വെല്ലുവിളി ഉയർത്തി. മഹാനായ സ്റ്റാലിനു കീഴിൽ മുഴുവൻ ജനങ്ങൾക്കും സൈന്യത്തിനും സോഷ്യലിസ്റ്റ് സർക്കാരിനും ഫാസിസ്റ്റ് ആക്രമണത്തിൽനിന്ന് പുതിയ സോഷ്യലിസ്റ്റ് ഭരണകൂടത്തെ രക്ഷിക്കുന്നതിൽ സ്വയം ഇടപെടേണ്ടി വന്നു. ആയിരക്കണക്കിന് ഫാക്ടറികൾ ഒഴിപ്പിക്കേണ്ടി വന്നു. പല പ്രദേശങ്ങളും ഒറ്റരാത്രികൊണ്ട് ഒഴിപ്പിക്കേണ്ടിവന്നു. രോഗം ബാധിച്ച ജനങ്ങൾ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കുടിയേറുന്നത് വർധിച്ചു. യുദ്ധസാഹചര്യമാകട്ടെ, പല പകർച്ചവ്യാധികളും വീണ്ടും വരുന്നതിനുള്ള സാഹചര്യമുണ്ടാക്കി. യുദ്ധകാലത്ത് സൈനികവ്യൂഹങ്ങൾക്കിടയിൽ പകർച്ചവ്യാധികളുടെ ഒറ്റപ്പെട്ട കേസുകൾ ഒഴിവാക്കാനാകില്ല. 1941 നവംബർ മുതൽ 1942 മാർച്ച് വരെ ദക്ഷിണ മുന്നണിയിലെ ചിലരിൽ തുലാരീമിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ആക്രമണകാരികളായ നാസി സൈന്യം സാധാരണ സോവിയറ്റ് ജനതയ്ക്കും റെഡ് ആർമിക്കും ഇടയിൽ അണുബാധ പകർത്താൻ മനഃപൂർവ്വം ശ്രമിച്ചിട്ടും അവ ഒരിക്കലും പകർച്ചവ്യാധികളായി മാറിയില്ല.

എന്നാൽ, സാമ്രാജ്യത്വ ശക്തികളുടെ ആക്രമണത്തെ ചെറുക്കുന്നതിനും സോഷ്യലിസ്റ്റ് വ്യവസ്ഥയെ സുരക്ഷിതമാക്കുന്നതിനുമായുള്ള സോവിയറ്റ് യൂണിയന്റെ മഹത്തായ ദേശസ്നേഹയുദ്ധത്തിന്റെ തുടക്കം മുതൽ തന്നെ, റെഡ് ആർമിയുടെ മിലിട്ടറി സാനിറ്ററി ഡയറക്ടറേറ്റ്, മുമ്പത്തെ യുദ്ധങ്ങളിൽ കൈക്കൊണ്ട പകർച്ചവ്യാധി വിരുദ്ധ, പ്രതിരോധ നടപടികളുടെ ഗുണപരവും പ്രതികൂലവുമായ എല്ലാ വശങ്ങളും കണക്കിലെടുത്തു. അതിനനുസരിച്ച്, ആവശ്യമായ സംഘടനാപരവും ശാസ്ത്ര-ചരിത്രപരവുമായ നിഗമനങ്ങളിൽ എത്തിച്ചേർന്നു. അതിനോടകം, യുദ്ധത്തിന്റെ ആദ്യ മാസങ്ങളിൽത്തന്നെ, സൈനികരുടെ ശുചിത്വ- പകർച്ചവ്യാധി സംരക്ഷണ ഏകീകൃത സിദ്ധാന്തം വികസിപ്പിച്ചെടുത്തു. 'രാജ്യത്തും റെഡ് ആർമിയിലും പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികളെക്കുറിച്ച്' സ്റ്റേറ്റ് പ്രതിരോധ സമിതിയുടെ കരട് പ്രമേയം 1942 ഫെബ്രുവരി 2 ന് സുപ്രധാന കൂട്ടിച്ചേർക്കലുകളുമായി അംഗീകരിച്ചു. പ്രസക്തമായ നടപടികൾ നടപ്പിലാക്കുന്നതിന് സോവിയറ്റ് യൂണിയന്റെ പീപ്പിൾസ് കമ്മിസ്സാറിയറ്റ് ഓഫ് ഹെൽത്ത് മാത്രമല്ല, പ്രാദേശിക സോവിയറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റികൾ, റെയിൽവേ, കടൽ-നദി കപ്പൽവ്യൂഹങ്ങൾ എന്നിവയുടെ ജനകീയ കമ്മിസ്സാറിയറ്റുകൾ എന്നിവയെയും ചുമതലപ്പെടുത്തി. പ്രാദേശിക കൗൺസിലുകളുടെ ചെയർമാൻമാർ, റെഡ് ആർമി പ്രതിനിധികൾ, പാർട്ടി ബോഡികൾ എന്നിവരെ ഉൾപ്പെടുത്തി, പ്രാദേശിക തലത്തിൽ അടിയന്തരസ്വഭാവത്തിൽ പൂർണ്ണമായ അധികാരത്തോടു കൂടി പകർച്ചവ്യാധി പ്രതിരോധ കമ്മീഷനുകൾ സൃഷ്ടിക്കുന്നതിന് പ്രമേയം വ്യവസ്ഥ ചെയ്യുന്നു. റോഡുകളിലും റെയിൽവേ സ്റ്റേഷനുകളിലും സാനിറ്ററി കൺട്രോൾ പോയിന്റുകൾ സൃഷ്ടിച്ചു. ഐസൊലേഷൻ ചെക്ക്പോസ്റ്റുകളും കുളിമുറികളും, അലക്കും അണുവിമുക്തമാക്കാനുള്ള സൗകര്യങ്ങളും പ്രവർത്തിക്കുന്നു. റെഡ് ആർമിയിൽ, ശുചിത്വത്തിനും പകർച്ചവ്യാധി പ്രതിരോധത്തിനു മുള്ള വിഭാഗങ്ങൾ, തുണി അലക്കുന്നതിനും, അണുനാശനത്തിനുമുള്ള വിഭാഗങ്ങൾ, പകർച്ചവ്യാധികൾക്കുള്ള മൊബൈൽ ആശുപത്രികൾ എന്നിവ സംഘടിപ്പിച്ചു. പകർച്ചവ്യാധികളെ തിരിച്ചറിയുന്നതിന്, യൂണിറ്റുകളിലും ജനങ്ങൾക്കിടയിലും വീടുതോറുമുള്ള പരിശോധനകൾ നടത്തി. പട്ടാളക്യാമ്പുകളിൽ, അലക്കുന്നതിനും അണുവിമുക്തമാക്കലിനും ടീമുകൾ സൃഷ്ടിച്ചു. സാനിറ്ററി-എപ്പിഡെമോളജിക്കൽ ലബോറട്ടറികൾ യുദ്ധമുന്നണികളിൽ വിന്യസിച്ചു. ഈ ഉപവിഭാഗങ്ങളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു. അത്തരം ലക്ഷ്യബോധമുള്ള നടപടികൾ, ഫാസിസ്റ്റ് സൈന്യത്തിന്റെ ആക്രമണത്തിനിരയായപ്പോൾ പോലും മുകളിൽനിന്ന് താഴേത്തട്ടിലേക്ക് സ്വീകരിച്ചതുമൂലം,യുദ്ധചരിത്രത്തിൽ ആദ്യമായി, ഒരു സജീവ സൈന്യം ഏതെങ്കിലും പകർച്ചവ്യാധിയുടെ വ്യാപനത്തിന് സംഭാവന നൽകിയിട്ടില്ലെന്ന് കണ്ടു.

സാധാരണക്കാരുടെ ജീവിത നിലവാരം ഗണ്യമായി ഉയരുന്നത്, മെഡിക്കൽ സയൻസ് ഉൾപ്പെടെയുള്ള ശാസ്ത്രത്തിലെ അത്ഭുതകരമായ നേട്ടങ്ങൾ, നന്നായി രൂപകൽപ്പനചെയ്ത സൗജന്യ പൊതുജനാരോഗ്യ സംവിധാനം വേഗത്തിൽ നടപ്പിലാക്കുക - സോഷ്യലിസത്തിന്റെ വെറും മൂന്ന് ദശകക്കാലംകൊണ്ടാണ് ഈ ശ്രദ്ധേയമായ നേട്ടം സാധ്യമായത്.

## എങ്ങനെയാണ് സോവിയറ്റ് യൂണിയൻ ഈ നേട്ടം കൈവരിച്ചത്?

സോവിയറ്റ് യൂണിയന് ഇത്രയും വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞതിന് കാരണം, സോഷ്യലിസത്തിന്റെ വിജയത്തിനുശേഷം ആരോഗ്യസംരക്ഷണ സംവിധാനംമുഴുവനും പുനഃസംഘടിപ്പിക്കുകയും, ആരോഗ്യസംരക്ഷണപ്രശ്നങ്ങൾ പ്രാദേശികമായി ജനകീയ കൗൺസിലുകളുടെ മേൽനോട്ടത്തിലാക്കുകയും ചെയ്തു. അതേസമയം എല്ലാ ആരോഗ്യ സംരക്ഷണ വിഭവങ്ങളും സമാഹരിക്കുകയും കേന്ദ്രീകൃതമാക്കുകയും ചെയ്തുകൊണ്ട്, സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്തു. ഒരു ജനവിഭാഗത്തിന് യഥാർത്ഥത്തിൽ അനുകൂലമായ നടപ്പാക്കൽ, എല്ലാവരെയും ഉൾക്കൊള്ളുന്ന മതിയായ ആരോഗ്യസംവിധാനം, സ്റ്റേറ്റ് ധനസഹായത്തോടെയുള്ള അക്കാദമിക് ശൃംഖലയുമായി സംയോജിപ്പിച്ചുകൊണ്ട് മെഡിക്കൽ ഗവേഷണ വികസനത്തിന് പൂർണ്ണ പ്രോത്സാഹനവും സ്റ്റേറ്റ് സഹായവും നൽകുക- ഇതൊക്കെയായിരുന്നു സോഷ്യലിസ്റ്റ് സമ്പ്രദായത്തിലെ ആരോഗ്യസംരക്ഷണത്തിന്റെ മുഖമുദ്രകൾ.

ഇപ്പോഴത്തെ റഷ്യൻ സാമ്രാജ്യത്വ ഭരണകൂടം കോവിഡ് ഭീഷണി കൈകാര്യം ചെയ്യുന്ന രീതി കണ്ട് മനംമടുത്ത ഒരു വ്യാഖ്യാതാവ് ചൂണ്ടിക്കാട്ടി: 'സോഷ്യലിസത്തിന് കീഴിൽ ഇത്തരം എപ്പിഡെമോളജിക്കൽ പ്രശ്നങ്ങൾ ഗൗരവമായി എടുക്കുകയും അവ ഉടനടി പരിഹരിക്കുകയും ചെയ്തിരുന്നു. വരാനിരിക്കുന്ന പകർച്ചവ്യാധിയെക്കുറിച്ച് മുതലാളിത്ത രാജ്യങ്ങൾക്ക് നന്നായി അറിയാമായിരുന്നു. (2019 നവംബറിന്റെ തുടക്കത്തിൽ തന്നെ) എന്നാൽ വിപണി പ്രവർത്തനങ്ങളൊന്നും തടയാതിരിക്കാൻ അതിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. അത് ലക്ഷക്കണക്കിന് ആളുകളുടെ മരണത്തിനും ദശലക്ഷക്കണക്കിന് ആളുകൾക്ക് അപകടത്തിനും കാരണമായി. മാത്രമല്ല, ഒരു സ്വകാര്യവത്കൃത ആരോഗ്യ സംരക്ഷണ സംവിധാനം ഇൻഷ്വറൻസ് ഇല്ലാത്തവരിൽനിന്ന് ചികിത്സയ്ക്കായി 2,00,000 റൂബിൾസ് (3,000 യുഎസ് ഡോളർ) ഈടാക്കും. രോഗികൾക്കുവേണ്ട ചികിത്സ നൽകാനുള്ള ആശുപത്രികളുടെ കഴിവില്ലായ്മയെക്കുറിച്ച് പറഞ്ഞിട്ട് കാര്യവുമില്ല. മറുവശത്ത്, സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയന്റെ കീഴിൽ ചികിത്സയും പ്രതിരോധ നടപടികളും പൊതുജനാരോഗ്യവുമായിരുന്നു മുൻഗണന. സാറിസ്റ്റ് റഷ്യയിൽ പകർച്ചവ്യാധികളിൽ നിന്നുള്ള മരണനിരക്ക് 1000 പേരിൽ 291 ആയിരുന്നു. എന്നാൽ സോഷ്യലിസത്തിൽ ചില രോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. പ്രതിരോധ നടപടികളുടെ വ്യക്തമായ സംഘാടനവും നടപ്പാക്കലും വഴി, 1930 കളിലെ പ്ലേഗ് ഉൾപ്പെടെയുള്ള ഗുരുതരമായ പല രോഗങ്ങളും തടഞ്ഞു. അങ്ങനെ ജനങ്ങൾക്കുമേലെ ലാഭത്തെ പ്രതിഷ്ഠിക്കാത്ത ഒരു സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയ്ക്ക് അനുകൂലമായുള്ള ശാസ്ത്രീയവും ചരിത്രപരവുമായ നിഗമനങ്ങളിൽ നമുക്ക് എത്തിച്ചേരാനാകും.'

ഒരുപക്ഷേ, ഈ അഭിപ്രായം സ്വയം വിശദീകരിക്കുന്നതാണ്. ചൂഷണപൂർണ്ണമായ മുതലാളിത്ത -സാമ്രാജ്യത്വ വ്യവസ്ഥയെ ചൂഷണരഹിത സോഷ്യലിസ്റ്റ് സംവിധാനവുമായി ഇത് വളരെ വാചാലമായി താരതമ്യം ചെയ്യുന്നു. ■

# പെട്രോളിയം മേഖല കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുന്നു

**ഡിസംബർ 1നും 15നുമായി പാചക വാതക വില നൂറു രൂപയാണ് വർദ്ധിപ്പിച്ചത്. ഗാർഹിക സിലിണ്ടറിന് 2020 സെപ്തംബർ 1ന് 594 രൂപ ആയിരുന്നത് ഇപ്പോൾ 700 രൂപയിലധികമായി. സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന സംവിധാനവും കഴിഞ്ഞ 4 മാസമായി നിർത്തലാക്കിയിരിക്കുകയാണ്. പാചക വാതകത്തിനും മണ്ണെണ്ണയ്ക്കും ഇപ്പോൾ ഫലത്തിൽ സബ്സിഡി ഇല്ല.**



അതിലൂടെ സർക്കാരിന്റെ ചെലവിൽ 2020-21 സാമ്പത്തിക വർഷത്തിൽ കുറവു വന്നത് 20,000 കോടി രൂപയാണ്. സാമ്പത്തിക വർഷത്തിനായി ബജറ്റിൽ അനുവദിച്ച എൽ.പി.ജി സബ്സിഡിയാകട്ടെ 37,256.21 കോടി രൂപയാണ്. ഇതിൽ 1,900കോടി രൂപ മാത്രം അനുവദിച്ച് കൊടിയ ജനവഞ്ചനയാണ് കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത്.

2013ൽ ഏറെ കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ PAHAL (പ്രത്യക്ഷ് ഹൻസ് തന്ത്രിത്ത് ലാഭ്) എന്ന പദ്ധതിയിലൂടെയുള്ള Direct Benefit Transfer of LPG (BDTL) എന്ന പദ്ധതി മോദി സർക്കാർ ദുഷ്ടലാക്കോടെ അട്ടിമറിച്ചിരിക്കുകയാണ്.

പ്രധാനമന്ത്രി ഉജ്ജ്വല യോജന(PMUY) എന്ന പേരിൽ അടുപ്പും മൂന്നു കുറ്റിയും സൗജന്യമായി നൽകുമെന്ന് പ്രഖ്യാപിച്ചു.എന്നാൽ അതിൽ 35 ലക്ഷം പേരെ ബാങ്ക് അക്കൗണ്ടിന്റെ പ്രശ്നമുയർത്തി ഒഴിവാക്കുകയാണുണ്ടായത്. ചേർന്നവരാകട്ടെ, സൗജന്യമായി ഫോണും ഇന്റർനെറ്റും നൽകിത്തുടങ്ങിയ ജിയോ ഫോൺ സർവ്വീസിനുസമാനമായ കുരുക്കിലകപ്പെട്ടു. മൂന്നു സിലിണ്ടറിനുശേഷം ഈ പാവങ്ങളും 700 രൂപയിലേറെ നൽകി എൽപിജി സിലിണ്ടർ വാങ്ങേണ്ടിവരും. വാഗ്ദാനങ്ങളൊക്കെ പട്ടാപ്പകൽ അട്ടിമറിക്കപ്പെടുകയാണ്.

ബിപിസിഎല്ലിനെപ്പോലെ പതിനായിരക്കണക്കിന് കോടി രൂപ ലാഭമുണ്ടാക്കുന്ന എണ്ണ കമ്പനികൾ കോർപ്പറേറ്റുകൾക്ക് വിറ്റുതുലക്കപ്പെട്ടാൽ ഇന്ത്യയിലെ സാധാരണ ജനങ്ങൾ ഏതവസ്ഥയിലാകും എന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഉൽപ്പന്നങ്ങളുടെ വിലയുടെ കാര്യത്തിൽ സർക്കാർ നിയന്ത്രണങ്ങൾ എടുത്തുമാറ്റിയതോടെ തോന്നിയപോലെ കമ്പനികൾ വില വർദ്ധിപ്പിക്കുകയാണ്.അന്തർദ്ദേശീയകമ്പോളത്തിൽ ഇന്ധന വില കുറഞ്ഞപ്പോൾ സർക്കാർ നികുതി കൂട്ടി. വില കൂടിയപ്പോൾ അത് സാധാരണക്കാരന്റെ തലയിൽ കെട്ടിവച്ചു. വീണ്ടും വിലകുറയുന്നതിന് മുമ്പ് പരമാവധി പണം പോക്കറ്റിലാക്കാനായി കമ്പനികളുടെ കൊണ്ടുപിടിച്ച ശ്രമം. പെട്രോളിയം ഉൽപാദക രാജ്യങ്ങളെല്ലാം കനത്ത നഷ്ടം നേരിടുമ്പോൾ ഇറക്കുമതി ചെയ്യുന്ന പെട്രോളിയത്തിന്റെ പേരിൽ കോർപ്പറേറ്റുകൾക്കും സർക്കാരുകൾക്കും പകൽക്കൊള്ള നടത്താനുള്ള ഉപാധിയാവുകയാണ് ഇന്ധന കച്ചവടം.

രാജ്യാന്തര വിപണിയിൽ ക്രൂഡിന്റെ വില കുത്തനെ ഇടിഞ്ഞപ്പോൾ ആദ്യ ദിവസങ്ങളിൽ സർക്കാർ കണ്ണടച്ചു. വിപണി വിലയ്ക്കനുസരിച്ച് വില കൂട്ടുന്ന എണ്ണ കമ്പനികൾ അതോടെ വൻവിലയിടിവുണ്ടായിട്ടും അതിന്റെ ആനുകൂല്യം സാധാരണക്കാരന് കൈമാറിയില്ല. വില കുറച്ചില്ല. പിന്നാലെ സർക്കാർരണ്ട്തവണയായിഎക്സൈസ് തീരുവ കൂട്ടി. എണ്ണ കമ്പനികൾക്ക് ലഭിച്ചിരുന്ന കോടികൾ അങ്ങനെ സർക്കാരിന്റെ കീശയിലായി. സാധാരണക്കാരൻ പഴയ വില നൽകി പെട്രോളും ഡീസലും വാങ്ങി. സർക്കാരിന്റെ നടപടിക്കെതിരെ ഉയർന്ന പ്രതിഷേധം കണ്ടില്ലെന്ന് നടിച്ചു. വില കൂട്ടിയില്ലെന്ന ന്യായം പറഞ്ഞ് അവരെ സർക്കാർ പരിഹസിച്ചു.

ലോക്ഡൗണിൽ ഇളവ് വന്നതോടെ ലോകത്താകെ പെട്രോൾ ഡീസൽ ഉപയോഗം വർധിച്ചു. ക്രൂഡിന് ആവശ്യക്കാർ കൂടി. സ്വാഭാവികമായും രാജ്യാന്തര വിപണിയിൽ വിലയും കൂടി. ക്രൂഡിന്റെ വില കുറഞ്ഞിരുന്നപ്പോൾ ചെയ്തതും പറഞ്ഞതുമെല്ലാം സർക്കാരും എണ്ണകമ്പനികളും മറന്നു. കൂടിയ വില ചൂടോടെ ഉപഭോക്താവിന് കൈമാറി. ആറു ദിവസം കൊണ്ട് പെട്രോളിന് ലിറ്ററിന് മൂന്ന് രൂപ മുപ്പത്തിയൊന്ന് പൈസ വർധിപ്പിച്ചു. ഡീസലിന് ലിറ്ററിന് മൂന്ന് രൂപ നാൽപത്തി രണ്ട്പൈസയും. ക്രൂഡിന് വില കുറഞ്ഞപ്പോൾ നികുതികൂട്ടി കോടികൾ കൊയ്ത സർക്കാർ, വില കൂടിയപ്പോൾ അത് സാധാരണക്കാരന്റെ തലയിൽ അടിച്ചേൽപ്പിച്ചു.

കഴിഞ്ഞ ഫെബ്രുവരിയിൽ ക്രൂഡ് ഓയിലിന്റെ വില ബാരലിന് 55 ഡോളറായിരുന്നു. മാർച്ച് ആദ്യം അത് 35ലേക്കും പിന്നീട് 20 ഡോളറിലേക്കും വീണു. ഈ വീഴ്ചയുടെ ഗുണം സാധാരണക്കാരന് കൈമാറാതെയാണ് നികുതി കൂട്ടി സർക്കാർ കോടികൾ കൊയ്തത്. ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ പെട്രോളിന്റെയും ഡീസലിന്റെയും ഉപഭോഗം കുത്തനെ കുറഞ്ഞു. എണ്ണ കമ്പനികളുടെ ലാഭവും കുറഞ്ഞു. ഇത് തിരിച്ചുപിടിക്കാനാണ് അൻപതും അറുപതും പൈസ നിരക്കിൽ ദിവസേന വിലകൂട്ടുന്നത്. ഇതാണ് ലോകത്താകെ വിലകുറയുമ്പോഴും ഇന്ത്യയിൽ പെട്രോളിനും ഡീസലിനും വില കൂടാൻ കാരണം. ജനജീവിതം ദിനംപ്രതി ദുരിതക്കയത്തിൽ മുങ്ങിത്താഴ്ന്ന കൊണ്ടിരിക്കുമ്പോൾ തുടർച്ചയായി എല്ലാ ദിവസവും ഇന്ധനവില വർധിപ്പിച്ചുകൊണ്ട് കേന്ദ്ര മോദിസർക്കാർ ജനങ്ങൾക്കെതിരെ യുദ്ധസന്നാഹം ഒരുക്കുകയാണ്.

ഡൈനാമിക് ഫ്യൂവൽ പ്രൈസിംഗ് രീതി അവലംബിച്ചുകൊണ്ട് നിത്യവും പെട്രോളിനും ഡീസലിനും വില കൂട്ടുകയാണ്. ഇത് എഴുതി മഷി ഉണങ്ങുന്നതിന് മുമ്പ് വീണ്ടും ചാർജ്ജ് കൂട്ടിക്കഴിഞ്ഞിരിക്കും. ആഗോളവിപണിയിൽ ക്രൂഡോയിൽ വില എത്രകണ്ട് കുറയുന്നുവോ അത്രകണ്ട് വില കൂട്ടുന്ന ലോകത്തെ ഏക വിചിത്ര രാജ്യമാണ് ഇന്ത്യ. രാജ്യാന്തര വിപണിയിൽ വില വർദ്ധിച്ചു എന്ന് ന്യായംപറഞ്ഞുകൊണ്ടാണ് ജൂൺ 7-ാം തീയതി മുതൽ കൊള്ളയടി ആരംഭിക്കുന്നത്. ജൂൺ 6 ന് അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണ വില ബാരലിന് 42 ഡോളറായിരുന്നു. എന്നാൽ, ജൂൺ 12 ന് അത് 38 ഡോളറായി കുറഞ്ഞു. പക്ഷേ ഇന്ത്യയിൽവിലകുറഞ്ഞില്ലായെന്ന് മാത്രമല്ല വില ഭീമമായി കൂട്ടുകയാണ് ചെയ്തത്. ഒരു തവണയല്ല എല്ലാദിവസവും വിലകൂട്ടി ജനങ്ങളെ വെല്ലുവിളിച്ചു. ഇത് ജൂൺ മാസത്തെ കഥ. തൊട്ടുമുമ്പ് മെയ് മാസം എണ്ണവില ലോകവിപണിയിൽ കേവലം 20 ഡോളർ മാത്രമായിരുന്നല്ലോ. രാജ്യം ലോക്ഡൗണിൽ കഴിയവെ, കുടിയേറ്റ തൊഴിലാളികൾ സ്വന്തം നാടുകളിലേക്ക് കാൽനടയായി യാത്ര ചെയ്ത് വഴിയിൽ മരിച്ചുവീണുകൊണ്ടിരുന്ന സമയം. ലോകരാജ്യങ്ങളിൽ പലതും ഇന്ധനവില അന്താരാഷ്ട്ര വിലയിലെ കുറവിന് ആനുപാതികമായി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകിയപ്പോൾ മോദി സർക്കാർ ഒരു രൂപ പോലും കുറയ്ക്കാൻ തയ്യാറായില്ല. ജനങ്ങളുടെ വരുമാന മാർഗ്ഗങ്ങൾ എല്ലാം അടഞ്ഞ് മനുഷ്യർ മരിച്ചുവീണാലും മനുഷ്യത്വം കാട്ടില്ല എന്ന കാട്ടാള നയമാണ് കേന്ദ്രസർക്കാരിനുള്ളത്. ആഗോളതലത്തിൽ അസംസ്കൃത എണ്ണ വില ഇടിയുമ്പോഴും കേന്ദ്ര സർക്കാർ എക്സൈസ് തീരുവ വർധിപ്പിച്ചതുകൊണ്ടാണ് വില നിയന്ത്രണാതീത മായി തുടരുന്നത്.

പെട്രോളിയം ഉൽപന്നങ്ങളുടെ ചില്ലറ വിൽപ്പനയും വിലയും നിയന്ത്രിക്കുന്നതിന് സ്വകാര്യ പെട്രോളിയം കമ്പനികൾക്ക് 2010ൽ കോൺഗ്രസ് നയിച്ച മൻമോഹൻസിംഗ് സർക്കാർ അധികാരം തീറെഴുതിയല്ലോ. അക്കാലംവരെ പെട്രോളിയം ഉൽപന്നങ്ങളുടെ വില സർക്കാരായിരുന്നു നിയന്ത്രിച്ചിരുന്നത്. ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും കടന്നുകയറ്റത്തോടെ അന്താരാഷ്ട്ര കമ്പോളത്തിലെ കയറ്റിറങ്ങൾക്ക് അനുസരിച്ച് മാത്രമേ വില നിയന്ത്രണം ഇന്ത്യയിൽ സാധ്യമാകൂ എന്ന ന്യായമാണ് അന്ന് മൻമോഹൻസിങ് സർക്കാർ പറഞ്ഞുകൊണ്ടിരുന്നത്. പക്ഷേ, ആഗോളമാർക്കറ്റിൽ വില കൂടുമ്പോൾ ഇന്ത്യയിൽ വില കൂട്ടുകയും അവിടെ വില കുറയുമ്പോൾ ആനുപാതികമായി ഇവിടെ വില കുറയ്ക്കാതെയുമുള്ള നഗ്നമായ ജനദ്രോഹമാണ് അവർ തുടർന്നത്. 2014-ൽ ബിജെപിയുടെ മോദി സർക്കാർ തങ്ങളുടെ ബിസിനസ്സ് സൗഹൃദ നയങ്ങളുടെ ഭാഗമായി ഡീസൽ വിലനിയന്ത്രണാധികാരം കൂടി തീറെഴുതി തങ്ങളുടെ കുത്തക സേവ എത്രത്തോളമെന്ന് തെളിയിച്ചു കൊടുത്തു. എന്നു മാത്രമല്ല, 2017 മുതൽ ദിനംപ്രതി ഇന്ധനവിലയിൽ മാറ്റം വരുത്താൻ കമ്പനികൾക്ക് അനുമതി നൽകി മോദി സർക്കാർ തങ്ങളുടെ 'രാജ്യസ്നേഹം' വീണ്ടും തെളിയിച്ചു. അതിലൂടെ അന്താരാഷ്ട്ര മാർക്കറ്റിലെ വിലക്കുറവിന്റെ ഒരു ഗുണവും ഇന്ത്യയിലെ ജനങ്ങൾക്ക് ലഭിക്കില്ലെന്ന് അവർ ഉറപ്പുവരുത്തി. അപ്പോൾ ജൂൺ മാസം, തുടർച്ചയായി 22 ദിവസം നിത്യവും വില വർധിപ്പിച്ചതിന് പിന്നിൽ ആരെന്ന് വ്യക്തമല്ലേ?

റിലയൻസ് ഉൾപ്പെടെയുള്ള കുത്തക പെട്രോളിയം കമ്പനികൾക്ക് വൻലാഭം കൊയ്യാൻ അവസരം ഒരുക്കികൊടുക്കുക മാത്രമല്ല സർക്കാർ ചെയ്തത്. സർക്കാർ നിയന്ത്രണത്തിലുള്ള ഓയിൽ കമ്പനികൾ ആണ് വില വർദ്ധനവിന് നേതൃത്വം നൽകിയത്. മുഖ്യമായും, നികുതി വർധനവുകളിലൂടെയാണ് പെട്രോൾ ഡീസൽ വില 80 രൂപയ്ക്ക് മുകളിൽ കൊണ്ടെത്തിക്കുന്നതിന് മോദി സർക്കാർ കളമൊരുക്കിയത്. പൊതുമേഖലയിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷനെ ഉപയോഗിച്ച് നിത്യവും വില കൂട്ടാനുള്ള ക്രമീകരണവും സർക്കാർ ഉറപ്പാക്കി.

## ഇന്ധന നികുതി വർദ്ധനവിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത്

2020 ഫെബ്രുവരിയിൽ എക്സൈസ് നികുതി വർധിപ്പിക്കാൻ തീരുമാനിക്കുന്നതിന് മുമ്പ് തന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി പെട്രോളിന് 107 ശതമാനവും ഡീസലിന് 69 ശതമാനവും നികുതി ഏർപ്പെടുത്തിയിരുന്നു. എക്സൈസ് നികുതിയും വാറ്റും ഉൾപ്പെടെയാണിത്. മാർച്ച് മാസത്തോടെ സർക്കാർ തീരുവ വർദ്ധിപ്പിച്ചപ്പോൾ ഇത് 134 ശതമാനവും 88 ശതമാനവും ആയി ഉയർന്നു. എക്സൈസ് നികുതി വർദ്ധനവിനെ തുടർന്ന് ആകെ നികുതി പെട്രോളിന്റെ അടിസ്ഥാന വിലയുടെ 269 ശതമാനവും ഡീസലിന്റേത് 256 ശതമാനവുമായി ഉയർന്നു.

അതായത് ഒരു ലിറ്റർ എണ്ണയുടെ അടിസ്ഥാന വിലയുടെ ഇരട്ടിയെക്കാൾ കൂടുതൽ തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയ നികുതിയാണത്രേ! ഈ ജനദ്രോഹത്തെ ഏത് ഭാഷയിലാണ് വിശേഷിപ്പിക്കേണ്ടത്? പൊതുമേഖലയിലെ എണ്ണക്കമ്പനിയായ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള കണക്കുകൾ പ്രകാരം ഒരു ലിറ്റർ പെട്രോളിന് 18.78 രൂപയാണ് ജൂണിലെ അടിസ്ഥാന വില. എന്നാൽ ഉപഭോക്താവ് ഒരു ലിറ്റർ പെട്രോൾ വാങ്ങാൻ 73.16 രൂപ കൊടുക്കേണ്ടി വരുന്ന സന്ദർഭത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നികുതിയായി മാത്രം ഈടാക്കുന്ന തുക ഏകദേശം 50 രൂപയാണ് എന്നർത്ഥം. 2014ൽ പെട്രോളിന്റെ ആകെ നികുതി ലിറ്ററിന് 9.48 രൂപയും ഡീസലിന് 3.56 രൂപയും മാത്രമായിരുന്നു. ഇപ്പോൾ അത് യഥാക്രമം 49.42 രൂപയും 48.42 രൂപയുമാണ്.

ആഗോള മാർക്കറ്റിൽ അസംസ്കൃത എണ്ണ വില 41 ഡോളറിൽ താഴെ നിൽക്കുന്ന സമയത്ത് കേരളത്തിൽ ഒരു ലിറ്റർ പെട്രോളിന് 80 രൂപയും മുംബൈയിൽ 80 രൂപയ്ക്കുമേലും കൊടുക്കേണ്ടിവരുന്ന സ്ഥിതിയിലേക്ക് രാജ്യത്തെ കൊണ്ടെത്തിച്ചു മോദി ഭരണം. മെയ് 6-ാം തീയതിയാണ് റോഡ് സെസ്സും എക്സൈസ് തീരുവയുമായി പെട്രോളിന് 10 രൂപയും ഡീസലിന് 13 രൂപയും കേന്ദ്രം വർദ്ധിപ്പിച്ചത്. 2014 മുതൽ എക്സൈസ് തീരുവയിൽ നിരന്തരം വർധന വരുത്തിയാണ് ഇന്ധന വില അതിഭീമമായ തലത്തിൽ കൊണ്ടെത്തിച്ചത്. ലോക്ഡൗൺ സമയം ഉപയോഗിച്ച് ദിനംപ്രതി വില കൂട്ടിയാൽ ജനങ്ങൾക്ക് പ്രതിഷേധിക്കാൻ കഴിയില്ലല്ലോ എന്ന കുടിലബുദ്ധിയാണ് ഇതിനുപിന്നിൽ.

ഇപ്പോൾ ഇന്ത്യൻ മാർക്കറ്റിൽ ഒരു ലിറ്റർ പെട്രോളിന് ശരാശരി 83 രൂപയാണ് കൊടുക്കേണ്ടിവരുന്നത്. അതിൽ 269 ശതമാനം തുകയും ടാക്സ്, വാറ്റ്, സെസ് എന്നീ പേരുകളിൽ ജനങ്ങളിൽ നിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിഴിഞ്ഞെടുക്കുന്ന നികുതിയാണെന്നറിയുക. ഇന്ത്യയിൽ ഇന്ധനത്തിന് ഏറ്റവും കൂടിയ വാറ്റ് നികുതി ഏർപ്പെടുത്തുന്ന സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു. 30 ശതമാനത്തോളമാണ് ഇവിടെ

*(ശേഷം 15-ാം പേജിൽ)*

# ആയുർവേദ ഡോക്ടർമാർക്ക് ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്ന തീരുമാനം പിൻവലിക്കുക

**സെ**ൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ 2020 നവംബർ 20ന് പുറപ്പെടുവിച്ച, ആധുനിക ശസ്ത്രക്രിയാരംഗത്ത് ആയുർവേദ ഡോക്ടർമാരെക്കൂടി ഉൾപ്പെടുത്താനുള്ള ഉത്തരവ് ഞെട്ടലുളവാക്കുന്നതാണ്.

ഓപ്പറേഷൻ തിയേറ്ററിൽ സർജൻ ചെയ്യേണ്ട കാര്യങ്ങൾക്ക് തീർച്ചയായും വൈദഗ്ധ്യം ആവശ്യമുണ്ട്. അതിന് മുൻപും പിൻപുമായി പൂർത്തിയാക്കേണ്ട നിരവധി കാര്യങ്ങൾക്കും തുല്യ പ്രാധ്യാന്യമുണ്ട്. ഒന്നാമത് രോഗനിർണയം. രോഗകാരണത്തെക്കുറിച്ചുള്ള ശാസ്ത്രീയ ധാരണ ഉണ്ടെങ്കിലേ രോഗനിർണ്ണയം സാധിക്കൂ. ശരീരത്തിലെ ആന്തരിക അവയവങ്ങളുടെ ഘടനയെക്കുറിച്ച് പഠിക്കുന്ന ശരീരഘടനാശാസ്ത്രം അഥവാ അനാറ്റമി പൂർണ്ണ അളവിൽ ആയുർവേദത്തിൽ പഠിപ്പിക്കുന്നില്ല. രോഗ കാരണം കണ്ടെത്താൻ ശരീരകലകളും രക്തവും മറ്റും മൈക്രോസ്കോപ്പിൽ പരിശോധിക്കുന്ന ആധുനിക ശാസ്ത്രശാഖയാണ് പത്തോളജി. അതിനുപകരം ആയുർവേദത്തിൽ ഉള്ളത് ത്രിദോഷ രോഗകാരണ സിദ്ധാന്തമാണ്. ശസ്ത്രക്രിയാ സമയത്ത് ഉണ്ടാകുന്ന മുറിവിലൂടെ അണുബാധ ഉണ്ടാവാൻ ഇടയുണ്ട് എന്നുള്ള അറിവും അതിനെ തടയാനായി കൊടുക്കുന്ന ആന്റിബയോട്ടിക്കുകളും ആധുനിക ശസ്ത്രക്രിയയുടെ അഭേദ്യ ഭാഗങ്ങളാണ്. ഈ രണ്ടു ശാസ്ത്രശാഖകൾ -രോഗാണുക്കളുടെ പഠനമായ മൈക്രോബയോളജിയും ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ പഠനമായ ഫാർമക്കോളജിയും-ആയുർവേദത്തിൽ ഇല്ല. ആധുനിക വൈദ്യശാസ്ത്രത്തിലെ ഒരു ഡോക്ടർ ഈ നാല് ശാസ്ത്രശാഖകളും ബിരുദ പഠനത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ പഠിക്കുന്നുണ്ട്. രസതന്ത്രത്തിന്റെയും ജീവശാസ്ത്രത്തിന്റെയും ഊർജ്ജതന്ത്രത്തിന്റെയും തുടർച്ച എന്ന നിലയിൽ അനാറ്റമിയിലും മൈക്രൊബയോളജിയിലും ഫാർമക്കോളജിയിലും പത്തോളജിയിലും അടിത്തറയിട്ടുകൊണ്ടാണ് ആധുനികവൈദ്യശാസ്ത്ര പഠനം തുടങ്ങുന്നത്.

ശസ്ത്രക്രിയാസമയത്ത് വേദന ഒഴിവാക്കാനും ബോധം കെടുത്താനുമാണ് അനസ്തീഷ്യ പ്രയോഗിക്കുന്നത്. രോഗിയെ മയക്കി കിടത്തുന്ന പ്രവർത്തനം നടക്കുമ്പോൾ രോഗിയുടെ രക്തസമ്മർദ്ദം കുറയാനും ശ്വാസം നിലച്ചുപോകാനും സാധ്യതയുണ്ട്. ഹൃദയസ്തംഭനം, അമിത രക്തസ്രാവം തുടങ്ങിയ പ്രശ്നങ്ങൾ ശസ്ത്രക്രിയാവേളയിൽ ഉണ്ടാവാം. അസാധാരണമായി ഉണ്ടാകാൻ സാധ്യതയുള്ള ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പരിശീലനം ബിരുദാനന്തര പഠനത്തിലൂടെ കിട്ടിയവരാണ് ഇന്നത്തെ അനസ്തീഷ്യ ഡോക്ടർമാർ. അനസ്തീഷ്യ എന്ന ശാഖയുടെ അടിത്തറയും എംബിബിഎസ് ബിരുദ പഠന കാലത്ത് പഠിക്കുന്ന ഫിസിയോളജി അഥവാ ശരീരപ്രവർത്തനശാസ്ത്രവും ഫാർമക്കോളജിയും അനാറ്റമിയും തന്നെയാണ്. ശസ്ത്രക്രിയ ചെയ്യുന്ന സർജനോട് ശസ്ത്രക്രിയാസമയത്ത് ഏറ്റവുമധികം ആശയവിനിമയം നടത്തേണ്ടയാൾ അനസ്തീഷ്യാ ഡോക്ടറാണ്. ആധുനിക വൈദ്യശാസ്ത്രത്തിലെ അടിസ്ഥാന പരിശീലനം ബിരുദ പഠന കാലത്ത് ലഭിക്കാത്ത ഒരു ആയുർവേദ ഡോക്ടർക്ക് ശസ്ത്രക്രിയയ്ക്ക് ആവശ്യമായ രോഗനിർണ്ണയവും ശസ്ത്രക്രിയാ സമയത്തെ അനസ്തറ്റിസ്റ്റുമായി കൈകോർത്തുള്ള പ്രവർത്തനവും ശേഷം വരാവുന്ന രോഗാണുബാധ ഉൾപ്പടെയുള്ള സങ്കീർണ്ണതകൾ കൈകാര്യം ചെയ്യലും സാധ്യമാകില്ല.

എല്ലാ വൈദ്യശാസ്ത്ര ശാഖകളുടെയും തനതായ വികസനത്തിന് അവസരമൊരുക്കുന്നതിനുപകരം സങ്കരവൈദ്യം പ്രോത്സാഹിപ്പിക്കുന്ന നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് നിരുത്തരവാദപരവും അങ്ങേയറ്റം ഹാനികരവുമാണ്. ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് ആധുനിക ചികിത്സ നിഷേധിക്കുകയെന്ന ഗൂഢലക്ഷ്യവും ഈ നീക്കത്തിനു പിന്നിലുണ്ട്. അതിനാൽ, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ മേൽപ്പറഞ്ഞ നോട്ടിഫിക്കേഷൻ പിൻവലിക്കണമെന്ന് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റി കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു. ■

(14-ാം പേജിൽ നിന്ന്)

വാറ്റ് നികുതി. പെട്രോളിയം മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം പെട്രോളിയം രംഗത്ത് കേന്ദ്ര-സംസ്ഥാനങ്ങളുടെ സംയുക്ത നികുതി വിഹിതം 3.48 ലക്ഷം കോടി രൂപയാണ്, അതിൽ 2.27 ലക്ഷം കോടി രൂപയും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുള്ളതാണ്. അങ്ങനെ ലോകത്ത് ഏറ്റവുമധികം നികുതി ഈടാക്കുന്ന രാജ്യമായി ഇന്ത്യ മാറുകയാണ്. പാകിസ്ഥാനെക്കാളും ശ്രീലങ്കയെക്കാളും ഭൂട്ടാനെക്കാളും നേപ്പാളിനെക്കാളും ഉയർന്ന നിരക്കാണ് ഇന്ത്യയിൽ ഈടാക്കുന്നത്.

## സംസ്ഥാന സർക്കാരിന്റെ പങ്ക്

ഓരോ തവണ ഇന്ധന വില വർദ്ധിക്കുമ്പോഴും കൊള്ളമുതലിന്റെ ഒരുഭാഗം സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് പോകും. പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവുമാണ് കേരളത്തിലെ വിൽപ്പന നികുതി. സെസ്സും അധിക നികുതിയും ഇതോടൊപ്പം വേറെ ഈടാക്കുന്നുണ്ട്. അപ്പോൾ ഒരു ലിറ്റർ പെട്രോൾ പമ്പിൽ വിൽക്കുമ്പോൾ നികുതിയിനത്തിൽ കേരളത്തിന് കിട്ടുന്നത് 21 രൂപയിലേറെയാണ്. ഡീസലിന്റെ കാര്യത്തിൽ 16 രൂപയും സംസ്ഥാന വിഹിതമായി ലഭിക്കുന്നുണ്ട്. കേരളത്തിൽ ഒരു മാസം പെട്രോൾ ഡീസൽ വിൽപ്പനയിലൂടെ മാത്രം 670 കോടി രൂപ വീതമാണ് നികുതിയായി സംസ്ഥാന സർക്കാർ പിടിച്ചുപറിക്കുന്നത്. കോവിഡ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നികുതി ഒഴിവാക്കിയിരുന്നെങ്കിൽ ജനങ്ങൾക്ക് അത്രയും ആശ്വാസം ആകുമായിരുന്നു. എന്നാൽ കേന്ദ്രം കുറയ്ക്കട്ടെ, ഞങ്ങൾ കൊള്ളമുതൽ വിഹിതം വിട്ടുകൊടുക്കില്ല എന്ന ജനദ്രോഹ രാഷ്ട്രീയം തുടരുകയാണ് ഇടതുപക്ഷ ബോർഡ് വെച്ച് ഭരണം നടത്തുന്ന പിണറായി സർക്കാർ. പെട്രോളിയം വിൽപ്പന നികുതിയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2014-15 വർഷത്തിൽ 1378 കോടി രൂപയായിരുന്നുവെങ്കിൽ 2019ൽ അത് 8000 കോടിയായി ഉയർന്നിരിക്കുന്നു.

പെട്രോൾ ഡീസൽ വില തുടർച്ചയായി ഉയർത്തിയതിലൂടെയും കേന്ദ്ര എക്സൈസ് തീരുവ വർദ്ധിപ്പിച്ചതിലൂടെയും പെട്രോളിന് ലിറ്ററിന് 85.72 രൂപയും ഡീസലിന് 78.71 രൂപയുമായി വില ഉയർന്നിരിക്കുന്നു. കേന്ദ്ര എക്സൈസ് തീരുവ പെട്രോളിന് 10 രൂപയും ഡീസലിന് 13 രൂപയും എന്ന നിരക്കിലാണ് മോദി സർക്കാർ ഉയർത്തിയത്. അതിനെത്തുടർന്ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പെട്രോൾ വില അനിയന്ത്രിതമായി കൂടുകയും ജനങ്ങളുടെ ജീവിതം സങ്കൽപ്പിക്കാൻ ആകാത്ത ദുരിതങ്ങളിലേക്ക് വീഴുകയും ചെയ്തു. നിത്യോപയോഗ സാധനങ്ങൾക്ക് തീവിലയായി. എല്ലാ വരുമാനമാർഗ്ഗങ്ങളും അടഞ്ഞ് ദുരിതത്തിലായ ജനങ്ങൾക്ക് ജീവിക്കാനാകാതെ ശ്വാസം മുട്ടുന്ന അവസ്ഥയിലാണ്.

## പെട്രോളിയം മേഖല പൂർണമായും കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കുന്നു

നമ്മുടെ രാജ്യത്തെ 85 ശതമാനം പെട്രോളിയം ആവശ്യകതകൾക്കും ഇപ്പോൾ ഇറക്കുമതിയെ ആശ്രയിക്കേണ്ടിവന്നിരിക്കുന്നു എന്നതാണ് അവസ്ഥ. എന്തുകൊണ്ടാണിത്? എഴുപതുകളിൽ, ആഭ്യന്തര ആവശ്യകതയുടെ 70 ശതമാനവും ആഭ്യന്തരമായി ഉൽപാദിപ്പിക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. 1991 വരെ പൊതുമേഖലാ സ്ഥാപനമായിരുന്ന ഒഎൻജിസി വഴി എണ്ണഖനനവും വിതരണവും വിജയകരമായി നടത്തിപ്പോന്നു. പിന്നീടും ആവശ്യകതയുടെ 40 ശതമാനം ഇന്ത്യയിൽ തന്നെയാണ് ഉൽപാദിപ്പിച്ചത്. എന്നാൽ ആഗോളീകരണത്തിന് ശേഷം, സർക്കാർ ഉടമസ്ഥതയിലുള്ള എണ്ണ ഉൽപാദനം കുറഞ്ഞ് കുറഞ്ഞ് വന്നു. തൽസ്ഥാനത്ത് 23 ഇന്ധനോൽപാദന മേഖലകൾ സ്വദേശത്തെയും വിദേശത്തെയും മൾട്ടിനാഷണൽ കോർപ്പറേറ്റുകൾക്ക് കൈമാറുകയാണ് സർക്കാർ ചെയ്തത്. പുതിയ ഓയിൽ പാടങ്ങൾ കണ്ടെത്തി ഉൽപാദനം നടത്താനായി നീക്കിവെയ്ക്കപ്പെട്ടിരുന്ന ബജറ്റ്തുക പോലും 1100 കോടിയായി വെട്ടിക്കുറയ്ക്കുകയുണ്ടായി. ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നതോടെ വളരെ ആസൂത്രിതമായി എണ്ണയുടെ ആഭ്യന്തര ഉൽപാദനം വീണ്ടും വെട്ടിക്കുറയ്ക്കുകയാണ്. അതോടെ ഓയിൽ കമ്പനികൾക്ക് ശതകോടികളുടെ ലാഭം കൊയ്യാൻ വഴിയൊരുക്കികൊടുത്തു. കൂടാതെ, ബിജെപി യുടെ കാർമ്മികത്വത്തിൽ ബിപിസിഎല്ലും എച്ച്.പി.സി.എല്ലും ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. അതുകൂടി നടപ്പാകുന്നതോടെ ഇന്ധനവില നിയന്ത്രണം പൂർണമായും കോർപ്പറേറ്റുകളുടെ കൈകളിൽ എത്തിച്ചേരുമെന്ന കാര്യത്തിൽ സംശയമില്ല.

## പ്രത്യേകം സ്വരൂപിച്ച എണ്ണ ഫണ്ട് എവിടെ?

1975-ൽ ഗവൺമെന്റ് മുൻകൈയെടുത്ത് ഓയിൽപൂൾ അക്കൗണ്ട് സംവിധാനം ആരംഭിച്ചത് അന്തർദേശീയ മാർക്കറ്റിലെ വില വ്യതിയാനം ദേശീയ എണ്ണ ഉൽപാദനത്തെയും അവയുടെ ചെറുകിട വിൽപ്പനയെയും ബാധിക്കാതെ ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു. 1989 വരെ ഈ അക്കൗണ്ടിൽ ഫണ്ട് എപ്പോഴും മിച്ചമുണ്ടാകുമായിരുന്നു. എന്നാൽ, അതിനുശേഷം അധികാരത്തിൽ വന്ന എല്ലാ കേന്ദ്ര സർക്കാരുകളും ഈ സംവിധാനത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പകരം അവയിൽ കൃത്രിമം കാട്ടി കമ്മി ബജറ്റ് നികത്താനായി ആ ഫണ്ട് ഉപയോഗിക്കുകയും അങ്ങനെ ആ സംവിധാനത്തെ അട്ടിമറിക്കുകയും ചെയ്തു. ഇതുകൂടാതെ 1975 മുതൽ തന്നെ, എണ്ണ വ്യവസായം വികസിപ്പിക്കാനെന്ന പേരിൽ ആഭ്യന്തര എണ്ണ ഉല്പാദനത്തിന് മേൽ ചുമത്തിയ പ്രത്യേക നികുതിയിലൂടെ ഒരു ലക്ഷം കോടി രൂപയോളം സമാഹരിച്ചിരുന്നു. ആ ഫണ്ടിന് എന്ത് സംഭവിച്ചു? ഇക്കാലമത്രയും രാജ്യം മാറിമാറി ഭരിച്ച സർക്കാരുകൾ എല്ലാ മാനദണ്ഡങ്ങളും കീഴ്‌വഴക്കങ്ങളും തകിടം മറിക്കുകയായിരുന്നില്ലേ?




പാചകവാതക വിലവർദ്ധനവിനെതിരെ എഐഎംഎസ്എസ് നടത്തിയ കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് ധർണ എസ്‌യുസിഐ (സി) ജില്ലാ സെക്രട്ടറി സഖാവ് മിനി.കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

## പെട്രോളിയം വിലവർദ്ധനവ് സമ്പന്നരെ മാത്രമേ ബാധിക്കൂ എന്ന നുണ പ്രചാരണം

കേന്ദ്ര പെട്രോളിയം മന്ത്രി നടത്തുന്ന ഒരു നുണ പ്രചാരണം ഇങ്ങനെയാണ്. പെട്രോൾ-ഡീസൽ വിലവർദ്ധനവ് സാധാരണക്കാരായ ജനങ്ങളെ ബാധിക്കില്ലത്രെ. പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവ് സ്വാഭാവികമായും അത്യാവശ്യ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുമെന്നും വിലക്കയറ്റം രൂക്ഷമാക്കുമെന്നും ഏതൊരാൾക്കും അറിയുന്ന കാര്യമാണ്. വൻതോതിലുള്ള പണപ്പെരുപ്പത്തിനും അത് വഴിയൊരുക്കും. കൂടാതെ, ഇന്ധനവില വർദ്ധനവിനോടൊപ്പം പാചക വാതകത്തിനും സർക്കാർ വില കുത്തനെ ഉയർത്തിയിരിക്കുന്നു. മണ്ണെണ്ണയ്ക്കും 55 ശതമാനം വർദ്ധനവാണ് സർക്കാർ ഏർപ്പെടുത്തിയത്. അങ്ങനെ സർവ്വതലത്തിലും വിലക്കയറ്റത്തിലൂടെ ജനജീവിതം അസാദ്ധ്യമാക്കിതീർക്കുകയാണ് മോദിസർക്കാർ.

ജനങ്ങളുടെ മുന്നിൽ ഇനി സംഘടിതമായപ്രക്ഷോഭമല്ലാതെ മറ്റ് വഴികളില്ല. ജനദ്രോഹത്തിന്റെ പര്യായമായി മാറിക്കഴിഞ്ഞ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരപാതയിൽ ഒന്നിക്കുക മാത്രമാണ് ശ്വാസം മുട്ടുന്ന ഇന്നത്തെ സ്ഥിതിയിൽ ഓരോ പൗരന്റെയും മുന്നിൽ അവശേഷിക്കുന്ന വഴി. ■

REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20
UNITY Malayalam Monthly
2021 January
Vol.47 No.10 Price: Rs. 5.00

# കോർപ്പറേറ്റുകൾക്ക് ദാസ്യവേല ചെയ്യുന്ന സർക്കാരിന് മുന്നിൽ മുട്ടുമടക്കാതെ കർഷക പ്രക്ഷോഭം

## തൃപ്പൂണിത്തുറയിൽ ഐക്യദാർഢ്യ സംഗമം

**തൃ**പ്പൂണിത്തുറ കിഴക്കേകോട്ടയിൽ സംഘടിപ്പിച്ച ദില്ലി ചലോ കർഷക സമര ഐക്യദാർഢ്യ സമിതി സംഘടിപ്പിച്ച ഐക്യദാർഢ്യ സംഗമം ജസ്റ്റിസ് കെ. കെമാൽ പാഷ ഉദ്ഘാടനം ചെയ്തു. സമിതി ചെയർമാൻ പ്രൊഫസർ ജോർജ് ജോസഫ് അധ്യക്ഷത വഹിച്ചു. സമിതി ജനറൽ കൺവീനർ കെ.ഒ.സുധീർ സ്വാഗതം പറഞ്ഞു. കാലടി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോക്ടർ എം.സി. ദിലീപ്കുമാർ സാമൂഹ്യ ഐക്യദാർഢ്യ ഒപ്പ് ശേഖരണം ഉദ്ഘാടനം ചെയ്തു. ഡി.സലിംകുമാർ, ഡോ.എ.സി. പീറ്റർ, പി.സി.ജോളി, കെ.കെ.ഗോപിനായർ, ചിത്രകാരൻ സദ് കലാവിജയൻ, അഡ്വ.ബിജു ഏറ്റൂർ, ബഷീർ.കെ.കെ, മുഹമ്മദ് അഷ്റഫ്, എൻ. ആർ മോഹൻകുമാർ, ടി.കെ.സുധീർ കുമാർ, പി.എം.ദിനേശൻ, ജോർജ് മുല്ലക്കര, കെ.എസ്.ഹരികുമാർ , കെ.സുനിൽകുമാർ, പ്രൊഫ. വി.എം.ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.



തൃപ്പൂണിത്തുറ കിഴക്കേ കോട്ടയിൽ നടന്ന കർഷക സമര ഐക്യദാർഢ്യ സമ്മേളനം ജസ്റ്റിസ് കെ.കെമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു

സംഗമത്തിന്റെ ഭാഗമായി നടന്ന സംഘചിത്രരചന കവിയും ചിത്രകാരനുമായ സദ് കലാവിജയൻ ഉദ്ഘാടനം ചെയ്തു. നാടൻ പാട്ടുകാരുടെ കൂട്ടായ്മക്ക് ഭാസി ഇരുമ്പനം, കെ.വി.സന്തോഷ്, രാജു ഗുരുവായൂർ എന്നിവർ നേതൃത്വം നൽകി. തെരുവുനാടകത്തിന് സി.കെ.ശിവദാസൻ, എം.കെ.ഉഷ,നന്ദഗോപൻ,കെ.കെ. ഭരതൻ എന്നിവർ നേതൃത്വം നൽകി. ■




കൊച്ചി മറൈൻ ഡ്രൈവിൽ ചേർന്ന ഐക്യദാർഢ്യ സംഗമം പ്രൊഫ. എം.കെ.സാനു, പ്രൊഫ.കെ.അരവിന്ദാക്ഷൻ തുടങ്ങിയവർ നയിക്കുന്നു

## കൊച്ചിയിൽ കർഷക പ്രക്ഷോഭ ഐക്യദാർഢ്യ റാലി

**കൊ**ച്ചിയിൽ വിവിധ സാമൂഹിക-സാംസ്കാരിക- കർഷക സംഘടനകളുടെ ആഭിമുഖ്യത്തിൽ കർഷക സമര ഐക്യദാർഢ്യ റാലിയും പൊതുസമ്മേളനവും നടന്നു. കച്ചേരിപ്പടി ഗാന്ധി പ്രതിമയുടെ മുമ്പിൽ നിന്ന് ആരംഭിച്ച റാലി ജസ്റ്റിസ് എൻ.കെ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് മറൈൻഡ്രൈവിൽചേർന്നഐക്യദാർഢ്യ സമ്മേളനം പ്രൊഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്തു. ഫെലിക്സ് ജെ. പുല്ലൂടൻ അദ്ധ്യക്ഷത വഹിച്ചു. കെ. അരവിന്ദാക്ഷൻ, മേയർ കെ. അനിൽകുമാർ, സൂസൻ ജോൺ, സി.വി.ബിജു, കെ.ഒ. സുധീർ, സി.ബി. അശോകൻ തുടങ്ങി നിരവധി സംഘടനാ നേതാക്കൾ പ്രസംഗിച്ചു.

ഐക്യദാർഢ്യ പ്രതിജ്ഞയും മുതിർന്ന കർഷകനെ ആദരിക്കലും നടന്നു. ■

*(10-ാം പേജിൽ നിന്ന്)*

ന് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് ഗാന്ധിസ്ക്വയറിൽ ഐക്യദാർഢ്യ സംഗമവും സംഘ ചിത്രരചനയും നടത്തി. പ്രമുഖ ചിത്രകാരനും സാമൂഹ്യ പ്രവർത്തകനുമായ ആർ പാർത്ഥസാരഥി വർമ്മ സംഘ ചിത്രരചന ഉദ്ഘാടനം ചെയ്തു. കെ ജി അനിൽകുമാർ, ആർ പ്രകാശം, സതീഷ് പറക്കോട്, ബിനു ബേബി, വിധു, അനഘ അനിൽ, മൂന്നാം ക്ലാസ്സുകാരൻ നിഹാർ ബിഎൽ തുടങ്ങിയവർ ചിത്രങ്ങളിലൂടെ കർഷകർക്ക് ഐക്യദാർഢ്യമർപ്പിച്ചു. പശ്ചിമഘട്ട സംരക്ഷണ സമിതി ജില്ലാ സെക്രട്ടറിയുമായ റജി മലയാലപ്പുഴ, ജോർജ് മാത്യു കൊടുമൺ എന്നിവർ പ്രസംഗിച്ചു.



ഡിസംബർ 21, 22, 23 തീയതികളിൽ സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ നടന്ന ത്രിദിന ഐക്യദാർഢ്യ സംഗമം ബത്തേരി രൂപതാ ബിഷപ്പ് ഡോ.ജോസഫ് മാർ തോമസ് ഉദ്ഘാടനം ചെയ്യുന്നു

തിരുവല്ലയിൽ നടന്ന ഐക്യദാർഢ്യസംഗമം ഡോ.ഗീവർഗ്ഗീസ് മാർ കൂറീലോസ് മെത്രാപ്പൊലീത്ത ഉദ്ഘാടനംചെയ്തു. എസ്. രാധാമണി, ഡോ. സൈമൺ ജോൺ, പ്രൊഫ.ബിജി അബ്രഹാം, അഡ്വ. പ്രസാദ്, ബിജോയ് ഡേവിഡ്, ബിജു വി ജേക്കബ്, ഏകലവ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എസ്‌യുസിഐ(സി) പത്തനംതിട്ട ജില്ലാ കമ്മിറ്റി വാഹന പ്രചരണ ജാഥ സംഘടിപ്പിച്ചു. 2020 ഡിസംബർ 19ന് പത്തനംതിട്ട പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ ജില്ലാ കമ്മിറ്റിയംഗം കെ.ജി.അനിൽകുമാർ ഉദ്ഘാടനം ചെയ്തു. 9 ദിവസമായി നടന്ന പ്രചരണ ജാഥയിൽ 30 യോഗങ്ങൾ നടത്തി. ■



ഡിസംബർ 22ന് പോത്തൻകോട് ജംഗ്ഷനിൽ നടന്ന ഐക്യദാർഢ്യ സമ്മേളനം പ്രശസ്ത ചലച്ചിത്ര താരം പ്രേംകുമാർ ഉദ്ഘാടനം ചെയ്യുന്നു

## ആശാവർക്കർമാരുടെ ആലപ്പുഴ കളക്ട്രേറ്റ് മാർച്ച്

**ആ**ശാവർക്കർമാരെ ആരോഗ്യവകുപ്പിൽ സ്ഥിരപ്പെടുത്തുക, പ്രതിമാസവേതനം 21000രൂപയാക്കുക, പൾസ് പോളിയോ അലവൻസ് 600 രൂപയാക്കുക, എല്ലാമാസവും അഞ്ചാംതീയതിക്കുള്ളിൽ വേതനം നൽകുക, പ്രതിമാസം 15000രൂപ കോവിഡ് റിസ്ക് അലവൻസ് അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള ആശാഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കളക്ട്രേറ്റിലേയ്ക്ക് നടന്ന മാർച്ച് ജനറൽ സെക്രട്ടറി എം.എ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. ■



## സെക്രട്ടേറിയറ്റിനു മുന്നിൽ കെ റെയിൽ പദ്ധതിക്കെതിരെ പ്രതിഷേധ സംഗമം

**കെ** റയിൽ പദ്ധതി പൂർണമായും ഉപേക്ഷിക്കുക എന്ന ആവശ്യമുയർത്തി സെക്രട്ടേറിയറ്റിനു മുമ്പിൽനടന്നപ്രതിഷേധസംഗമം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. കാസർകോടുമുതൽ തിരുവനന്തപുരംവരെ പാത കടന്നുപോകുന്ന ജില്ലകളിലെ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പ്രതിനിധികളും, ജനകീയ സമരനേതാക്കളും, പരിസ്ഥിതി സംഘടനാ പ്രതിനിധികളും സംഗമത്തിൽ പങ്കെടുത്തു. കെ റെയിൽ വിരുദ്ധ ജനകീയ സമിതി ചെയർമാൻ എം.പി ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു. കൺവീനർ എസ്.രാജീവൻ സ്വാഗതം പറഞ്ഞു. വിവിധ ജില്ലകളിൽ നിന്നുള്ള സമരനേതാക്കളായ ബി.നസീർ, ചാക്കോച്ചൻ മണലേൽ,അരുൺബാബു,ഫാദർ ഗീവർഗീസ് തരകൻ, മുണ്ടേല ബഷീർ, സി.കെ ശിവദാസൻ, ഗോപീകൃഷ്ണൻ ഇ.പി, ഫിലിപ്പ്കുട്ടി, എം.കെ ഷഹസാദ്, ഷറഫ് കുണ്ടറ, കെ.എസ് പ്രസാദ് വർക്കല, അജിത്ത് ശംഖുമുഖം, ജെ.എ നൗഫൽ, എ.ഷൈജു എന്നിവർ സംസാരിച്ചു. ■



സെക്രട്ടേറിയറ്റിന് മുൻപിൽ നടന്ന പ്രതിഷേധ സംഗമം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).